POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 2

ലക്കം 39

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 സെപ്റ്റംബർ 28/ഹി:ശം:1396 തബൂക് 28/ഹി:ഖ: 1439 മുഹർറം 7


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 25-08-2017 ന് DM Arena കാൽസ്റുഹെ (Karlsruhe)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ഞാൻ സത്യമാണ് പറയുന്നത് അല്ലാഹുവിന്റെ പേരിൽ ആണയിട്ടാണ് പറയുന്നത്.**
**ഞാനും എന്റെ ജമാഅത്തും മുസ്ലിമാണ്. ഞങ്ങൾ ഹദ്റത്ത് നബി(സ)തിരുമേനിയിലും**
**വിശുദ്ധഖുർആനിലും സത്യസന്ധനായ ഒരു മുസ്ലിം വിശ്വസിക്കേണ്ടതുപോലെ വിശ്വസിക്കുന്നവരാണ്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

വളരെ ദുഃഖവും വേദനയും നിറഞ്ഞ ഹൃദയത്തോടെ പറയട്ടെ, എന്റെ സമുദായം ധിറുതി കാണിച്ചുവെന്ന് മാത്രമല്ല വളരെ ക്രൂരതയും ചെയ്തു. വെറും ഈസാനബിയുടെ മരണത്തെ സംബന്ധിച്ച ഒരു പ്രശ്നം മാത്രമായിരുന്നു. അത് ഞാൻ വിശുദ്ധ ഖുർആനും നബി(സ) തിരുമേനിയുടെ സുന്നത്തും സ്വഹാബാക്കളുടെ ഏകകണ്ഠമായ അഭിപ്രായവും ബുദ്ധിപരമായ തെളിവുകളും മുൻഗ്രന്ഥങ്ങളും കൊണ്ട് സ്ഥാപിച്ചിരുന്നതാണ്. സ്ഥാപിക്കുകയും ചെയ്യുന്നു. ഹനഫി മദ്ഹബ് അനുസരിച്ച് ഹദീഥിന്റെ വിധി, അനുമാനപ്രമാണം, ശരീഅത്തുപരമായ പ്രമാണങ്ങൾ എന്നോടൊപ്പമായിരുന്നു. എന്നാൽ, ഇക്കൂട്ടർ എന്നോടു പൂർണമായും ചോദിക്കുന്നതിനും എന്റെ പ്രമാണങ്ങൾ കേൾക്കുന്നതിനുംമുമ്പേ ഈ പ്രശ്നത്തെ എതിർത്തുകൊണ്ട് എത്രത്തോളം അതിരു കവിഞ്ഞെന്നാൽ എന്നെ കാഫിർ എന്ന് മുദ്രകുത്തി. അവർക്കു തോന്നിയതൊക്കെ പറഞ്ഞു. അതൊക്കെ എന്റെ പേരിൽ ഇടുകയും ചെയ്തു. ആദ്യമെതന്നെ എന്നോടു ചോദിക്കുക എന്നത് സത്യസന്ധതയുടേയും സൽപ്രവർത്തനത്തിന്റേയും ഭയഭക്തിയുടേയും തേട്ടമായിരുന്നു. ഞാൻ അല്ലാഹു പറഞ്ഞതിനേയും അല്ലാഹുവിന്റെ റസൂൽ പറഞ്ഞതിനേയും ലംഘിച്ചിരുന്നുവെങ്കിൽ നിസംശയം അവർ ആഗ്രഹക്കുന്നതെന്തും എന്നെ പറയാമായിരുന്നു; ദജ്ജാൽ കദ്ദാബ് തുടങ്ങിയവ! എന്നാൽ, വിശുദ്ധഖുർആനേയും നബി(സ) തിരുമേനിയേയും അനുഗമിക്കുന്നതിൽനിന്ന് അല്പംപോലും അങ്ങോട്ടുമിങ്ങോട്ടും വ്യതിചലിക്കുന്നത് വഞ്ചനയായി മനസ്സിലാക്കുന്നുവെന്ന് ആരംഭംതൊട്ടുതന്നെ ഞാൻ വിവരിച്ചു വന്നിട്ടുള്ളതാണ്. അതിനെ അല്പംപോലും ഉപേക്ഷിക്കുന്നവൻ നരകാവകാശിയാണെന്നാണ് എന്റെ ഉറച്ച വിശ്വാസം. ഞാൻ ഈ വിശ്വാസത്തെക്കുറിച്ച് എന്റെ പ്രഭാഷണങ്ങളിൽ മാത്രമല്ല 60ൽപരം ഗ്രന്ഥങ്ങളിലും വിശദീകരിച്ചിട്ടുണ്ട്. എനിക്ക് രാവും പകലും ഇതേ ചിന്തയും വിചാരവുമാണുള്ളത്. എതിരാളികൾ അല്ലാഹുവിനെ ഭയപ്പെട്ടിരുന്നെങ്കിൽ ഇന്നകാര്യം ഇസ്ലാമിലില്ലാത്തതാണെന്നും അതിന് കാരണമെന്താണെന്നും ഇതിന് നീ എന്തു മറുപടിയാണ് നല്കുന്നതെന്നും എന്നോടു ചോദിക്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ, അങ്ങനെ ഉണ്ടായില്ല. അതിനെ ഒട്ടും വകവെച്ചില്ല; ഇവരുടെ ഈ ചെയ്തികളെ ഞാൻ അങ്ങേയറ്റം അത്ഭുതത്തോടുകൂടിയാണ് കാണുന്നത്.

ഒന്നാമതായി ഈസാ നബിയുടെ ജീവന്മരണപ്രശ്നം ഇസ്ലാമിൽ പ്രവേശിക്കുന്നതിന് നിദാനമായ ഒരുപാധിയല്ല. ഇവിടെയും ഇസ്ലാംമതം ആശ്ലേഷിക്കുന്ന ഹിന്ദുക്കളോടും ക്രിസ്ത്യാനികളോടും നിങ്ങൾ ഈ പ്രതിജ്ഞയെടുക്കാറുണ്ടോ? ഇതിന്റെ അടിസ്ഥാനപരമായ ആറു കാര്യങ്ങൾ *ആമൻതു ബില്ലാഹി വമലായിക്കത്തിഹീ വകുതുബിഹീ വറുസൂലിഹീ വൽഖദ്രി ഖയ്രിഹീ വശർറിഹീ മിനല്ലാഹിതആല വൽബഅ്ഥ ബഅ്ദൽമൗത്തി* അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ പ്രവാചകന്മാരിലും നന്മയും തിന്മയും ദൈവവിധിയിൽപെട്ടവയാണെന്നതിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുക എന്നാണല്ലോ. അപ്പോൾ ഈസാനബിയുടെ മരണത്തെക്കുറിച്ചുള്ള എന്റെ പ്രഖ്യാപനം നിമിത്തം എന്തിനാണ് എന്നെ കാഫിർ എന്നും ദജ്ജാലെന്നും വിളിക്കുകയും എന്റെ അനുയായികളെ മുസ്ലിംകളുടെ പൊതുശ്മശാനങ്ങളിൽ മറയടക്കം ചെയ്യരുതെന്നും അവരുടെ സ്വത്തും മുതലും കൊള്ളയടിക്കൽ അനുവദനീയമാണെന്നും അവരുടെ സ്ത്രീകളെ നിക്കാഹ് ചെയ്യാതെതന്നെ തങ്ങളുടെ വീടുകളിൽ വെക്കാവുന്നതാണെന്നും അവരെ വധിക്കുന്നത് പുണ്യകർമമാണെന്നും ഫത്വ കൊടുത്തുകൊണ്ട് ഈ ധാർഷ്ഠ്യം കാണിക്കുന്നത്?

ഒരുകാലത്ത് ഈ മൗലവിമാർ പറഞ്ഞുകൊണ്ടിരുന്നത് ഒരാളിൽ കുഫ്റിന്റെ 99 കാരണങ്ങൾ കണ്ടാലും അയാളിൽ ഈമാനിന്റെ ഒരേയൊരു കാരണം മാത്രം കാണപ്പെടുകയാണെങ്കിൽ അയാൾക്കെതിരെ കുഫ്റ് ഫത്വ പുറപ്പെടുവിക്കുവാൻ പാടില്ലെന്നും അയാളെ മുസ്ലിമായിത്തന്നെ ഗണിക്കണമെന്നുമായിരുന്നു. എന്നാൽ ഇപ്പോൾ എന്തുണ്ടായി? ഞാൻ അയാളെക്കാൾ മോശപ്പെട്ടവനായിത്തീർന്നുപോയോ? ഞാനും എന്റെ ജമാഅത്തും *അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹൂ* എന്ന കലിമയല്ലേ ഉച്ചരിക്കുന്നത്. ഞാനും എന്റെ അനുയായികളും നമസ്കരിക്കുകയും റമളാനിൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവരല്ലേ? ഹദ്റത്ത് നബി(സ)തിരുമേനി കല്പിച്ച ഇസ്ലാമിന്റെ എല്ലാ വിശ്വാസാദർശങ്ങളേയും വിശ്വസിച്ച് അനുഷ്ഠിക്കുന്നവരല്ലേ.

ഞാൻ സത്യമാണ് പറയുന്നത് അല്ലാഹുവിന്റെ പേരിൽ ആണയിട്ടാണ് പറയുന്നത്. ഞാനും എന്റെ ജമാഅത്തും മുസ്ലിമാണ്. ഞങ്ങൾ ഹദ്റത്ത് നബി(സ)തിരുമേനിയിലും വിശുദ്ധഖുർആനിലും സത്യസന്ധനായ ഒരു മുസ്ലിം വിശ്വസിക്കേണ്ടതുപോലെ വിശ്വസിക്കുന്നവരാണ്. ഒരണുഅളവെങ്കിലും ഇസ്ലാമിന്റെ വൃത്തത്തിൽനിന്ന് പുറത്ത് കാലെടുത്തുവെക്കുന്നത് നാശത്തിനുള്ള നിമിത്തമായിത്തീരുന്നുവെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഒരാൾക്ക് എത്രകണ്ട് ദൈവാനുഗ്രഹം ആർജിക്കുവാനും എത്രകണ്ട് ദൈവസാമീപ്യം പ്രാപിക്കുവാനും സാധിക്കുമോ അത് ഹദ്റത്ത് നബി(സ)തിരുമേനിയോടുള്ള യഥാർഥമായ അനുസരണവും പൂർണമായ സ്നേഹവും അനുരക്തിയുംമൂലം മാത്രമേ സാധിക്കുകയുള്ളൂ. അല്ലാതെകണ്ടില്ല. ആ പുണ്യാത്മാവിനെ കൈവിട്ടുകൊണ്ട് അത് ആർജിക്കുവാനുള്ള വേറൊരു വഴിയുമില്ലതന്നെ. മസീഹ് നാസ്വിരി (അ) സ്ഥൂലശരീരത്തോടുകൂടി ആകാശത്തിൽ ഇതഃപര്യന്തം ജീവിച്ചിരിക്കുന്നുവെന്ന് ഞാനൊരിക്കലും വിശ്വസിക്കുന്നില്ലെന്ന കാര്യവും സത്യമാണ്. കാരണം ഈ വിശ്വാസം നബിപുംഗവനായ നബി(സ) തിരുമേനിക്ക് ഏറ്റവും വലിയ അപമാനവും അവഹേളനവും ഉണ്ടാക്കുന്ന ഒന്നാണ്. ഒരു നിമിഷനേരത്തേക്കുകൂടി ഈ അപമാനത്തെ താങ്ങുവാൻ എനിക്ക് സാധ്യമല്ല. ഹദ്റത്ത് മുഹമ്മദ് നബി(സ) തന്റെ 63-ാമത്തെ വയസ്സിൽ ദിവംഗതനായെന്ന് എല്ലാവർക്കും അറിയാം. അദ്ദേഹത്തിന്റെ റൗളാശരീഫ് പരിശുദ്ധ മദീനയിലാണുള്ളതെന്നും എല്ലാവർക്കുമറിയാം. ഓരോ വർഷവും ആയിരക്കണക്കിലും ലക്ഷക്കണക്കിലും ഹാജിമാർ അവിടെ ചെല്ലുന്നു. ഹദ്റത്ത് ഈസാനബി മരിച്ചുപോയിരിക്കുന്നുവെന്ന് പറയുന്നത് അദ്ദേഹത്തോട് കാണിക്കുന്ന മര്യാദകേടാണെങ്കിൽ ഹദ്റത്ത് നബി(സ)തിരുമേനിയോട് ഈ മര്യാദകേട് എങ്ങനെ പൊരുത്തപ്പെടും? എന്നാൽ, നിങ്ങൾ വളരെ സന്തോഷത്തോടുകൂടി നബി(സ) തിരുമേനി മരണപ്പെട്ടു എന്നു പറയുകയും മൗലൂദുകാർ അദ്ദേഹത്തിന്റെ മരണസംഭവങ്ങൾ വളരെ ഈണത്തിൽ വിവരിക്കുകയും ചെയ്യുന്നു. ആ സ്ഥിതിയിൽ ഈസാനബി മരിച്ചുപോയി എന്ന് പറയുമ്പോൾ എന്തിന് ഇന്നിവർ വികാരവിജ്രംഭിതരായിത്തീരുന്നു? ഈ വികാരാവേശം നിങ്ങൾക്ക് നബി(സ) തിരുമേനിയുടെ വിയോഗവാർത്തയിൽ എന്തുകൊണ്ട് ഉണ്ടാകുന്നില്ല. ഖാത്തമുന്നബിയ്യീനും ലോകാനുഗ്രഹിയുമായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ മരണവാർത്ത സസന്തോഷം സ്വീകരിക്കുന്ന നിങ്ങൾ ആ പുണ്യാത്മാവിന്റെ പാദരക്ഷയുടെ വാറഴിക്കാൻകൂടി യോഗ്യതയില്ലാത്ത ഒരാൾ മരിക്കാതെ ഇന്നും ജീവനോടെയിരിക്കുന്നുണ്ടെന്ന് ഉറച്ച് വിശ്വസിക്കുകയും അദ്ദേഹത്തെക്കുറിച്ച് മരണമെന്ന വാക്ക് ഉച്ചരിക്കുകയും ചെയ്യുമ്പോൾ ക്ഷോഭിക്കുകയും ചെയ്യുന്നത് കാണുമ്പോൾ വളരെ പരിതാപവും ദുഃഖവും തോന്നുന്നു. നബി(സ) തിരുമേനി ഇതഃപര്യന്തം മരിക്കാതെ ജീവനോടുകൂടി ഇരിക്കുന്നുവെന്നാണ് ഇവർ പറയുന്നതെങ്കിൽ തെറ്റില്ലായിരുന്നു. കാരണം അദ്ദേഹം എന്നെന്നും നിലനില്ക്കുന്ന നിസ്തുല്യമായ ഹിദായത്തുമായിട്ടാണ് അവതീർണരായിരിക്കുന്നത്. ആരംഭംതൊട്ട് ഇന്നേവരെ ആ പുണ്യാത്മാവ് കാണിച്ചതുപോലുള്ള ജീവിതമാതൃകയും മാർഗദർശനവും മറ്റാരും തന്നെ കാണിച്ചിരുന്നില്ല.

**ശേഷം പേജ് 12ൽ**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

**23 ഏപ്രിൽ 2017**

**വാഖ്ഫാത്തെ നൗ പെൺകുട്ടികളുടെ ക്ലാസ്**

☆ഒരു കുട്ടി ചോദിച്ചു: മൂന്നാം ലോക മഹായുദ്ധത്തിനുശേഷം സർവവും നശിച്ചൊടുങ്ങുമോ? അതിനുശേഷം ജമാഅത്ത് പരസ്പരം എങ്ങനെയാണ് ബന്ധപ്പെടുക?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: സർവവും നശിച്ചൊടുങ്ങുമെന്ന് നിങ്ങളോടു ആരാണ് പറഞ്ഞത്? മൂന്നാംലോക മഹായുദ്ധം ഉണ്ടാകും. പക്ഷേ, ഒരുപാട് രാജ്യങ്ങൾ രക്ഷപ്പെടുകയും ചെയ്യും. സർവവും നശിച്ചൊടുങ്ങുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

ആഗ് ഹെ പർ ആഗ് സെ വൊ
സബ് ബച്ചായെ ജായേംഗെ
ജോ കെ രഖ്തെ ഹെ ഖുദായെ
ദുൽഅജാഇബ് സെ പ്യാർ

അഗ്നിയുടെമേൽ അഗ്നിയായാൽത്തന്നെയും അത്ഭുതങ്ങൾ കാണിക്കുന്നവനായ അല്ലാഹുവിനെ സ്നേഹിക്കുന്നവർ രക്ഷിക്കപ്പെടുന്നതാണ്.

അതിനാൽ അല്ലാഹുവിനെ സ്നേഹിക്കുക. അല്ലാഹുവുമായി ബന്ധം പുലർത്തുക. എന്നാൽ, മഹായുദ്ധത്തിന്റെ അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: യുദ്ധത്തിനുശേഷം രക്ഷപ്പെടുന്നവർക്ക് കുറഞ്ഞ പക്ഷം യുദ്ധമുണ്ടാകുമെന്ന് ആദ്യമെ പറഞ്ഞിട്ടുള്ളതാണെന്ന അറിവ് ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് അതിനുശേഷം ധാരാളമാളുകൾ ഇസ്ലാമിൽ പ്രവേശിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. മറ്റു ബന്ധങ്ങൾ സാറ്റ്ലൈറ്റുഫോൺമുഖേന നടക്കുന്നതാണ്. ഓരോ ജമാഅത്തിലും ഒരു സാറ്റ്ലൈറ്റ് ഫോൺ വെക്കുകയാണെങ്കിൽ അത് നല്ലതാണ്.

☆ഒരു കുട്ടി ചോദിച്ചു: ആൺകുട്ടികൾക്ക് മൈലാഞ്ചി ഇടാറില്ല. പക്ഷേ, മൈലാഞ്ചി ഇടുന്ന രാത്രിയിൽ അവരുടെ സഹോദരിമാർ അല്ലെങ്കിൽ സഹോദരന്മാർ തുടങ്ങിയവർക്ക് പാട്ടുകൾ തുടങ്ങിയവ പാടാമോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മൈലാഞ്ചിയിടൽ നിർബന്ധമാണെന്ന് ശരീഅത്തിൽ എവിടെയാണ് പറഞ്ഞിരിക്കുന്നതെന്ന് എനിക്ക് പറഞ്ഞുതരിക. ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയിരിക്കുന്നു, ശരീഅത്തിന്റെ അടിസ്ഥാനത്തിൽ വലീമ എന്ന ഒരേയൊരു പരിപാടിയെ ഉള്ളു. അതു നിർബന്ധമാണ്. ആ അവസരത്തിൽ പെൺകുട്ടികൾ പാട്ടുപാടനാഗ്രഹിക്കുന്നെങ്കിൽ പാടാവുന്നതാണ്. ഇപ്രകാരം അടുത്ത ബന്ധുക്കൾ അണിഞ്ഞൊരുങ്ങുന്നുവെങ്കിൽ ഒരുങ്ങുക. അതിൽ കുറ്റമൊന്നുമില്ല. പക്ഷേ, നിർബന്ധമായും ചെയ്യണം എന്ന നിലയ്ക്കുള്ള അനിവാര്യ കാര്യമൊന്നുമല്ല അത്. പക്ഷേ, അത്ര കടുംപിടിത്തം കാണിക്കേണ്ട കാര്യവുമില്ല. വീട്ടിലിരുന്ന് സഹോദരി സഹോദരൻ, ജ്യേഷ്ഠന്റെ ഭാര്യമാർ, മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ, മാതുലന്മാർ, പിതൃസഹോദരിമാർ തുടങ്ങിയവർ ഒരുമിച്ചുകൂടുകയും സന്തോഷമുണ്ടാകുകയും ചെയ്യുമ്പോൾ കുറ്റമൊന്നുമില്ല.

☆ഒരു കുട്ടി ചോദിച്ചു: ഞങ്ങളുടെ ഹൽഖയിലെ ഒരു ലജ്ന പറഞ്ഞു: അവർ ഏതോ ഡോക്ടറുടെ അടുക്കൽ പോയിരുന്നു. ഡോക്ടർ കൈ നീട്ടി. അവർ കൈകൊടുത്തു. കൈകൊടുക്കാൻ പാടില്ലെന്ന് അപ്പോൾ ഞാൻ പറഞ്ഞു. അദ്ദേഹത്തിന്റെ മനസ്സിൽ ദോഷമൊന്നും ഉണ്ടായിരുന്നില്ല. എന്റെ മനസ്സിലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് കൈകൊടുക്കുന്നതുകൊണ്ട് ഒന്നുമില്ലെന്ന് അപ്പോൾ ആൻഡി പറഞ്ഞു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അവർ പറയുന്നത് തെറ്റാണ്. മനസ്സിൽ ദോഷമൊന്നുമില്ലെങ്കിൽ കൈകൊടുക്കാമെന്ന് എവിടെയാണ് എഴുതിയിട്ടുള്ളത്? ഇസ്ലാമിക കല്പനകൾ സാധ്യതയുള്ള എല്ലാ കാര്യങ്ങളേയും കവർ ചെയ്യുന്നുവെന്ന് ഞാൻ മുമ്പേയും പറഞ്ഞിട്ടുള്ളതാണ്. നൂറിൽ 90% സ്ത്രീപുരുഷന്മാർ കൈകൊടുക്കുന്നുവെങ്കിൽ അവരുടെ മനസ്സിൽ ദോഷമൊന്നുമുണ്ടാകുകയില്ല. പക്ഷേ, എന്നിട്ടും അല്ലാഹു നിരോധിച്ചു. നഊദുബില്ലാഹ് നബി(സ) തിരുമേനിയുടെ മനസ്സിൽ സ്ത്രീകളെ സംബന്ധിച്ച് എന്തെങ്കിലും ദോഷമുണ്ടായിരുന്നുവോ? അല്ലെങ്കിൽ നബി(സ) തിരുമേനിയെ സംബന്ധിച്ച് സ്ത്രീകളുടെ മനസ്സിൽ എന്തെങ്കിലും ദോഷമുണ്ടായിരുന്നുവോ? സ്ത്രീകൾ ബയ്അത്തു ചെയ്യാൻ കൈനീട്ടുകയും പക്ഷേ, അവിടന്ന് സ്ത്രീകൾക്ക് കൈകൊടുത്ത് ബയ്അത്തു വാങ്ങാതിരിക്കുകയും ചെയ്ത ഒരുപാട് സംഭവങ്ങൾ ലഭിക്കുന്നുണ്ട്. നാം സ്ത്രീകൾക്ക് കൈകൊടുത്ത് ബയ്അത്ത് വാങ്ങാറില്ലെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. നബി(സ)തിരുമേനിയുടെ ഒരുപാട് സംഭവങ്ങൾ ഹദീഥുകളിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. ബയ്അത്ത് എന്നത് ഒരു പരിശുദ്ധ കർമമാണ്. നബി (സ) തിരുമേനിയുടെ സ്ഥാനം നോക്കുക. എന്നിട്ടും താൻ സ്ത്രീകൾക്ക് കൈകൊടുക്കാറില്ലെന്ന് നബി(സ)തിരുമേനി പറഞ്ഞു. അതിനുശേഷം മറ്റെന്തു ദോഷമാണ് ബാക്കിയുള്ളത്? ഇതെല്ലാം തന്ത്രങ്ങളാണ്. ആളുകൾ തങ്ങളുടെ അധ്യാപനം പറയുന്നതിനും സ്വന്തം വിശ്വാസം ദൃഢമാക്കുന്നതിനും പകരം ഈ സമൂഹത്തിൽവന്ന് ഭയക്കുകയാണ്. അവരുടെ ചുറ്റുപാടിൽ ഇഴുകിച്ചേരുക എന്നത് ഭീരുത്വമാണ്. ഏതു സ്ത്രീയാണ് അങ്ങനെ ചെയ്തതെങ്കിലും അവർ അങ്ങേയറ്റം ഭീരുവാണ്.

☆അതേ കുട്ടി ചോദിച്ചു: എന്റെ രണ്ടാമത്തെ ചോദ്യം പർദയുമായി ബന്ധപ്പെട്ടതാണ്. പർദ ധരിക്കാൻ ചില സ്ത്രീകളോടു പറയുമ്പോൾ ഇവിടെ അഹ്മദികളാരുമില്ല, അതുകൊണ്ട് പർദ വേണ്ടെന്ന് അവർ പറയുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പർദ അഹ്മദികളുടെ മുമ്പിൽ മാത്രം ചെയ്യാനുള്ളതാണോ? അഹ്മദികളുടെ മുമ്പിൽമാത്രം പർദ ധരിക്കണമെന്ന് എവിടേയും എഴുതിയിട്ടില്ലെന്ന് ആ സ്ത്രീകളോടു പറയുക. മറിച്ച് പർദയുടെ കല്പന വരുന്നതിനുമുമ്പേ ഒരു മുസ്ലിം സ്ത്രീയോടു ഒരു യഹൂദി വളരെ മോശമായി പെരുമാറിയിരുന്നു. അവരുടെ തട്ടംതുടങ്ങിയവ വലിച്ചെടുക്കാൻ ശ്രമിച്ചു. അല്ലെങ്കിലും അല്ലാഹു എന്തായാലും പർദയുടെ കല്പന ഇറക്കേണ്ടതുതന്നെയായിരുന്നു. പക്ഷേ, ഇതും അതിന് ഒരു കാരണമായി. നിങ്ങൾ അഹ്മദികളുടെ മുമ്പിൽമാത്രം പർദ ധരിക്കണമെന്ന് എവിടേയും എഴുതിയിട്ടില്ല. അഹ് മദികളിൽനിന്ന് മാത്രമാണോ ഭീഷണിയുള്ളത്? അനഹ്മദികളിൽനിന്ന് ഒരു ഭീഷണിയുമില്ലേ? നിങ്ങൾ മുസ്ലീംകളുടെ മുമ്പിൽമാത്രം പർദ ധരിക്കുക എന്ന് വിശുദ്ധ ഖുർആനിൽ എവിടേയും എഴുതിയിട്ടില്ല. വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നത് നിങ്ങളുടെ തട്ടം നിങ്ങളുടെ തലയിലിടുകയും നിങ്ങളുടെ പുതപ്പ് കൊണ്ട് നിങ്ങളുടെ നെഞ്ച് മറയ്ക്കുകയും ചെയ്യുക എന്നാണ്. അതുകൊണ്ട് അവർ അങ്ങനെ പറയുന്നെങ്കിൽ തെറ്റാണ് പറയുന്നത്. അവർ തന്റെ പുതിയ ശരീഅത്ത് പ്രചരിപ്പിക്കുകയാണ്. നിങ്ങളുടെ അനാചാരങ്ങൾ ഉണ്ടാക്കാതിരിക്കുകയും അവരവരുടെ ശരീഅത്ത് പ്രചരിപ്പിക്കാതിരിക്കുകയും ചെയ്യുക എന്ന് അവരോടു പറയാനാണ് നിങ്ങൾ വാഖ്ഫാത്തെ നൗ ആയിരിക്കുന്നത്. നിങ്ങൾ അവരെ നന്നാക്കേണ്ടതാണ്. ഇപ്പോൾ എന്റെ മുമ്പിൽ വഖ്ഫ് ചെയ്യപ്പെട്ട 230 കുട്ടികളാണ് ഇരിക്കുന്നത്. ഇവരെല്ലാവരും പരിഷ്കരണത്തിനായി എഴുന്നേറ്റു നിന്നാൽ സ്വയമേവ ആളുകളുടെ ബുദ്ധി നന്നായിത്തീരുന്നതാണ്.

☆മറ്റൊരു കുട്ടി പർദയെ സംബന്ധിച്ച് ചോദിച്ചു: ഞങ്ങൾ ഏതെങ്കിലും ജോലിക്കുവേണ്ടി അപേക്ഷിക്കുമ്പോൾ ആദ്യമായി അവർ പറയുന്ന നിബന്ധന നിങ്ങൾ പർദധരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ഈ ജോലി ചെയ്യാൻ സാധിക്കുകയില്ലെന്നാണ്. അപ്പോൾ ഞങ്ങളെന്താണ് ചെയ്യേണ്ടത്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞചെയ്തിട്ടുള്ള നിങ്ങൾ ആദ്യം നോക്കേണ്ടത് അത് പൂർത്തിയാക്കണോ വേണ്ടേ എന്നാണ്. ജോലി നിർബന്ധമാണോ എന്ന് നിങ്ങൾ നിങ്ങളുടെ മനസ്സാക്ഷിയോടു ചോദിക്കുക. വിശപ്പുകൊണ്ടു മരിക്കുകയാണെങ്കിൽ പന്നിയിറച്ചി ഭക്ഷിക്കാനും അനുവാദമുണ്ട്. വിശപ്പുകൊണ്ടു മരിക്കുന്നില്ലെങ്കിൽ, നിത്യവൃത്തി നടന്നുപോകുന്നുവെങ്കിൽ ജോലിക്കുവേണ്ടിമാത്രം നിങ്ങൾ നിങ്ങളുടെ പർദ ഉപേക്ഷിക്കുന്നതിന് ഒരു ന്യായീകരണവുമില്ല. അതേ ആരെങ്കിലും വിശപ്പുകൊണ്ടു മരിക്കുന്നുവെങ്കിൽ ജീവിതം മുന്നോട്ടു പോകുന്നില്ലെങ്കിൽ മറ്റൊരു മാർഗവും കാണുന്നില്ലെങ്കിൽ താൽക്കാലികമായി ജോലി സമയത്ത് അത് ഊരി വെക്കുക. പക്ഷേ, അവിടന്ന് ഇറങ്ങിക്കഴിഞ്ഞാൽ ഉടനെ പർദ ധരിക്കേണ്ടതാണ്. ചില പ്രൊഫഷണലുകളുണ്ട്. സയന്റിസ്റ്റുകളുണ്ട്. ഡോക്ടേഴ്സുണ്ട്. അവർക്ക് അവരുടേതായ വസ്ത്രമുണ്ട്. അത് അവർക്ക് ധരിക്കേണ്ടി വരുന്നു. അത് നിബന്ധിതാവസ്ഥയാണ്. അവിടെ പർദ അണിഞ്ഞുകൊണ്ട് പോകാൻ സാധിക്കുകയില്ല. ലാബ്രോട്ടറിയാണ്. അല്ലെങ്കിൽ ഓപ്പറേഷൻ തിയറ്ററായിരിക്കും. അതിൽ അവർ ആ പ്രത്യേക വസ്ത്രം ധരിക്കുക. പക്ഷേ, അതിനുശേഷം പർദ ധരിക്കേണ്ടതാണ്.

☆ഒരു കുട്ടി ചോദിച്ചു: എനിക്ക് രണ്ടു കുട്ടികളുണ്ട്. അവർക്ക് ഒരു രോഗമുണ്ട്. അത് കസിൻമ്യാരേജ് കാരണത്താലാണെന്ന് പറയുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതേ അസുഖം യൂറോപ്പിൽ, ഇവിടത്തെ മറ്റു ആളുകളിൽ കാണുന്നുവെങ്കിൽ അത് കസിൻമ്യാരേജ് കാരണത്താലാണോ ഉണ്ടാകുന്നത്? ഈ രോഗം ജർമൻകാരിലുമുണ്ട്. ഇവർ പറയുന്നത് തെറ്റാണ്. അവരുമായി വിവാഹങ്ങൾ നടത്താമെന്ന് വിശുദ്ധ ഖുർആൻ പറയന്നുണ്ടെങ്കിൽ-അത് തലമുറകളായി നടന്നുവരുന്നുമുണ്ട്, എന്റെ സ്വന്തം കുടുംബത്തിൽത്തന്നെ ഒരുപാട് കസിൻസ് അങ്ങോട്ടുമിങ്ങോട്ടും വിവാഹം കഴിച്ചിട്ടുമുണ്ട്-അല്ലാഹുവിന്റെ ഫള്ൽകൊണ്ട് അവരെല്ലാം നല്ല നിലയിൽത്തന്നെയാണുള്ളത്.

ഒരു കുട്ടി പർദയെ കുറിച്ച് ചോദിച്ചു: 'ജൽസാഗാഹിൽ പർദ വില്ക്കാറുണ്ട്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: വില്ക്കുന്ന പർദകളിൽ പർദ കുറവും ഫാഷൻ കൂടുതലുമായിരിക്കുമുണ്ടാകുക. നിങ്ങളുടെ ചോദ്യമിതാണെങ്കിൽ സ്വദർ ലജ്ന അത്തരം പർദകളെ മാർക്കറ്റിൽനിന്ന് നീക്കേണ്ടതാണ്. അത്തരക്കാരെ സ്റ്റാളിടാൻ അനുവദിക്കരുത്.

☆ഒരു കുട്ടി ചോദിച്ചു: ഖബ്ർസ്താനിൽപോയി മറ്റാരുടെയെങ്കിലും ഖബ്റിൽ ദുആ ചെയ്യാമോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: എന്തുകൊണ്ട് ദുആ ചെയ്തുകൂടാ? പരിചയമുള്ളവരുടേയോ അഹ്മദിയുടേയോ ഖബ്റിൽ ദുആ ചെയ്യാവുന്ന

ശേഷം പേജ് 8ൽ

# ഖുത്ബ ജുമുഅ

**ഇന്ന് നമ്മൾ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ സംഘടിച്ചിരിക്കുകയാണ്. നമ്മൾ ഇന്ന് ഇവിടെ ജൽസയ്ക്കു വേണ്ടി സംഘടിച്ചിരിക്കുന്നത് ഏതെങ്കിലും ഭൗതികമായ കോലാഹലത്തിനോ ഭൗതികമായ ഉദ്ദേശ്യത്തിനോ അല്ലെന്ന് എല്ലാ അഹ്മദികൾക്കുമറിയാം. മറിച്ച് നമ്മൾ സംഘടിച്ചിരിക്കുന്നത് ഇവിടെത്തെ പരിപാടികളിൽ പങ്കെടുത്ത് ഒരു ആത്മീയമായ അന്തരീക്ഷത്തിലിരുന്ന് നമ്മുടെ ആത്മീയതയെ വർധിപ്പിക്കുന്നതിനും അല്ലാഹുവിനോടും അവന്റെ മനുഷ്യസൃഷ്ടികളോടുമുള്ള കടമനിറവേറ്റുന്നതിനുമാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ബയ്അത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിനെതിരായ തേട്ടങ്ങളുടെ ചർച്ചയും ജമാഅത്തംഗങ്ങൾക്ക് സുപ്രധാനമായ ഉപദേശങ്ങളും**

**ജൽസയുടെ ദിവസങ്ങളിൽ അവിടേയും ഇവിടേയും ചുറ്റിക്കറങ്ങുന്നതിനുപകരം ജൽസാപരിപാടികളിൽ പങ്കെടുക്കുക. എല്ലാ പ്രസംഗങ്ങളും കേൾക്കുക. ഓരോ പ്രസംഗവും ഏതെങ്കിലുമൊക്കെ രീതിയിൽ വൈജ്ഞാനികവും വിശ്വാസാദാർശപരവും ആത്മീയവുമായ അഭിവൃദ്ധിക്ക് മാർഗമായേക്കാം.**

**അതുപോലെതന്നെ ഇതിൽ പങ്കെടുക്കുന്ന എല്ലാവരും ഡ്യൂട്ടികൾ നിർവ്വഹിക്കുന്നവരോടും പൂർണ്ണമായും സഹകരിക്കുക. ഇതേരീതിയിൽ പ്രവർത്തകരും അവർക്ക് എവിടെയൊക്കെ ഡ്യൂട്ടിയുണ്ടോ സന്തോഷത്തോടുകൂടി എല്ലാവരോടും പെരുമാറേണ്ടതാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**25-8-2017/1396 ളുഹൂർ 25**
**DM Arena കാൽസ്റുഹെ (Karlsruhe)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔ اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഇന്ന് നമ്മൾ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ സംഘടിച്ചിരിക്കുകയാണ്. നമ്മൾ ഇന്ന് ഇവിടെ ജൽസയ്ക്കുവേണ്ടി സംഘടിച്ചിരിക്കുന്നത് ഏതെങ്കിലും ഭൗതികമായ കോലാഹലത്തിനോ ഭൗതികമായ ഉദ്ദേശ്യത്തിനോ അല്ലെന്ന് എല്ലാ അഹ്മദികൾക്കുമറിയാം. മറിച്ച് നമ്മൾ സംഘടിച്ചിരിക്കുന്നത് ഇവിടെത്തെ പരിപാടികളിൽ പങ്കെടുത്ത് ഒരു ആത്മീയമായ അന്തരീക്ഷത്തിലിരുന്ന് നമ്മുടെ ആത്മീയതയെ വർധിപ്പിക്കുന്നതിനും അല്ലാഹുവിനോടും അവന്റെ മനുഷ്യസൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നതിനുമാണ്. അല്ലാഹുവിനോടുള്ള കടമ എന്താണെന്നും അവന്റെ മനുഷ്യസഷ്ടികളോടുള്ള കടമ എന്താണെന്നുമുള്ള ഗ്രാഹ്യം നമുക്കില്ലെന്ന് ഏതെങ്കിലും അനഹ്മദി പറഞ്ഞേക്കാം. പക്ഷേ, ഒരു അഹ്മദിക്ക് ഇതു പറയാൻ സാധിക്കുകയില്ല. അവരുടെ മുമ്പിൽ ആവർത്തിച്ചാവർത്തിച്ച് കാര്യങ്ങൾ വിവരിക്കപ്പെടുന്നു. ഇന്ന് നമ്മൾ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ സംഘടിച്ചിരിക്കുകയാണ്. നമ്മൾ ഇന്ന് ഇവിടെ ജൽസയ്ക്കുവേണ്ടി സംഘടിച്ചിരിക്കുന്നത് ഏതെങ്കിലും ഭൗതികമായ കോലാഹലത്തിനോ ഭൗതികമായ ഉദ്ദേശ്യത്തിനോ അല്ലെന്ന് എല്ലാ അഹ്മദികൾക്കുമറിയാം. നമ്മളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വലിയ ഔദാര്യമാണുള്ളത്. ആ മഹാത്മാവ് നമുക്ക് ഇക്കാര്യങ്ങളുടെ ഒരിക്കലും അവസാനിക്കാത്ത ഖജനാവാണ് നല്കിയിട്ടുള്ളത്. താൻ ആദ്യമേ കേട്ടിട്ടുള്ളതോ വായിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യം വീണ്ടും കേൾക്കുകയോ വായിക്കുകയോ ചെയ്യുമ്പോൾ അക്കാര്യത്തിന്റെ എന്തെങ്കിലും പുതിയ പോയന്റ് അല്ലെങ്കിൽ വശം തന്റെ മുമ്പിൽ വരുമെന്ന് മനുഷ്യൻ മനസ്സിലാക്കാറുണ്ട്. ബയ്അത്തിൽ ഉൾപ്പെട്ടിട്ടുള്ള അഹ്മദിക്കുവേണ്ടി ബയ്അത്തിന്റെ നിബന്ധനകളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ആ അവകാശങ്ങളേയും കടമകളേയും ചുരുക്കി വിവരിച്ചിട്ടുണ്ട്. ഈ ജൽസയിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്ന് നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ലിഖിതശകലങ്ങൾ സമർപിക്കുന്നതാണ്.

വിശ്വാസാദർശങ്ങളുടെ സ്വാധീനം കർമങ്ങളിലുമുണ്ടാകുന്നു എന്ന കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ഇസ്‌ലാമിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനോടൊപ്പം ആരേയും പങ്കാളിയാക്കാതിരിക്കുക എന്നതാണ്. അവന്റെ ഔദാര്യങ്ങൾക്കു പകരമായി അവനെ പൂർണമായും അനുസരിക്കുക. ഇല്ലെങ്കിൽ അല്ലാഹുവിനെപോലുള്ള ഉപകാരം ചെയ്യുന്നവനും പോറ്റുന്നവനുമായവനിൽനിന്ന് മുഖം തിരിക്കുന്നവൻ ശയ്ത്വാനാണ്.(അല്ലാഹുവിന്റെ എത്രവലിയ ഔദാര്യമാണെന്നാൽ ആരാണോ അല്ലാഹു പറയുന്ന കാര്യങ്ങൾ അംഗീകരിക്കാത്തത്, അവന്റെ ഉപകാരങ്ങൾക്കു പകരമായി പൂർണമായും അനുസരിക്കാത്തത് അവൻ പരമകാരുണികന്റെ ദാസനാകുകയില്ല. അവൻ പിന്നെ ശയ്ത്വാനായിരിക്കും). പറയുന്നു: 'സൃഷ്ടികളുടെ അവകാശങ്ങൾ തിരിച്ചറിഞ്ഞ് പൂർണമായും അത് നിറവേറ്റുക എന്നതാണ് രണ്ടാമത്തെ ഭാഗം." പറയുന്നു:"ഏതൊരുകൂട്ടരാണോ വ്യഭിചാരം മോഷണം പരദൂഷണം കളവ് തുടങ്ങിയ വൻപാപങ്ങൾ സ്വീകരിച്ചിട്ടുള്ളത് അവർ അവസാനം നശിക്കുന്നതാണ്. ചില ജനതകൾ കേവലം ഓരോരോ പാപം ചെയ്തുകൊണ്ടിരുന്നതിനാൽ നശിച്ചു കൊണ്ടിരുന്നു. എന്നാൽ, ഇത് കരുണചെയ്യപ്പെട്ട സമുദായമാണ്. (മുസ്‌ലീംകളുടെമേൽ അല്ലാഹുവിന്റെ പ്രത്യേക ദൃഷ്ടിയുണ്ട്). "അതുകൊണ്ട് അല്ലാഹു അവരെ നശിപ്പിക്കുകയില്ല. ഇല്ലെങ്കിൽ ഇവർ ചെയ്യാത്തതായ എന്തു മുസ്വീബത്താണുള്ളത്." (മുസ്‌ലീംകളിൽ ഇക്കാലത്ത് ഇല്ലാത്തതായ ഏതു പാപമാണുള്ളത്. അവിടന്ന് പറഞ്ഞു: ഇവർ എല്ലാ പണിയും ചെയ്തുകൊണ്ടിരിക്കുന്നു. അവിടന്ന് പറഞ്ഞു:'ഓരോരുത്തരും പ്രത്യേകം ആരാധ്യരെ ഉണ്ടാക്കിയിരിക്കുകയാണ്."(ഒരു ആരാധ്യനെയല്ല. അവർ ലോകത്തിനുമേൽ കമിഴ്ന്നുവീണു. ലോകത്തെ ആരാധ്യവസ്തുവാക്കി. ഭതികവാദികളേയും തങ്ങളുടെ ആരാധ്യരാക്കി). പറയുന്നു:'വിശ്വാസങ്ങൾ നല്ലതാണെങ്കിൽ മനുഷ്യനിൽനിന്ന് നല്ല കർമങ്ങളും ഉണ്ടാകാൻ തുടങ്ങുന്നു എന്നതാണ് കാര്യം."(വിശ്വാസം ഉത്തമമാണെങ്കിൽ, നല്ലതാണെങ്കിൽ, അവനിൽ വിശ്വാസമുണ്ടെങ്കിൽ ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സദുദ്ദേശ്യമുണ്ടെങ്കിൽ കർമങ്ങളും നല്ലതുണ്ടാകുന്നതാണ്). പറയുന്നു: "ഏതൊരു മനുഷ്യനാണോ സത്യസന്ധവും അന്യൂനവുമായ വിശ്വാസം കൈക്കൊള്ളുകയും അല്ലാഹുവിനോടൊപ്പം ആരേയും പങ്കാളിയാക്കാതിരിക്കുകയും ചെയ്യുന്നത് അവനിൽനിന്ന് സ്വയമേവ സൽകർമങ്ങളായിരിക്കുമുണ്ടാകുന്നത്. ഇക്കാരണത്താലാണ് മുസ്‌ലീംകൾ സത്യസന്ധമായ വിശ്വാസം ഉപേക്ഷിച്ചപ്പോൾ ദജ്ജാൽ തുടങ്ങിയവയെ ദൈവമായി വിശ്വസിക്കാൻ തുടങ്ങിയത്." (വൻഭരണകൂടങ്ങളും ഭൗതികമായ ശക്തികളെ ദൈവമായി വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നത് ഇപ്പോൾ നമ്മൾ കാണുന്നുണ്ട്. അവരുടെ സഞ്ചിയിൽ ഇവർ വീഴാൻ തുടങ്ങിയിരിക്കുകയാണ്. ഇത് ഈയിടെയായി എല്ലായിടത്തും കണ്ടുവരുന്നുണ്ട്. വ്യക്തികൾ തുടങ്ങി മുസ്‌ലിം ഭരണകൂടങ്ങൾവരെയുള്ളവരുടെ അവസ്ഥ ഇതാണ്). കാരണം ദജ്ജാലിൽ അല്ലാഹുവിന്റെ എല്ലാ ഗുണങ്ങളും ഇവർ അംഗീകരിക്കുന്നു. അവനിൽ ദൈവത്തിന്റെ എല്ലാ ഗുണങ്ങളുമുണ്ടെന്ന് വിശ്വസിക്കുമ്പോൾ അവനെ ദൈവമെന്നു പറഞ്ഞാൽ പറയുന്നവന് എന്തു കുറ്റമാണുള്ളത്? പറഞ്ഞു: 'സ്വയം നിങ്ങൾ ദൈവത്വത്തിന്റെ ചാർജ് ദജ്ജാലിന് നല്കുകയാണ്. പരിപാലിക്കുന്നവൻ ആഗ്രഹിക്കുന്നത് വിശ്വാസം ശരിയായിരിക്കുന്നതുപോലെ സൽകർമങ്ങളും ശരിയായിരിക്കുക എന്നാണ്. അവയിൽ ഒരു തരത്തിലുള്ള കുഴപ്പവും അവശേഷിക്കരുത്. അതുകൊണ്ട് സിറാത്തുൽമുസ്തഖീമിൽ ആയിരിക്കേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അൽഖയ്റു കുല്ലുഹു ഫിൽ ഖുർആൻ എന്ന് അല്ലാഹു എന്നോടു ആവർത്തിച്ചാവർത്തിച്ച് പറയുകയുണ്ടായി. അല്ലാഹു ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നത് അതിന്റെ പാഠമാണ്. എന്തൊന്നാണോ വിശുദ്ധ ഖുർആൻ പറഞ്ഞത് അത് തികച്ചും സത്യമാണ്."(മൽഫൂദാത്ത് വാല്യം 6 പേജ് 420-41 1985 ലണ്ടൻ പതിപ്പ്)

എല്ലാ നന്മകളും വിശുദ്ധഖുർആനിൽ അന്വേഷിക്കുക. അല്ലാഹുവിനെ ആരാധിക്കുക. അവനോടുള്ള കടമ നിറവേറ്റുക. മനുഷ്യരോടുള്ള കടമകളും നിറവേറ്റുക.

അതിനാൽ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കലും അവനെ പൂർണമായും അനുസരിക്കലും അവനോടുള്ള കടമ നിറവേറ്റലും ആഗ്രഹിക്കുന്നത് അവനുള്ള ആരാധനയുടെ അവകാശവും നിറവേറ്റുക എന്നാണ്. അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കലാണ് ഈ ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യം. നമ്മൾ എന്തിന് അഹ്മദിയായി? നിങ്ങൾ ബയ്അത്തിൽ വന്നതിന്റെ ഉദ്ദേശ്യമെന്താണ്? എന്തിനാണ് അവിടന്ന് ഈ ജമാഅത്ത് രൂപീകരിച്ചത്? പറഞ്ഞു, "അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടാക്കുക എന്നതുതന്നെയാണ് ഈ ജമാഅത്ത് സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം. ദുആയുടേയും ആരാധനയുടേയും

യാഥാർഥ്യത്തെ കുറിച്ച് അറിവുണ്ടാകുക." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പ്രവർത്തനമില്ലാതെ ദുആ മാത്രം ചെയ്യുന്ന ഒന്നാമനും തെറ്റുകാരനാണ്. ഇപ്രകാരംതന്നെ പ്രവർത്തിച്ചാൽമാത്രം മതിയെന്ന് മനസ്സിലാക്കുന്ന രണ്ടാമനും മുൽഹദ് അഥവാ നാസ്തികനാണ്." (ഒരാൾ ദുആ ചെയ്യുന്നു, പരിശ്രമിക്കുന്നില്ല. പ്രയത്നിക്കുന്നില്ല. പ്രയത്നിക്കണമെന്നതും അല്ലാഹുവിന്റെ കല്പനയാണ്. അവനും പാപിയാണ്. തെറ്റിലാണുള്ളത്. ഇപ്രകാരം ഒരുവൻ പ്രയത്നിക്കുന്നുണ്ട്. എന്നാൽ, ദുആ ചെയ്യുന്നില്ല. അവൻ മുൽഹദാണ്). എന്നാൽ, പ്രയത്നവും ദുആയും രണ്ടും കൂട്ടിച്ചേർക്കുന്നതാണ് ഇസ്ലാം." (ഇസ്ലാമിന്റെ അധ്യാപനമെന്താണ്? പരിശ്രമിക്കുക. പ്രയത്നിക്കുകയും ചെയ്യുക. നിങ്ങളുടെ എല്ലാ യോഗ്യതകളോടും കഴിവുകളോടും എല്ലാ ശക്തികളോടുംകൂടി ഭൗതികമായി എന്തെല്ലാം ചെയ്യാൻ കഴിയുമോ ചെയ്യുക. ഇപ്രകാരംതന്നെ ദുആയും ചെയ്യുക. അല്ലാഹുവിന്റെ സന്നിധിയിൽ കരഞ്ഞു കരഞ്ഞു ദുആ ചെയ്യുക. ആ പ്രയത്നത്തിന്റെ യഥാർഥ ഫലം അല്ലാഹുവാണ് ഉണ്ടാക്കേണ്ടത്. ഇക്കാര്യങ്ങളുണ്ടെങ്കിൽ അവിടന്ന് പറഞ്ഞു, ഇത് ഇസ്ലാമാണ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇതുകൊണ്ടാണ് പാപത്തിൽനിന്നും അശ്രദ്ധയിൽ നിന്നും രക്ഷപ്പെടുന്നതിന് പ്രയത്നത്തിന്റെ കടമ നിറവേറ്റുവോളം പ്രയത്നിക്കുകയും ദുആയുടെ കടമ നിറവേറ്റുവോളം ദുആ ചെയ്യുക എന്നും ഞാൻ പറഞ്ഞത്. ഇതുകൊണ്ടുതന്നെയാണ് വിശുദ്ധ ഖുർആനിന്റെ ആദ്യ അധ്യായമായ സൂറ ഫാതിഹായിൽ ഈ രണ്ടുകാര്യങ്ങളേയും മുന്നിൽവച്ചുകൊണ്ട് ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ എന്നു പറഞ്ഞിട്ടുള്ളത്. ഇയ്യാക്ക നഅ്ബുദു ഈ യഥാർഥ പ്രയത്നത്തെയാണ് പറയുന്നത്. അതിനെ മുന്തിച്ചിരിക്കുന്നു. ആദ്യം മനുഷ്യൻ മാർഗങ്ങൾ അവലംബിക്കുകയും പ്രയത്നം എന്ന കടമ നിർവഹിക്കുകയും ചെയ്യുക. പക്ഷേ, ദുആയുടെ വശം വിട്ടുകളയാൻ പാടില്ല. മറിച്ച് പ്രയത്നത്തോടൊപ്പം അതിനേയും മുന്നിൽ വെക്കുക." പറഞ്ഞു:"സത്യവിശ്വാസി ഇയ്യാക്ക നഅ്ബുദു എന്നു പറയുമ്പോൾ അതായത് ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നുവെന്ന് പറയുമ്പോൾ ഉടനെ അല്ലാഹുവിന്റെ ഫള്ലും കറമും(കൃപയും ദയയും) കൂടാതെ അവനെ ആരാധിക്കാൻ തക്കവണ്ണം താൻ എന്തു വസ്തുവാണെന്നുള്ള ചിന്ത അവന്റെ മനസ്സിൽ ഉണ്ടാകുന്നു. (ചിലയാളുകൾക്ക് വലിയ അഹങ്കാരമുണ്ടാകുന്നു. തങ്ങൾ വലിയ ആരാധന നടത്തുന്നവരാണെന്നുള്ള ഹുങ്ക് ഉണ്ടാകുന്നു. വലിയ നമസ്കാരക്കാരാണെന്ന് വിചാരിക്കുന്നു. പക്ഷേ, ഇതും അല്ലാഹുവിന്റെ കൃപയാണ്)."ആരാധിക്കാനുള്ള തൗഫീഖ് തരുന്നതും അല്ലാഹുവിന്റെ ഫള്ലാണെന്നാണ് ഒരു യഥാർഥ മുഅ്മിൻ ചിന്തിക്കുന്നത്." പറയുന്നു: അതുകൊണ്ട് അവൻ ഉടനെ പറയുന്നു, ഇയ്യാക്ക നസ്തഈൻ. സഹായവും നിന്നിൽനിന്നുതന്നെ ആഗ്രഹിക്കുന്നു. ഇത് ഒരു അതിസൂക്ഷ്മമായ മസഅലയാണ്. ഇതിനെ ഇസ്ലാമല്ലാതെ മറ്റൊരു മതവും മനസ്സിലാക്കിയിട്ടില്ല. ഇസ്ലാംതന്നെയാണ് അത് മനസ്സിലാക്കിയത്." അവിടന്ന് പറയുന്നു: ഇസ്ലാമിന് അനിവാര്യമായിട്ടുള്ള കാര്യം അതിൽ പ്രവേശിക്കുന്നവൻ ആധാരമായ വസ്തുതയെ മുറുകെ പിടിക്കുക എന്നതാണ്. പ്രയത്നിക്കുക. ബുദ്ധിമുട്ടുകൾ അകലുന്നതിന് ദുആയും ചെയ്യുക, ചെയ്യിക്കുക. ഈ രണ്ടുതട്ടുകളിൽ ഏതെങ്കിലും തട്ട് ഭാരം കുറഞ്ഞതാണെങ്കിൽ കാര്യം നടക്കുകയില്ല. അതുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുക എന്നത് ഓരോ മുഅ്മിനും നിർബന്ധമാണ്." പറയുന്നു:എന്നാൽ, ഇക്കാലത്തെ ജനങ്ങളുടെ അവസ്ഥയെന്താണെന്നാൽ അവർ പ്രവർത്തനങ്ങൾ നടത്താറുണ്ട് പക്ഷേ, പ്രാർഥനയിൽ അശ്രദ്ധരാകുന്നതായിട്ടാണ് ഞാൻ കാണുന്നത്. ഭൗതികപൂജ എത്രമാത്രം വർധിച്ചിരിക്കുന്നുവെന്നാൽ ഭൗതികമായ പ്രയത്നങ്ങളെത്തന്നെ ദൈവമാക്കിയിരിക്കുകയാണ്. പ്രാർഥനയെ പരിഹസിക്കുന്നു. അതിനെ ഒരു പാഴ്വേലയായി നിശ്ചയിച്ചിരിക്കുന്നു. ഈ എല്ലാ സ്വാധീനവും യൂറോപ്യൻ അനുകരണം കൊണ്ടുണ്ടായതാണ്. ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഭയങ്കരവിഷമാണിത്."(ഇപ്പോൾ ഇവിടെ യൂറോപ്പിൽ അല്ലാഹുവിലുള്ള വിശ്വാസം ധാരാളമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നിരീശ്വരവാദികൾ (atheist) എണ്ണത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു. അവരുടെ പുരോഗതിയുടെ രഹസ്യം ഇതിലായിരിക്കാമെന്ന് മുസ്ലീംകൾ മനസ്സിലാക്കുന്നു. പക്ഷേ, അതിന്റെ അന്ത്യം നല്ലതായിരിക്കുകയില്ല). അവിടന്ന് പറഞ്ഞു: ഇത് ഭയാനകമായ വിഷമാണ്. അത് ലോകത്തു പരന്നുകൊണ്ടിരിക്കുന്നു. എന്നാൽ, ഈ വിഷത്തെ അകറ്റാൻ അല്ലാഹു ഇച്ഛിക്കുന്നു. അങ്ങനെ ഈ ജമാഅത്തിനെ അവൻ ഇതിനായി സ്ഥാപിച്ചു."(അഹ്മദികൾ ലോകത്തിന്റെ അടയാളം എടുക്കാൻ പാടില്ല. ഭൗതികതയ്ക്ക് മുൻഗണന നല്കാൻ പാടില്ല. അല്ലാഹുവിൽ വിശ്വസിക്കാത്തവരുടെ ചിഹ്നം എടുക്കാൻ പാടില്ല. എന്നല്ല അവർക്ക് അല്ലാഹുവിന്റെ സാന്നിധ്യത്തെ, അവന്റെ സത്തയെ, യഥാർഥ ഇസ്ലാമിനെ കുറിച്ച് പറഞ്ഞു കൊടുക്കേണ്ടതാണ്. ഇത് ഒരു അഹ്മദിയുടെ ജോലിയാണ്). പറഞ്ഞു: 'ലോകത്തിന് അല്ലാഹുവിനെക്കുറിച്ച് ജ്ഞാനമുണ്ടാകുന്നതിനും ദുആയുടെ യാഥാർഥ്യത്തേയും അതിന്റെ ഫലത്തേയും അവരറിയുന്നതിനും വേണ്ടി ഇത് അവർക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്." (മൽഫൂദാത്ത് വാള്യം 6 പേജ് 268-69 1985 ലണ്ടൻ പതിപ്പ്).

പ്രാർഥനയ്ക്ക് ഒരു യാഥാർഥ്യവുമില്ലെന്നാണ് ആളുകൾ മനസ്സിലാക്കുന്നത്. ഒരു അഹ്മദിക്ക് എങ്ങനെയുള്ള വിശ്വാസമാണ് ഉണ്ടാകേണ്ടതെന്നാൽ അവന് ദുആ സ്വീകാര്യത്തിൽ ദൃഢവിശ്വാസം ഉണ്ടാകുന്നിടത്ത് ദുആ സ്വീകാര്യതയുടെ അനുഭവങ്ങളും ഉണ്ടാകേണ്ടതാണ്. ഈ അവസ്ഥയാണ് ഒരു അഹ്മദി ഉണ്ടാക്കേണ്ടത്. ഈ അവസ്ഥയുണ്ടാകുമ്പോൾ പിന്നീട് വിശ്വാസപരമായ ശക്തിയും ഉണ്ടാകുന്നതായിരിക്കും. മനുഷ്യൻ താൽക്കാലികമായ ദൈവങ്ങളുടെ പിന്നാലെ പോകുകയുമില്ല. മറിച്ച്, യഥാർഥ ആരാധ്യനെ തിരിച്ചറിഞ്ഞ് അവന്റെ മുമ്പിൽ മാത്രം കുനിയുന്നതായിരിക്കും. ആ യഥാർഥ ആരാധ്യനെ തിരിച്ചറിയുന്നതും അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ മിഅ്റാജിന്റെ രീതികളും നബി(സ) തിരുമേനി തന്നിൽ ഇറങ്ങിയ ഗ്രന്ഥവും തന്റെ കർമങ്ങൾകൊണ്ട് നമുക്ക് പഠിപ്പിച്ചു. അതുകൊണ്ട് ഈ ഈശ്വരജ്ഞാനവും ദുആയുടെ യാഥാർഥ്യവും നമ്മൾ നബി(സ) തിരുമേനിയുമായി ദൃഢബന്ധമുണ്ടാക്കാത്തിടത്തോളം പ്രകടമാവുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജമാഅത്തിന്റെ സ്ഥാപനവും സ്ഥാപനോദ്ദേശ്യവും വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: ഈ ജമാഅത്ത് രൂപീകരിച്ചുകൊണ്ട് അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നത്? നമ്മുടെ ജമാഅത്ത് എന്താണ് ചെയ്യേണ്ടത്? ഇക്കാര്യം അറിയാത്തവരായി ജമാഅത്തിൽ ആരെങ്കിലുമുണ്ടെങ്കിൽ അവർ അറിയുന്നവരാവുക. (ആർക്കെങ്കിലും അറിയില്ലായെങ്കിൽ അവന് അറിവുണ്ടാകേണ്ടതാണ്) ആചാരപരമായ നിലയിൽ ബയ്അത്തിൽ പ്രവേശിക്കുന്നതുതന്നെ മോക്ഷമാണെന്ന് ആരെങ്കിലും മനസ്സിലാക്കുന്നുവെങ്കിൽ അത് തെറ്റാണ്. അതുകൊണ്ട് അല്ലാഹു എന്താണ് ആഗ്രഹിക്കുന്നതെന്ന യഥാർഥ ഉദ്ദേശ്യം നിർബന്ധമായും ഞാൻ പറയുന്നതാണ്. (കേവലം ബയ്അത്ത് ചെയ്യുന്നതുകൊണ്ട് മോക്ഷം ലഭിക്കുകയില്ല. അവിടന്ന് പറയുന്നു അല്ലാഹു എന്താണ് ആഗ്രഹിക്കുന്നതെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരികയാണ്). പറഞ്ഞു: "എല്ലാവരും ഓർമിച്ചുകൊള്ളുക! ആചാരപരമായ നിലയിൽ ബയ്അത്തിൽ പ്രവേശിക്കുന്നതോ എന്നെ ഇമാമെന്ന് മനസ്സിലാക്കുന്നതോ മാത്രം ഒരിക്കലും മോക്ഷത്തിന് മതിയായതല്ല. കാരണം അല്ലാഹു മനസ്സുകളെയാണ് നോക്കുന്നത്. പറയുന്നകാര്യങ്ങൾ മാത്രം അവൻ നോക്കാറില്ല. മോക്ഷത്തിന് അല്ലാഹു ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളത് നിർബന്ധമാണ്. അതെന്താണെന്നാൽ, ഒന്നാമതായി സത്യഹൃദയത്തോടുകൂടി അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുക. നബി(സ)തിരുമേനിയെ സത്യവാനായ നബിയായി ദൃഢമായും വിശ്വസിക്കുകയും വിശുദ്ധ ഖുർആനെ അല്ലാഹുവിന്റെ ഗ്രന്ഥമായി മനസ്സിലാക്കുകയും ചെയ്യുക. അത് എങ്ങനെയുള്ള ഗ്രന്ഥമാണെന്നുവച്ചാൽ ഖിയാമത്തുനാൾവരെ ഇനി മറ്റൊരു ഗ്രന്ഥമോ ശരീഅത്തോ വരികയില്ല.". അതായത് വിശുദ്ധഖുർആനുശേഷം ഏതെങ്കിലും ഗ്രന്ഥത്തിന്റേയോ ശരീഅത്തിന്റേയോ ആവശ്യമില്ല. നോക്കൂ. നല്ലവണ്ണം ഓർമിച്ചുകൊള്ളുക. നബി(സ) തിരുമേനി ഖാത്തമുൽ അമ്പിയാ ആകുന്നു. അതായത് നമ്മുടെ നബി(സ) തിരുമേനിക്ക് ശേഷം പുതിയതായ ഒരു ശരീഅത്തുമില്ല. ഒരു ഗ്രന്ഥവും വരികയില്ല. പുതിയ കല്പനകളും വരികയില്ല. ഇതേ ഗ്രന്ഥവും ഇതേ കല്പനകളും നിലനില്ക്കുന്നതായിരിക്കും." പറയുന്നു: 'എന്റെ ഗ്രന്ഥങ്ങളിൽ നബി എന്നോ റസൂൽ എന്നോ എന്നെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യം പുതിയ ശരീഅത്തോ പുതിയ കല്പനകളോ പഠിപ്പിക്കുക എന്നതല്ല. മറിച്ച് അതിന്റെ ഉദ്ദേശ്യം ധർമം ആവശ്യമായി വരുന്ന സമയത്ത് അല്ലാഹു ആരെയെങ്കിലും നിയമിക്കുക എന്നതാണ്. ഇതിന്റെ അർഥത്തിൽ ദൈവഭാഷണത്താൽ അവൻ അനുഗ്രഹിക്കപ്പെടുന്നു. അദൃശ്യകരമായ വാർത്തകൾ അവന് നൽകപ്പെടുന്നു. അവനെ സംബന്ധിച്ച് നബി എന്ന പദം പറയപ്പെടുന്നു. അങ്ങനെ ആ നിയോഗിതൻ നബി എന്ന സ്ഥാനം പ്രാപിക്കുന്നു. അല്ലാതെ പുതിയ ശരീഅത്ത് നല്കുന്നു എന്നർഥമല്ല. അല്ലെങ്കിൽ നബി(സ)തിരുമേനിയുടെ ശരീഅത്തിനെ നൗഊദുബില്ല കാലഹരണപ്പെടുത്തുന്നുവെന്നല്ല. മറിച്ച്, എന്തൊന്ന് അവന് ലഭിക്കുന്നുവോ അത് നബി(സ)തിരുമേനിയെ സത്യസന്ധവും പൂർണവുമായ നിലിൽ അനുധാവനം ചെയ്യുന്നതുകൊണ്ട് ലഭിക്കുന്നതാണ്. അതുകൂടാതെ ലഭിക്കുക സാധ്യമല്ല. ഇക്കാലഘട്ടത്തിൽ പാപം പെരുകിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ വിശ്വാസത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുന്നില്ല. അവരുടെ പക്കൽ പുറന്തോടോ എല്ലുകളോ മാത്രമാണുള്ളത്. കാമ്പും കഴമ്പുമില്ല. വിശ്വാസപരമായ ശക്തി ദുർബലപ്പെടുന്നു. സാത്താനികമായ നിയന്ത്രണവും വിജയവും വർദ്ധിക്കുന്നു. വിശ്വാസപരമായ അഭിലാഷവും മാധുര്യവും ഇല്ലാതാകുന്നു. അത്തരം നേരങ്ങളിൽ അല്ലാഹുവിന്റെ നടപടിക്രമം എങ്ങനെ പുലരുന്നുവെന്നാൽ തന്റെ സത്യസന്ധമായ അനുസരണത്തിൽ ലയിച്ചവനും ഉന്മത്തനുമായ തന്റെ ഒരു പരിപൂർണനായ ദാസന് തന്റെ ഭാഷണം നൽകി അല്ലാഹു അയക്കുന്നു. ഇപ്പോൾ ഈ നേരത്ത് അവൻ എന്നെ നിയോഗിച്ചയച്ചിരിക്കുകയാണ്. (അവിടന്ന് പറയുന്നു, ഇക്കാലത്ത് അവൻ എന്നെ നിയോഗിച്ച് അയച്ചിരിക്കുന്നു). കാരണം പൊതുവെ ജനങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് എന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽത്തന്നെയും ദൈവത്തോടുള്ള സ്നേഹം തികച്ചും തണുത്തുപോയ കാലമാണിത്. നബി(സ)നേയും നാവുകൊണ്ട് സാക്ഷ്യപ്പെടുത്തുന്നു. ബാഹ്യമായി നമസ്കരിക്കുന്നുണ്ട്. നോമ്പ് പിടിക്കുന്നുമുണ്ട്. എന്നാൽ, യഥാർഥമായ കാര്യമെന്താണെന്നാൽ ആത്മീയത ഒട്ടുംതന്നെയില്ല. മറുഭാഗത്ത് സൽകർമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക എന്നതുതന്നെ സാക്ഷ്യപ്പെടുത്തുന്നത് അത് സൽകർമങ്ങളുടെ വർണത്തിൽ ചെയ്യുന്നില്ല എന്നാണ്. (അവർ ചെയ്യുന്ന കർമങ്ങൾ, സൽകർമങ്ങൾക്ക് വിരുദ്ധമാണ്. മുസ്ലിംകളിൽ ഭൂരിപക്ഷത്തിന്റേയും അവസ്ഥ ഇതായിട്ടാണ് കണ്ടുകൊണ്ടിരിക്കുന്നത്). പറഞ്ഞു: 'മറിച്ച് ആചാരമെന്ന നിലയിലും ശീലമെന്ന നിലയിലുമാണ് അത് ചെയ്യുന്നത്.' (ചില ജോലികൾ ചെയ്യുന്നുണ്ടെങ്കിൽത്തന്നെയും ആചാരപരമായ നിലയിലാണത്. ഇത് അവരുടെ ശീലമായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് അവരത് ചെയ്യുന്നു. അവർക്കതിന്റെ ആത്മാവോ അതിന്റെ യാഥാർഥ്യമോ അറിയില്ല) പറഞ്ഞു:'കാരണം അവരിൽ ആത്മാർഥതയും ആത്മീയതയുടെ പ്രകാശവുമില്ല. അല്ലെങ്കിൽ എന്തുകൊണ്ടാണ് ആ സൽകർമങ്ങളുടെ അനുഗ്രഹങ്ങളും പ്രകാശങ്ങളും അതിനോടൊപ്പമില്ലാത്തത്.' (സൽകർമങ്ങളുടെ യാഥാർഥ്യത്തെ അറിഞ്ഞുകൊണ്ടും ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനും അത് ചെയ്യുകയാണെങ്കിൽ അതിനോടൊപ്പം കുറച്ചൊക്കെ ഫലങ്ങളുമുണ്ടാകേണ്ടതാണ്. അതിന് അനുഗ്രഹങ്ങൾ ഉണ്ടാകേണ്ടതാണ്). പറയുന്നു: 'നല്ലവണ്ണം ഓർത്തുകൊള്ളുക. സത്യഹൃദയത്തോടും ആത്മീയതയോടുംകൂടി ഈ കർമങ്ങൾ ചെയ്യുന്നില്ലെങ്കിൽ ഒരു ഫലവുമില്ല. ഈ കർമങ്ങൾ ഒരു പ്രയോജനവും ചെയ്യുകയില്ല. സൽകർമങ്ങൾ എന്നു പറയുന്നത് അവയിൽ ഒരു

തരത്തിലുള്ള കുഴപ്പങ്ങളും ഇല്ലാതിരിക്കുമ്പോഴാണ്. സ്വലാഹ് എന്നതിന്റെ വിപരീതമാണ് ഫസാദ്. സ്വാലിഹ് എന്നു പറയുന്നത് കലഹങ്ങളിൽനിന്നും വിട്ടുനിൽക്കുന്നവനാണ്. ആരുടെ നമസ്കാരങ്ങളിലാണോ കുഴപ്പങ്ങൾ ഉള്ളത്, ശാരീരികോദ്ദേശ്യങ്ങൾ മറഞ്ഞിരിക്കുന്നത് അവരുടെ നമസ്കാരങ്ങൾ അല്ലാഹുവിനുവേണ്ടിയുള്ളതല്ല. അവർ ഭൂമിയിൽനിന്ന് ഒരു ചാൺപോലും മുകളിലേക്കുയരുകയില്ല. കാരണം അവരിൽ ആത്മാർഥതയുടെ ചൈതന്യമില്ല. അവർ ആത്മീയതയിൽനിന്ന് ശൂന്യരാണ്. ഈ ജമാഅത്തിന്റെ ആവശ്യമെന്താണെന്ന് ആക്ഷേപിക്കുന്ന ഒരുപാടാളുകളുണ്ട്.' (ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നിട്ട് രൂപീകരിച്ച ഈ പുതിയ ജമാഅത്തിന്റെ ആവശ്യമെന്താണ്?) പറയുന്നു: 'തങ്ങൾ നമസ്കരിക്കുകയും നോമ്പുപിടിക്കുകയും ചെയ്യുന്നില്ലേ എന്ന് ഇക്കൂട്ടർ ചോദിക്കുന്നു. അവിടന്ന് പറയുന്നു: ഇപ്രകാരം തന്നെയാണ് അവർ ജനങ്ങളെ വഞ്ചിക്കുന്നത്. അജ്ഞരായ ചില ആളുകളുള്ളതിൽ അത്ഭുതപെടാനില്ല. ഇത്തരം കാര്യങ്ങൾ കേട്ട് അവർ വഞ്ചിക്കപ്പെടുന്നു. ഇവരോടൊപ്പം ചേർന്നുകൊണ്ട് ഞങ്ങൾ നമസ്കരിക്കുന്നു, നോമ്പുപിടിക്കുന്നു തസ്ബീഹ് ചെയ്യുന്നു. പിന്നെന്തിനാണ് (ഒരു പുതിയ ജമാഅത്ത് ഉണ്ടാക്കി) ഞങ്ങളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കിയിരിക്കന്നത്? പറഞ്ഞു: ഓർമിക്കൂ! ഇത്തരം കാര്യങ്ങൾ അറിവില്ലാത്തതിന്റേയും ഈശ്വരജ്ഞാനം ഇല്ലാത്തതിന്റേയും ഫലമാണ്. ഇത് എന്റെ സ്വന്തം ജോലിയല്ല. ഇതിൽ വിള്ളലിട്ടിട്ടുണ്ടെങ്കിൽ അത് അല്ലാഹുവാണ് ഇട്ടത്. (അതായത് ഞാൻ ജമാഅത്ത് രൂപീകരിച്ചിട്ടില്ല). അവിടന്ന് പറയുന്നു: ഞാൻ ജമാഅത്ത് സ്ഥാപിച്ചിട്ടില്ല. ജമാഅത്ത് സ്ഥാപിക്കുക എന്ന് അവനാണ് എന്നോട് പറഞ്ഞത്. അവൻ ഈ ജമാഅത്ത് രൂപീകരിച്ചു. ഞാൻ ഭിന്നിപ്പുണ്ടാക്കിയെന്ന് നിങ്ങൾ പറയുകയാണെങ്കിൽ അല്ലാഹുവിലാണ് ആ ആക്ഷേപം വരുന്നത്. എന്നിൽ ഒരാക്ഷേപവുമില്ല.) പറഞ്ഞു: ആരാണോ ഈ ജമാഅത്ത് രൂപീകരിച്ചത് (അതല്ലാഹുവാണ്.) അവനോട് ചോദിക്കുക എന്തിനാണ് ഈ ജമാഅത്ത് രൂപീകരിച്ചതെന്ന്.

പറയുന്നു: "കാരണം ഈമാനികാവസ്ഥ ബലഹീനമായി ബലഹീനമായി എത്രത്തോളമെത്തിയെന്നാൽ, ഈമാനികശക്തി തികച്ചും ഇല്ലാതായി പോയിരിക്കുന്നു. യഥാർഥ ഈമാനിന്റെ ആത്മാവ് ഊതാൻ അല്ലാഹു ആഗ്രഹിക്കുന്നു. അത് ഈ ജമാഅത്തുമുഖേനയാണ് അവൻ ആഗ്രഹിച്ചിട്ടുള്ളത്. ഈ രീതിയിൽ അവരുടെ ആക്ഷേപം അനുചിതവും നിരർഥവുമാണ്. അതുകൊണ്ട് ഓർമിക്കുക, അത്തരം ദുർബോധനം ഒരിക്കലും ആരുടേയും മനസ്സിൽ വരരുത്. പൂർണമായ ആലോചനയോടും ചിന്തയോടുംകൂടി പ്രവൃത്തിക്കുകയാണെങ്കിൽ ഈ ദുർബോധനം വരികതന്നെയില്ല. ചിന്തിച്ച് പ്രവർത്തിക്കാത്ത കാരണത്താൽത്തന്നെയാണ് ദുർബോധനം വരുന്നത്. ബാഹ്യമായ അവസ്ഥയിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് മറ്റു മുസ്‌ലിംകളും ഉണ്ടെന്ന് പറഞ്ഞുകളയുന്നു. ഇത്തരത്തിലുള്ള ദുർബോധനങ്ങൾകൊണ്ട് മനുഷ്യൻ പെട്ടെന്ന് നാശമടയുന്നു.' പറയുന്നു: 'ഞാൻ ഇത്തരത്തിലുള്ള ചില കത്തുകൾ കണ്ടു. (ഹദ്റത്ത് മസീഹ് മൗഊദ്(അ) ബയ്അത്ത് വാങ്ങിയതിനുശേഷവും ചിലയാളുകളുടെ കത്തുകൾ വന്നിരുന്നു). 'അവർ പ്രത്യക്ഷത്തിൽ നമ്മുടെ ജമാഅത്തിൽപെട്ടതാണ്.' പറയുന്നു: 'മറ്റു മുസ്‌ലിംകളും ബാഹ്യമായി നമസ്കരിക്കുന്നു, കലിമ ചൊല്ലുന്നു, നോമ്പ് പിടിക്കുന്നു, നല്ല പ്രവൃത്തി ചെയ്യുന്നു, നല്ലവരാണെന്ന് തോന്നുന്നു, പിന്നെ ഈ പുതിയ ജമാഅത്തിന്റെ ആവശ്യമെന്താണ് എന്ന് നമ്മോടു ചോദിക്കപ്പെട്ടപ്പോൾ! അവിടന്ന് പറയുന്നു: ഈ ആളുകൾ ഇങ്ങനെയൊക്കെയായിട്ടും നമ്മുടെ ബയ്അത്തിൽ പ്രവേശിച്ചവരാണ്. ഇത്തരം ദുർബോധനങ്ങളും ആക്ഷേപങ്ങളുംകേട്ട് തങ്ങൾക്ക് ഇതിനുള്ള മറുപടി അറിയില്ലെന്ന് എഴുതുന്നു. അത്തരം കത്തുകൾ വായിക്കുമ്പോൾ അത്തരക്കാരോടു സഹതാപവും വിഷമവുമാണ് തോന്നുന്നത്. അവർ നമ്മുടെ യഥാർഥ ഉദ്ദേശ്യവും ഇച്ഛയും മനസ്സിലാക്കിയിട്ടില്ല. അവർ കേവലം കാണുന്നത് ആചാരപരമായ നിലയിൽ ഇക്കൂട്ടർ, നമ്മെപോലെ ഇസ്‌ലാമിന്റെ ചിഹ്നങ്ങൾ അനുഷ്ഠിക്കുന്നതാണ്. ദൈവം നിർബന്ധമാക്കിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതാണ്. വാസ്തവത്തിൽ യാഥാർഥ്യത്തിന്റെ ആത്മാവ് അവരിലുണ്ടാകുന്നില്ല. അതുകൊണ്ട് ഇക്കാര്യങ്ങളും ദുർബോധനങ്ങളും മാസ്മരികതപോലെ പ്രവർത്തിക്കുന്നു. നാം യഥാർഥമായ സമാധാനം ഉണ്ടാക്കാനാഗ്രഹിക്കുന്നു. അത് മനുഷ്യനെ പാപത്തിന്റെ മരണത്തിൽനിന്ന് രക്ഷിക്കുന്നതാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊണ്ടു നടക്കുന്ന പീർമാരിൽ ഇക്കാര്യങ്ങളില്ല. അവരുടെ ദൃഷ്ടി ബാഹ്യത്തിലാണ്. യാഥാർഥ്യത്തിലല്ല. അവരുടെ കൈയിലുള്ളത് പുറന്തോടാണ്. അതിൽ കാമ്പില്ല."(മൽഫൂദാത്ത് വാല്യം 6 പേജ് 235-239 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം അല്ലാഹുവുമായുള്ള യഥാർഥബന്ധം ഉണ്ടാക്കിത്തരികയും നബി(സ) തിരുമേനിയുടെ മഹത്ത്വത്തിന്റെ തിരിച്ചറിവ് ഉണ്ടാക്കിത്തരികയും വിശുദ്ധ ഖുർആനിന്റെ ഭരണം നമ്മുടെമേൽ നടപ്പിൽവരുത്തുകയും ചെയ്യുക എന്നതാകുമ്പോൾ ആ മഹാത്മാവിനെ വിശ്വസിക്കുന്ന നമ്മൾ നമ്മുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥകളുടെ പരിഷ്കരണവും അതനുസരിച്ച് നടത്തേണ്ടതാണ്. വെറും ബാഹ്യമായ നിലയിൽ നോക്കിക്കാണരുത്. നമ്മളും ഇതുതന്നെയാണ് മനസ്സിലാക്കുന്നതെങ്കിൽ മറ്റു മുസ്‌ലിംകളും നമ്മളെപോലെതന്നെ നമസ്കരിക്കുന്നു, നോമ്പുപിടിക്കുന്നു, വ്യത്യാസം ഒന്നുമില്ല. വ്യത്യാസമൊന്നും കാണുന്നില്ലെങ്കിൽ നമ്മൾ ആശങ്കാകുലരാകേണ്ടതാണ്. നമ്മുടെ ആരാധനകളിൽ നമ്മുടെ സ്വലാത്തുകളിൽ നമ്മുടെ സ്മരണകളിൽ ഈ വ്യത്യാസം ഉണ്ടാകേണ്ടതാണ്. നമ്മുടെ സൃഷ്ടിസേവനത്തിൽ മറ്റുള്ളവരിൽ കാണാത്തതായ ഹൃദയംഗമമായ ആത്മാവുണ്ടാകേണ്ടതാണ്.

പിന്നീട് നമ്മുടെ ബയ്അത്ത് യഥാർഥമായ വർണം ചാർത്തുന്നതാണോ അതല്ല വെറും പറച്ചിൽ മാത്രമാണോ എന്നും നോക്കേണ്ടതായിവരും. നമ്മുടെ ആരാധനകൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കിക്കൊണ്ടു അവനുള്ളത് മാത്രമാണോ? ധാരാളം അഹ്മദികളിൽ അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കാത്തവരുമുണ്ട്. കൂടിക്കാഴ്ച നടത്തുമ്പോൾ തങ്ങളും നമസ്കാരം അനുഷ്ഠിക്കുന്നവരാകാൻ ദുആ ചെയ്യുക എന്ന് പറയാറുമുണ്ട്. വാസ്തവത്തിൽ ഇതൊരു അടിസ്ഥാനപരമായ കാര്യമാണ്. എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. എല്ലാ മുഅ്മിന്റേയും നിർബന്ധ കടമയാണ്. എല്ലാ മുസ്‌ലീംകളുടേയും നിർബന്ധ കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തതിനുശേഷം ഒരു താല്പര്യത്തോടുകൂടി, അഭിവാഞ്ചയോടുകൂടി നമസ്കാരം അനുഷ്ഠിക്കേണ്ടതാണ്. നമസ്കാരങ്ങൾ അഞ്ചുനേരം നമസ്കരിക്കാതിരിക്കലല്ല. എന്നിട്ട് പറയുന്നു, തങ്ങൾക്ക് നമസ്കരിക്കാൻ കഴിയുന്നതിന് ദുആചെയ്യുകയെന്ന്. നമസ്കരിക്കുന്നില്ലെന്ന് സ്വയം ബോധ്യമായ സ്ഥിതിക്ക് എന്തെങ്കിലും ഉപായം നോക്കേണ്ടതായിവരും. സ്വയം പരിശ്രമിക്കേണ്ടതായിവരും. എന്തുകൊണ്ട് സ്വയം പരിശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നില്ല? ഇയ്യാക്ക നഅ്ബുദു ഇയ്യാക്ക നസ്തഈൻ എന്നു പറയുമ്പോൾ കേവലം വായകൊണ്ടു പറയുന്നതിനു പകരം ആ വാക്കുകളെ മനസ്സിന്റെ അടിത്തട്ടിൽ ആവർത്തിച്ചുകൊണ്ട് അതനുസരിച്ചു എന്തുകൊണ്ട് പ്രവർത്തിക്കുന്നില്ല? നബി(സ)തിരുമേനിയെ സത്യവാനായ നബിയായി വിശ്വസിച്ച സ്ഥിതിക്ക് അവിടത്തെ എല്ലാ കർമവും നമുക്ക് സൽമാതൃകയാണ്. ആരാധനകളോടൊപ്പം അവിടത്തെ ഉൽകൃഷ്ട സ്വഭാവങ്ങളും മാതൃകയാണ്. സാമൂഹികമായ ബന്ധങ്ങളുണ്ട്. നമുക്കുവേണ്ടി ഭാര്യമാരോടു ഉൽകൃഷ്ടമായ സ്വഭാവമാതൃക അവിടന്ന് സമർപിച്ചു. പക്ഷേ, ധാരാളമാളുകൾ വീടുകളിൽ ഫസാദുകളുണ്ടാക്കുന്നവരാണ്. സ്ത്രീകളുടെ വികാരങ്ങളെ ശ്രദ്ധിക്കണമെന്ന് അവിടന്ന് നമ്മെ പഠിപ്പിച്ചു. കുട്ടികളോടു വാത്സല്യത്തോടു പെരുമാറേണ്ടത് നബി(സ)തിരുമേനി നമ്മെ പഠിപ്പിച്ചു. മറ്റുള്ളവരുടെ പൊതുവായ വികാരങ്ങൾ ശ്രദ്ധിക്കണമെന്ന് നബി(സ) തിരുമേനി നമ്മെ പഠിപ്പിച്ചു. കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെടാൻ അവിടന്ന് നമ്മെ ഉപദേശിക്കുകയും തന്റെ കർമങ്ങൾകൊണ്ടു കാണിക്കുകയും ചെയ്തു. വിശ്വസിച്ചേല്പിച്ചതിൽ വഞ്ചന കാണിക്കരുത്. അതിനെ സമ്പന്ധിച്ച് കഠിനമായ ഉപദേശമാണ് ഇസ്‌ലാമികാധ്യാപനങ്ങളിലുള്ളത്. അത് അവിടന്ന് നമുക്ക് ചെയ്തു കാണിച്ചുതന്നു. ഏതുപരിതഃസ്ഥിതിയിലും വിനയവും എളിമയും കാണിക്കണം. സത്യസന്ധതയുടെ ഉന്നതമായ നിലവാരം സ്ഥാപിക്കണം. നബി(സ)തിരുമേനിയിൽ കാണാത്തതായ ഏത് ഉൽകൃഷ്ടമായ സ്വഭാവഗുണമാണുള്ളത്? നമ്മൾ യഥാർഥത്തിൽ നബി(സ)തിരുമേനിയെ സത്യവാനായി വിശ്വസിക്കുന്നുവെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അവിടത്തെ ദാസത്വത്തിൽ അയക്കപ്പെട്ട കാലത്തിന്റെ ഇമാമായി വിശ്വസിക്കുന്നുവെങ്കിൽ നമ്മുടെ കർമങ്ങളേയും നമ്മുടെ ആരാധനകളുടെ നിലവാരങ്ങളേയും നമുക്ക് ഉയർത്തേണ്ടതായി വരും. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ കണ്ട്, അതിന്റെ വിധിവിലക്കുകൾ കണ്ട് ഏതേതെല്ലാം സൽകർമങ്ങളാണ് നമ്മൾ ചെയ്യുന്നതെന്നും ഏതാണ് ചെയ്യാത്തതെന്നും നമ്മൾ പരിശോധിക്കേണ്ടതായിവരും. ഏതേതെല്ലാം തിന്മകളാണ് നമ്മൾ ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഏതാണ് നമ്മൾ ഉപേക്ഷിക്കാത്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനത്തേയും വാദത്തേയും ശരിയായനിലയിൽ തിരിച്ചറിയേണ്ട ആവശ്യമുണ്ട്.

ഇക്കാലഘട്ടം, അത് ദുൻയാവിനെ അല്ലാഹുവിൽ നിന്ന് ദൂരത്ത് കൊണ്ടുപോയി. പുരോഗതിയുടെ പേരു പറഞ്ഞ് നിത്യവും, പുലരുന്ന ഓരോ ദിവസവും അകറ്റിക്കൊണ്ടുപോകുന്നതിനുവേണ്ടി ഒരു പുതിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ നേരത്ത് തങ്ങളുടെ അല്ലാഹുവുമായിട്ടുള്ള ബന്ധവും അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത് അഹ്മദിയുടെ ജോലിയാണ്. ഉദിച്ചുയരുന്ന ഓരോ ദിവസവും ദൈവജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടുന്നതായിരിക്കണം. നബി(സ)തിരുമേനിയോടുള്ള അനുരക്തിയും സ്നേഹവും കേവലം നാവുകൊണ്ടുള്ള വാദമായിരിക്കരുത്. അത് മുദ്രാവാക്യത്തിൽമാത്രം ഒതുങ്ങരുത്. മറിച്ച് ആ സ്നേഹത്തിന്റേയും അനുരക്തിയുടേയും പ്രകടനം അവിടത്തെ പരിപാവനമായ മാതൃകയെ സ്വായത്തമാക്കിക്കൊണ്ടാകണം. അവിടത്തെ നാമത്തിൽ മുദ്രാവാക്യം വിളിക്കുകയും അതിനുശേഷം അവിടത്തെ പേരിൽ അക്രമം ചെയ്യുകയും ചെയ്യുന്നവരാകരുത്. ഇക്കാലത്തെ മുസ്‌ലീംകളുടെ അവസ്ഥ ഇതാണ്. ഒരുപാട് സംഘടനകൾ രൂപീകൃതമായിട്ടുണ്ട്. ഭരണകൂടങ്ങളും സംഘടനകളും ഇസ്‌ലാമിന്റേയും നബി(സ) തിരുമേനിയുടേയും പേരിലാണ് അക്രമം ചെയ്തുകൊണ്ടിരിക്കുന്നത്. മുഴുകാലത്തേക്കും കാരുണ്യമായി വന്ന ആ റഹ്മത്തുല്ലിൽ ആലമീനെ അവർ തങ്ങളുടെ ചെയ്തികൾകൊണ്ട് അക്രമത്തിന് കുറിമാനമാക്കിയിരിക്കുന്നു. അവരുടെ ശ്രമങ്ങൾ വിജയിക്കുകയില്ലെങ്കിലും! കാരണം ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നിരിക്കുന്നു. ഇസ്‌ലാമിന്റെ യഥാർഥമായ ചിത്രം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കാൻ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നമ്മൾ ഈ യഥാർഥ ചിത്രം അവതരിപ്പിക്കുന്നതിന് അവിടത്തെ എല്ലാ ജീവിതമാതൃകയേയും സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ ഭരണം നമ്മുടെമേൽ നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ എല്ലാ കർമങ്ങളും എപ്പോഴും സൽകർമങ്ങളായിരിക്കാനുള്ള ശ്രമത്തിലായിരിക്കണം. ശയ്ത്വാനിൽനിന്ന് അകന്നിരിക്കാനും റഹ്മാനോടു അടുത്തിരിക്കാനും ഓരോ നിമിഷവും ശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ അന്യരും നമസ്കരിക്കാറുണ്ട്. പക്ഷേ, അധികവും അവരുടെ നമസ്കാരങ്ങൾ അർശിൽപോകാതെ ഭൂമിയിൽത്തന്നെ ഇരുന്നുപോകുന്നു. അർശിലെ അല്ലാഹുവിന് ആ നമസ്കാരങ്ങളെകൊണ്ടു ഒരു ഉദ്ദേശ്യവുമില്ല. കാരണം അതിൽ ആത്മാർഥതയില്ല." അവരിൽ ദുനിയാവിന്റെ കലർപ്പുണ്ട്. അവരുടെ നമസ്കാരങ്ങൾ നാശമടയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശത്തിലും മുന്നറിയിപ്പിലും നമ്മൾ ചിന്തിക്കേണ്ടതിന്റേയും ആ

ലോചിക്കേണ്ടതിന്റേയും ആവശ്യമുണ്ട്. അവിടത്തെ ബയ്അത്തിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കിയിരിക്കേണ്ടതാണ്.

യഥാർഥ നമസ്കാരമെന്താണ്? അത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിനോടു സത്യസന്ധവും പരിശുദ്ധവുമായ ബന്ധമുണ്ടാകുമ്പോഴാണ് നമസ്കാരം യഥാർഥ നമസ്കാരം എന്ന് പറയപ്പെടുന്നത്. അല്ലാഹവിന്റെ വഴിയിൽ ജീവൻവരെ നല്കാനും മരിക്കാനും തയ്യാറാകുംവണ്ണം ദീനിനെ ദുൻയാവിനുമേൽ മുന്തിച്ചുകൊണ്ട് അവന്റെ സമ്പ്രീതിയിലും അനുസരണത്തിലും അലിഞ്ഞു ചേരുക. ഈ അവസ്ഥ മനുഷ്യനിലുണ്ടാകുമ്പോൾ അവന്റെ നമസ്കാരം, നമസ്കാരമാണെന്ന് പറയപ്പെടുന്നതാണ്. എന്നാൽ, ഈ യാഥാർഥ്യം മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകാത്തിടത്തോളം സത്യസന്ധമായ ആത്മാർഥതയുടേയും കൂറിന്റേയും മാതൃക കാണിക്കാത്തിടത്തോളം അവന്റെ നമസ്കാരങ്ങളും മറ്റു കർമങ്ങളും നിഷ്ഫലമാണ്." പറയുന്നു: 'ധാരാളം സൃഷ്ടികളുണ്ട്. ജനങ്ങൾ അവയെ മുഅ്മിനെന്നും സാത്വികരെന്നും മനസ്സിലാക്കുന്നു. എന്നാൽ, ആകാശത്തിൽ അവരുടെ പേര് കാഫിർ(സത്യനിഷേധി) എന്നാണ്. അതുകൊണ്ട് ആകാശത്തിൽ സത്യവിശ്വാസിയെന്ന് എഴുതപ്പെട്ടവനാണ് യഥാർഥ സത്യവിശ്വാസിയും സാത്വികനും; ദുൻയാവിന്റെ ദൃഷ്ടിയിൽ അവൻ കാഫിർ എന്ന് പറയപ്പെട്ടാലും വേണ്ടില്ല. (ഇപ്പോൾ ലോകം നമ്മളെ കാഫിർ എന്നു പറയുന്നു. നമുക്കതിന് അല്പംപോലും പ്രശ്നമില്ല. നമ്മുടെ കർമങ്ങൾ നല്ലതാണെങ്കിൽ, നമുക്ക് അല്ലാഹുവുമായി ബന്ധമുണ്ടെങ്കിൽ അല്ലാഹു നമ്മെ മുഅ്മിൻ എന്നു പറയുന്നതാണ്). പറയുന്നു: "യഥാർഥത്തിൽ മനുഷ്യൻ സത്യസന്ധമായി വിശ്വാസംകൊള്ളുക എന്നതും അല്ലാഹുവിനോട് സമ്പൂർണമായ ആത്മാർഥതയുടേയും കൂറിന്റേയും മാതൃക കാണിക്കുക എന്നതും പർവതങ്ങളുടെ ഇടയിലുള്ള സങ്കീർണസ്ഥാനമാണ്. മനുഷ്യൻ സത്യസന്ധമായി വിശ്വസിക്കുമ്പോൾ അതിന്റെ ധാരാളം അടയാളങ്ങളുണ്ടാകാറുണ്ട്. വിശുദ്ധഖുർആൻ സത്യസന്ധരായ മുഅ്മിനീംകളുടെ അടയാളങ്ങൾ വിവരിച്ചിട്ടുണ്ട്. അതെല്ലാം അവരിൽ കാണാം. യഥാർഥ ഈമാന്റെ അടയാളങ്ങളിൽ ഒരു വലിയ അടയാളം, മനുഷ്യൻ ഭൗതികതയെ തന്റെ കാലിന്നടിയിലിട്ട് ഞെരിച്ചുകൊണ്ട് പാമ്പ് ഉപ്പിളി ഊരുന്നതുപോലെ അതിൽനിന്ന് വെളിയിൽ എന്നതാണ്. ഭൗതികത പിന്നെ അവന്റെ പക്കലുണ്ടാകില്ല. യഥാർഥ ഉദ്ദേശ്യം അല്ലാഹുവിനെ തൃപ്തിപ്പെടുത്തുക എന്നതാണ്. ലോകം അതിനോടൊപ്പം എന്തായാലും ചേരുന്നതാണ്.'പറഞ്ഞു: ഈ രീതിയിൽ മനുഷ്യൻ ശരീരേച്ഛയുടെ ഉപ്പിളിയിൽനിന്ന് വെളിയിൽ വരുമ്പോൾ അവൻ മുഅ്മിനായിത്തീരുന്നു. ഈമാന്റെ സമ്പൂർണമായ അടയാളങ്ങൾ അവനിൽ കാണുന്നു. അല്ലാഹു പറയുന്നു, ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീന ഹും മുഹ്സിനൂൻ (നഹ്ൽ 129) അതായത് അല്ലാഹു തഖ്വ കൈക്കൊള്ളുന്നവരോടൊപ്പമാകുന്നു. തഖ്വയേക്കാളുപരിയായി പ്രവർത്തിക്കുന്നവർ അതായത് മുഹ്സിനാകുന്നു. (മൽഫൂദാത്ത്, വാള്യം 6, പേജ് 240–241, 1985, ലണ്ടൻ പതിപ്പ്)

യഥാർഥമായ നന്മ എന്താണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "തഖ്വായുടെ അർഥം തിന്മയുടെ അതിസൂക്ഷ്മമായ വഴികളിൽനിന്ന് മാറിനിലക്കുക എന്നാണ്. എന്നാൽ, ഓർമിക്കുക! താൻ ആരുടേയും ധനം അപഹരിച്ചിട്ടില്ല, കൊള്ളയടിച്ചിട്ടില്ല, മോഷ്ടിച്ചിട്ടില്ല, ദുർനോട്ടം നടത്തിയിട്ടില്ല, വ്യഭിചരിച്ചിട്ടില്ല അതുകൊണ്ട് താൻ നല്ലവനാണെന്ന് ഒരാൾ പറയുന്നതുകൊണ്ടുമാത്രം നല്ലവനാകുകയില്ല." പറയുന്നു: "അത്തരം നന്മ ദൈവജ്ഞാനികളുടെ പക്കൽ പരിഹാസാർഹമാണ്. കാരണം അവൻ ആ തിന്മകൾ ചെയ്യുകയാണെങ്കിൽ, മോഷണവും കൊള്ളയും നടത്തുകയാണെങ്കിൽ അവന് ശിക്ഷ കിട്ടുന്നതാണ്. അതുകൊണ്ട് ദൈജ്ഞാനിയുടെ പക്കൽ ഇത് മൂല്യാർഹമായ നന്മയൊന്നുമല്ല. പ്രത്യുത അസലും യഥാർഥവുമായ നന്മ മനുഷ്യകുലത്തിന് നന്മ ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ വഴിയിൽ തികഞ്ഞ സത്യസന്ധതയും കൂറും കാണിക്കുകയും അവന്റെ വഴിയിൽ ജീവൻവരെ വെടിയാൻ തയ്യാറാകുകയും ചെയ്യുക എന്നതാണ്. അതുകൊണ്ടാണ് ഇവിടെ പറഞ്ഞത് ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂൻ തിന്മയിൽനിന്ന് വിട്ടു നില്ക്കുകയും അതിനോടൊപ്പം നന്മകൾ ചെയ്യുകയും ചെയ്യുന്നവരുടെ കൂടെയാണ് അല്ലാഹു. നന്മകൾ ഒപ്പം ചെയ്യുന്നതുവരെ കേവലം തിന്മയിൽനിന്ന് വിട്ടുനില്ക്കുക എന്നത് വിശേഷഗുണമല്ലെന്നകാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക." ധാരാളം ആളുകളുണ്ട്. അവർ ഒരിക്കലു വ്യഭിചരിച്ചിട്ടില്ല. വധിച്ചിട്ടില്ല. മോഷ്ടിച്ചിട്ടില്ല. കൊള്ളയടിച്ചിട്ടില്ല. ഇങ്ങനെയൊക്കെയായിട്ടും അതിന്റെ എന്തെങ്കിലും സത്യസന്ധതയുടേയോ കൂറിന്റേയോ മാതൃക അവർ അല്ലാഹുവിന്റെ വഴിയിൽ കാണിച്ചിട്ടില്ല. അല്ലെങ്കിൽ മനുഷ്യകുലത്തിന് ഒരു സേവനവും ചെയ്തിട്ടില്ല. ആ രീതിയിൽ ഒരു നന്മയും ചെയ്തില്ല. ഇക്കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് തന്നെ സൽകർമകാരികളിൽ പെടുത്തുന്നവൻ അജ്ഞനായിരിക്കും. കാരണം ഇത് ദുർനടപ്പുകളാണ്. വെറും ഇത്തരം വിചാരങ്ങൾകൊണ്ട് അല്ലാഹുവിന്റെ ഔലിയാക്കളിൽ പ്രവേശിക്കുകയില്ല.' പറഞ്ഞു:ദുർന്നടപ്പുകാരനും കളവും വഞ്ചനയും കാണിക്കുന്നവനും കൈക്കൂലി വാങ്ങുന്നവനും അവന് ശിക്ഷ കൊടുക്കുക എന്നത് അല്ലാഹുവിന്റെ നടപടിയാണ്. ശിക്ഷ പ്രാപിക്കാത്തിടത്തോളം അവൻ മരിക്കുകയില്ല. ഓർമിക്കുക വെറും ഇത്തരം കാര്യങ്ങളുടെ പേരല്ല നന്മ. തഖ്വ താഴെയുള്ള സ്ഥാനമാണ്. ഇതിന്റെ ഉദാഹരണം ഉന്നതനിലയിലുള്ള സ്വാദിഷ്ഠമായ ഭക്ഷണമിടുന്നതിന് ഏതെങ്കിലും പാത്രം നല്ലവണ്ണം വൃത്തിയാക്കുന്നതുപോലെയാണ്. ഏതെങ്കിലും പാത്രം നല്ലവണ്ണം വൃത്തിയാക്കിവെക്കുകയും പക്ഷേ, അതിൽ ഭക്ഷണമിടാതിരിക്കുകയുമാണെങ്കിൽ വയർ നിറയുമോ? ഒരിക്കലുമില്ല. ആ ശൂന്യമായ പാത്രം ഭക്ഷണംകൊണ്ട് വയർ നിറയ്ക്കുമോ? ഒരിക്കലുമില്ല. ഈ രീതിയിൽ തഖ്വയെ മനസ്സിലാക്കുക. തഖ്വ എന്താണ്? ദോഷപ്രവണമായ ആത്മാവിന്റെ പാത്രത്തെ വൃത്തിയാക്കുക.' (മൽഫൂദാത്ത്, വാള്യം 6, പേജ് 241–243, 1985, ലണ്ടൻ എഡിഷൻ)

അതിനാൽ പാത്രം വൃത്തിയാക്കി അതിൽ പിന്നീട് സൽകർമങ്ങളുടെ ഭക്ഷണം നിറയ്ക്കണം. പിന്നീട് അത് ഭക്ഷിക്കുക എന്നതാണ് യഥാർഥ കാര്യം. അത് മനുഷ്യന് ദൈവത്തിന്റെ സാമീപ്യം നല്കി അനുഗ്രഹിക്കുന്നു. അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരാക്കിത്തീർക്കുന്നു.

വളരെ വലിയ വലിയ തിന്മകളിൽ ഒരു തിന്മയും പാപവുമാണ് കളവ്. ഇതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ഞാൻ ചിന്തിച്ചു. വിശുദ്ധ ഖുർആനിൽ ആയിരക്കണക്കിന് കല്പനയുണ്ട്. അത് പാലിക്കപ്പെടുന്നില്ല. നിസാര കാര്യങ്ങളിൽപോലും വിരുദ്ധം പ്രവർത്തിക്കുന്നു. എത്രത്തോളമെന്നാൽ ചില കളവുകൾ കച്ചവടക്കാർ പറയുന്നു. ചില നന്മകളുള്ളവർ കളവു പറയുന്നു. വാസ്തവത്തിൽ അല്ലാഹു അതിനെ 'രിജ്സ്'നോടൊപ്പമാണ് വെച്ചിട്ടുള്ളത്. വർണംപൂശി അവസ്ഥകൾ വിവരിക്കുന്നതിൽനിന്ന് പിന്മാറാത്ത ഒരുപാടാളുകളെ കാണാവുന്നതാണ്. അതിനെ ആരും പാപമായി മനസ്സിലാക്കുന്നതേയില്ല. ചിരിക്കാനും കളവു പറയുന്നു. കളവിന്റെ എല്ലാ വകുപ്പുകളിൽനിന്നും വിട്ടു നിൽക്കാത്തിടത്തോളം മനുഷ്യൻ സിദ്ദീഖ് എന്ന് പറയപ്പെടുകയില്ല." (മൽഫൂദാത്ത് വാള്യം 5 പേജ് 120 1985 ലണ്ടൻ പതിപ്പ്)

ഒരു ഉൽകൃഷ്ടമായ സ്വഭാവമാണ് മറ്റുള്ളവരുടെ ദോഷങ്ങൾ മറച്ചുവെക്കുക എന്നത്. അത് ഉൽകൃഷ്ടമായ സ്വഭാവമാണെന്ന് മാത്രമല്ല മറിച്ച് അതുമുഖേന മനുഷ്യൻ ധാരാളം കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെടുകയും ചെയ്യുന്നു. ജനങ്ങളേയും രക്ഷിക്കുന്നു. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ജമാഅത്തിൽ പരസ്പരമുള്ള തർക്കങ്ങൾ ഒരുപാടുള്ളതായി ഞാൻ കാണുന്നു. നിസാരമായ തർക്കങ്ങൾ മുഖേന ഒരാൾ മറ്റൊരാളുടെ അഭിമാനത്തിനുമേൽ ആക്രമണം നടത്താൻ തുടങ്ങുന്നു.'(അല്പമാത്രമായ വൈരാഗ്യമുണ്ടാകും. പിന്നീടത് വർധിച്ച് വർധിച്ച് ഒരാൾ മറ്റൊരാളുടെമേൽ ആക്രമണം നടത്താൻ തുടങ്ങുന്നു). "അവൻ തന്റെ സഹോദരനുമായി വഴക്കിടുന്നു. ഇത് വളരെ അനുചിതമായ പ്രവൃത്തിയാണ്.'പറഞ്ഞു: 'ഇതുണ്ടാകാൻ പാടില്ല. മറിച്ച് ഒരാൾ തന്റെ തെറ്റ് അംഗീകരിക്കുകയാണെങ്കിൽ എന്ത് കുഴപ്പമുണ്ടാകാനാണ്?' (രണ്ടുപേർ തമ്മിൽ വഴക്കിടുന്നു. അപ്പോൾ ഒരാൾ അനുരഞ്ജനത്തിനായി മറ്റെയാളെ അംഗീകരിക്കുക). പറഞ്ഞു: "ചിലയാളുകൾ നിസ്സാര കാര്യത്തിന് മറ്റുള്ളവരെ നിന്ദിക്കുന്നു. അവരുടെ പിന്നാലെ കൂടുന്നു. വിട്ടൊഴിയുന്നില്ല. ഇതിൽനിന്ന് വിട്ടുനിൽക്കേണ്ടത് നിർബന്ധമാണ്) പറഞ്ഞു:"അല്ലാഹുവിന്റെ പേരാണ് സത്താർ എന്നത്. ഇവരെന്തുകൊണ്ടാണ് തങ്ങളുടെ സഹോദരങ്ങളുടെമേൽ കരുണ കാണിക്കാത്തത്. മാപ്പുകൊടുത്തും തെറ്റുകൾ മറച്ചുവെച്ചും പ്രവർത്തിക്കാത്തത്? നിങ്ങളുടെ സഹാദരങ്ങളുടെ ദോഷങ്ങൾ മറച്ചുവെക്കുക. അവരുടെ അഭിമാനത്തിന്റേയും അന്തസ്സിന്റേയുംമേൽ ആക്രമണം നടത്താതിരിക്കുക." പറയുന്നു: "ഒരു ലഘുകൃതിയിൽ എഴുതിയിരിക്കുന്നത് കണ്ടു; ഒരു രാജാവ് വിശുദ്ധ ഖുർആൻ പകർത്തി എഴുതാറുണ്ടായിരുന്നു. ഈ വചനം തെറ്റായിട്ടാണ് എഴുതിയിട്ടുള്ളതെന്ന് ഒരു മുല്ലാക്ക പറഞ്ഞു. രാജാവ് ഉടനെ അത് നീക്കം ചെയ്യുന്നതിന് അവിടെ ഒരു വൃത്തം വരച്ചു. അദ്ദേഹം പോയപ്പോൾ ആ വൃത്തം രാജാവ് മായിച്ചുകളഞ്ഞു. അങ്ങനെ എന്തിനാണ് ചെയ്തതെന്ന് രാജാവിനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, യഥാർഥത്തിൽ അദ്ദേഹം പറഞ്ഞത് തെറ്റായിരുന്നു.(എന്നെ നന്നാക്കാൻവേണ്ടി വന്ന മുല്ലാക്ക പറഞ്ഞത് തെറ്റായിരുന്നു). എന്നാൽ,അദ്ദേഹത്തിന് വിഷമം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി അപ്പോൾ ഞാൻ അങ്ങനെ ചെയ്തതാണ്.'(ഞാൻ അയാളുമായി സംസാരിക്കുമ്പോൾ അയാൾ നാണംകെടാൻ പാടില്ല) പറയുന്നു: "മറ്റുള്ളവരുടെ ദോഷങ്ങൾ തപ്പിപിടിച്ച് പരസ്യപ്പെടുത്തുക എന്നത് വലിയ അഹങ്കാരത്തിന്റെ വേരും രോഗവുമാണ്. അത്തരം കാര്യങ്ങൾകൊണ്ട് ആത്മാവ് മോശമായി പോകുന്നു. അതിൽനിന്ന് വിട്ടുനില്ക്കേണ്ടതാണ്. ചുരുക്കം പറഞ്ഞാൽ ഇതെല്ലാം തഖ്വയിൽപ്പെട്ടതാണ്. ആന്തരികവും ബാഹ്യവുമായ കാര്യങ്ങളിൽ തഖ്വയോടുകൂടി പ്രവൃത്തിക്കുന്നവൻ മലക്കുകളിൽ പ്രവേശിപ്പിക്കപ്പെടുന്നു. കാരണം അവനിൽ പിന്നീട് ഒരു ധിക്കാരവും അവശേഷിക്കുന്നില്ല." പറയുന്നു:"തഖ്വ കൈക്കൊള്ളുക. കാരണം തഖ്വയ്ക്കുശേഷമാണ് അല്ലഹുവിന്റെ ബർക്കത്തുകൾ വരുന്നത്. മുത്തഖിയായ മനുഷ്യൻ ഭൗതിക ബലാകളിൽനിന്ന് രക്ഷിക്കപ്പെടുന്നു. അല്ലാഹു അവന്റെ ദോഷങ്ങൾ മറച്ചുവെക്കുന്നവനായി മാറുന്നു."ഈ മാർഗം സ്വീകരിക്കാത്തിടത്തോളം ഒരു ഫലവുമില്ല. അത്തരക്കാർ എന്റെ ബയ്അത്തിൽനിന്ന് ഒരു ഫലവുമെടുക്കുകയില്ല. ഫലമുണ്ടാവുകയാണെങ്കിൽത്തന്നെയും എങ്ങനെ ഉണ്ടാകാനാണ്? ഒരു അക്രമം ഉള്ളിൽത്തന്നെയിരിക്കുന്നു. അതേ! ആവേശവും പൊങ്ങച്ചവും അഹങ്കാരവും എടുത്തു ചാട്ടവും പ്രദർശനപരതയും കോപവും അവശേഷിക്കുന്നു. അതെല്ലാം മറ്റുള്ളവരിലുമുള്ളതാണ്. പിന്നെ തമ്മിലെന്താണ് വ്യത്യാസം?' പറയുന്നു: 'ഭാഗ്യവാനായിട്ട് ഒരാൾ മാത്രമേ ഗ്രാമത്തിൽ ഉള്ളൂവെങ്കിലും അമാനുഷികസിദ്ധിഎന്ന പോലെ ജനങ്ങൾ അയാളിലേക്ക് ആകർഷിക്കപ്പെടുന്നു. സൽകർമി അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് സൽകർമം കരസ്ഥമാക്കുന്നു. അവനെ സംബന്ധിച്ച് മറ്റുള്ളവരിൽ ആദരയുക്തമായ ഒരു ഭയമുണ്ടാകുന്നു. അത് മനസ്സുകളിൽ പതിയുന്നു. അത് ദൈവം സഹചാരിയായുള്ള മനുഷ്യനാണ്. ഇത് അല്ലാഹുവിൽനിന്ന് വരുന്നുവെന്നത് തികച്ചും സത്യസന്ധമായ കാര്യമാണ്. അല്ലാഹു തന്റെ മഹത്ത്വത്തിൽനിന്ന് അവന് ഓഹരി നല്കുന്നു. സൽകർമത്തിന്റെ മാർഗമാണിത്. ആരാണോ ദൈവത്തിൽനിന്ന് വരുന്നത് അല്ലാഹു തന്റെ മഹത്ത്വത്തിൽനിന്ന് അവന് ഓഹരി നല്കുന്നു.' പറയുന്നു: 'അതുകൊണ്ട് ഓർമിക്കുക! ചെറിയ ചെറിയ കാര്യങ്ങളിൽപോലും സഹോദരങ്ങളെ വേദനിപ്പിക്കുന്നത് ശരിയല്ല. നബി(സ)തിരുമേനി എല്ലാ സവിശേഷഗുണങ്ങളുടെയും സമുച്ചയമാണ്. ഇക്കാലത്ത് അവസാന മാതൃകയായി അവിടത്തെ സൽസ്വഭാവങ്ങളുടെ അല്ലാഹു സ്ഥാപിച്ചിരിക്കുന്നത്'. (ലോക

ത്തിലെ എല്ലാ സവിശേഷഗുണങ്ങളും അങ്ങയിൽ വന്ന് അവസാനിച്ചു. പറഞ്ഞു: എല്ലാവർക്കുമുള്ള മാതൃകയാണ് അവിടന്ന്.) പറയുന്നു: ഇക്കാലത്തും അതേ മൃഗീയത നിലനില്ക്കുകയാണെങ്കിൽ വളരെ വിഷമവും ദൗർഭാഗ്യവുമാണത്. നബി(സ) തിരുമേനിയ്ക്ക് ബയ്അത്ത് ചെയ്തുവെന്ന വാദം, ആ മഹാത്മാവിന്റെ ദാസന് ബയ്അത്ത് ചെയ്തുവെന്ന വാദം നിങ്ങളുടെ സൽസ്വഭാവങ്ങളേയും ഉന്നതമാക്കേണ്ടതാണ്. എന്നിട്ടും അതുപോലെതന്നെ ഇരിക്കുകയാണെങ്കിൽ, പരസ്പരം കാലുവാരിക്കൊണ്ടിരിക്കുകയാണെങ്കിൽ, മൃഗീയത നിലനില്ക്കുകയാണെങ്കിൽ, പരസ്പരം നഷ്ടമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത് കഷ്ടവും ദൗർഭാഗ്യകരവുമാണ്) പറഞ്ഞു: 'മറ്റുള്ളവരുടെമേൽ കുറ്റം ആരോപിക്കരുത്. കാരണം ആ ന്യൂനത അയാളിൽ ഇല്ലെങ്കിൽ ചില നേരങ്ങളിൽ മനുഷ്യൻ മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിച്ച് സ്വയം അതിൽ അകപ്പെട്ടുപോകാറുണ്ട്. ഇനി ആ ന്യൂനത സത്യമായിട്ടും അയാളിലുണ്ടെങ്കിൽ അക്കാര്യം അല്ലാഹുവിന്റെ പക്കലാണ്.

പറയുന്നു: "തങ്ങളുടെ സഹോദരങ്ങളുടെമേൽ അവിശുദ്ധമായ ആരോപണങ്ങൾ ഉന്നയിക്കുക എന്നത് ഒരുപാടാളുകളുടെ ശീലമായിത്തീർന്നിരിക്കുന്നു. അതിൽനിന്ന് വിട്ടുനില്ക്കുക. മനുഷ്യകുലത്തിന് ഗുണം ചെയ്യുക. തങ്ങളുടെ സഹോദരങ്ങളോടു സഹതാപം കാണിക്കുകയും അയൽവാസികളോടു നല്ല രീതിയിൽ പെരുമാറുകയും ചെയ്യുക. തങ്ങളുടെ സഹോദരങ്ങളോടു നല്ല നിലയിൽ സഹവസിക്കുക. ഏറ്റവും ആദ്യം ശിർക്കിൽനിന്ന് രക്ഷപ്പെടുക; ഇത് തഖ്‌വായുടെ ഒന്നാമത്തെ ഇഷ്ടികയാണ്."(മൽഫൂദാത്ത് വാള്യം 6 പേജ് 341–344 1985 ലണ്ടൻ പതിപ്പ്)

തന്റെ സഹോദരന്റെ തെറ്റുകണ്ട് എന്തുമാർഗമാണ് സ്വീകരിക്കേണ്ടത്? അതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എനിക്ക് എന്റെ ജമാഅത്തിനെ സംബന്ധിച്ച് വലിയ ദുഃഖമാണുള്ളത്. ഇപ്പോഴും ഇവർ പരസ്പരം നിസാരമായ കാര്യങ്ങളിൽ ദ്വേഷം പിടിക്കുന്നു. പൊതുസഭയിൽ ആരെയെങ്കിലും ഹമുക്കെന്ന് പറയുന്നതും വലിയ തെറ്റാണ്. ഏതെങ്കിലും സഹോദരന്റെ തെറ്റുകാണുകയാണെങ്കിൽ അല്ലാഹു അയാളെ രക്ഷിക്കുന്നതിനുവേണ്ടി ദുആ ചെയ്യുകയാണ് വേണ്ടത്, പരസ്യപ്പെടുത്തുകയല്ല. ആരുടെയെങ്കിലും മകൻ ദുർന്നടപ്പുകാരനാണെങ്കിൽ അവനെ അപ്പോൾ ആരും നഷ്ടപ്പെടുത്തുകയില്ല. മറിച്ച് ഉള്ളിൽ ഒരു മൂലയിൽ ഇത് ചീത്ത പ്രവൃത്തിയാണെന്നും ഇതു ചെയ്യരുതെന്നും പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്നു. സ്വന്തം മക്കളോടു അലിവോടും സൗമ്യത്തോടും മയത്തോടും പെരുമാറുന്നതുപോലെ പരസ്പരം സഹോദരങ്ങളോടും പെരുമാറുക. ആരുടെ സ്വഭാവമാണോ നല്ലതല്ലാത്തത് എനിക്ക് അവന്റെ ഈമാനെ സംബന്ധിച്ച് ആശങ്കയുണ്ട്. കാരണം അവനിൽ അഹങ്കാരത്തിന്റെ ഒരു വേരുണ്ട്. അല്ലാഹു തൃപ്തനല്ലെങ്കിൽ അവൻ നാശമടഞ്ഞു." അതിനാൽ അവന്റെ സ്വന്തം ധാർമികാവസ്ഥയുടെ നില ഇതാണെങ്കിൽ അവന് മറ്റുള്ളവരെക്കുറിച്ച് പറയാൻ എന്തവകാശമാണുള്ളത്. അവിടന്ന് പറയുന്നു: അല്ലാഹു പറയുന്നു ഇതിന്റെ അർഥം സ്വന്തം ആത്മാവിനെ വിസ്മരിച്ച് മറ്റുള്ളവരുടെ കുറവുകളെ നോക്കാതിരിക്കുക എന്നാണ്. എന്നല്ല സ്വന്തം കുറവുകളിലേക്ക് നോക്കുക. കാരണം അക്കാര്യങ്ങളെ നിർവഹിക്കാൻ അവൻ നിർബന്ധിതനല്ല. അതുകൊണ്ട് അവസാനം ലിമ തഖൂലൂന മാലാ തഫ്അലൂന്റെ പ്രതീകമായിത്തീരുന്നു. (മൽഫൂസാത്ത്, വാള്യം 6, പേജ് 368–368, 1985 ലണ്ടൻ എഡിഷൻ)

ദ്വേഷത്തിന് അടിപ്പെട്ടവൻ വിജയത്തിൽനിന്നും സഹായത്തിൽനിന്നും പിന്തള്ളപ്പെടുന്നു. ആർക്കാണോ ദ്വേഷം വരുന്നത് അവനെ കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഓർമിക്കുക ആരാണോ കടുപ്പം കാണിക്കുകയും ദ്വേഷപ്പെടുകയും ചെയ്യുന്നത് അവന്റെ നാവിൽനിന്ന് ജ്ഞാനങ്ങളും തത്ത്വജ്ഞാനപരമായ കാര്യങ്ങളും ഒരിക്കലും പുറപ്പെടുകയില്ല. അവൻ ഹൃദയത്തിന്റെ യുക്തിപരമായ കാര്യങ്ങളിൽനിന്ന് പിന്തള്ളപ്പെടുന്നു. ആരാണോ തന്റെ എതിരാളിയുടെ മുന്നിൽ ക്ഷിപ്രകോപിയായിക്കൊണ്ട് അനിയന്ത്രിതനാകുന്നത് അവൻ ദുർബുദ്ധിയും കടിഞ്ഞാണില്ലാത്ത ചുണ്ടുകളും സ്വാദിഷ്ഠമായ അരുവിയിൽനിന്ന് നിർഭാഗ്യനും പിന്തള്ളപ്പെട്ടവനുമായിത്തീരുന്നു. ദ്വേഷവും തത്ത്വജ്ഞാനവും ഒരിടത്ത് സമ്മേളിക്കുകയില്ല. ആരാണോ ദ്വേഷത്തിന് അടിപ്പെടുന്നത് അവന്റെ ബുദ്ധി വണ്ണമുള്ളതും ചിന്താശക്തി വൃത്തികെട്ടതുമായിരിക്കും. (കോപാകുലനാകുന്നവന്റെ ബുദ്ധി നശിച്ചുപോകുന്നു) 'അവന് ഒരിക്കലും ഒരു മൈതാനത്തും വിജയമോ സഹായമോ കൊടുക്കപ്പെടുകയില്ല.' പറയുന്നു: 'കോപം പകുതി ഭ്രാന്താണ്. അത് കൂടുതൽ ജ്വലിക്കുമ്പോൾ മുഴുഭ്രാന്തായേക്കാം.' പറയുന്നു: 'നമ്മുടെ ജമാഅത്തിന് വേണ്ടത് എല്ലാ വൃത്തികെട്ട കർമങ്ങളിൽനിന്നും അകന്നുനില്ക്കുക എന്നതാണ്. തായ്ത്തടിയോടും മരത്തിനോടും സത്യസന്ധമായ ബന്ധം പുലർത്താത്ത ശാഖകൾ നിഷ്ഫലമായിരിക്കും. അതുകൊണ്ട് നോക്കുക! നിങ്ങൾ നമ്മുടെ യഥാർഥ ഉദ്ദേശ്യം മനസ്സിലാക്കുകയും നിബന്ധനകൾ പാലിക്കുകയും ചെയ്യുന്നില്ലെങ്കിൽ (ഏതൊരു നിബന്ധനകളനുസരിച്ചാണോ ബയ്അത്ത് ചെയ്തത്) അല്ലാഹു എനിക്കു നല്കിയിട്ടുള്ള ആ വാഗ്ദാനങ്ങളുടെ അനന്തരാവകാശി നിങ്ങളെങ്ങനെയാകാനാണ്?" (മൽഫൂദാത്ത്, വാള്യം 5, പേജ് 126–127, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് വാഗ്ദാനങ്ങളുടെ ഭാഗഭാക്കാകുന്നതിന് അവിടത്തെ ദുആകളിൽനിന്ന് അനുഗ്രഹം നേടുന്നതിന് ആരിലെങ്കിലും ദുശ്ശീലമുണ്ടെങ്കിൽ ആ അവസ്ഥകൾ മാറ്റേണ്ട ആവശ്യമുണ്ട്. ഇവിടേയും ജൽസയിൽ ധാരാളമാളുകൾ വന്നിട്ടുള്ളത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാർഥനകളിൽ ഭാഗഭാക്കാകാനാണ്. എന്നാൽ, കർമപരമായ അവസ്ഥ ശരിയല്ലെങ്കിൽ ദുആകളിൽനിന്ന് ഓഹരി എങ്ങനെ ലഭിക്കാനാണ്? ഇത് അവിടന്ന് തന്നെ പറഞ്ഞിട്ടുള്ളതാണ്.

ദ്വേഷത്തിന് പകരം ഏതുതരത്തിലുള്ള അവസ്ഥയാണ് ഒരു മുഅമിനിൽ ഉണ്ടായിരിക്കേണ്ടത്. ഇതു സംബന്ധമായി അവിടന്ന് പറയുന്നു: 'നിങ്ങളുടെ ഈ നേരത്തെ ദ്വേഷം ഏതെങ്കിലും തരത്തിലുള്ള കലാപമുണ്ടാക്കുന്നതാകരുത്. അതുമുഖേന മുഴുവൻ ജമാഅത്തിനും ദുഷ്പേരുണ്ടാകുന്നു. അല്ലെങ്കിൽ എന്തെങ്കിലും കേസുണ്ടാകുക. അതുമുഖേന എല്ലാവരും ആശങ്കപ്പെടുക. (ഇവിടേയും ജൽസയിൽ ആളുകൾ വരുന്നു. ചില ചെറുപ്പക്കാർ അടിപിടിയുണ്ടാക്കുന്നു. ചിലർ പഴയകാല വൈരാഗ്യങ്ങളുമായി എഴുന്നേറ്റുനില്ക്കുന്നു. അതുകൊണ്ട് ഇക്കാര്യങ്ങൾ പുറത്തുവരുമ്പോൾ ജമാഅത്തിന് ചീത്തപേരുണ്ടാകുന്നു.) പറയുന്നു: എല്ലാ നബിമാരേയും ചീത്തവിളിച്ചിട്ടുണ്ട്. അത് നബിമാർക്ക് അനന്തരാവകാശത്തിൽ ലഭിച്ചതാണ്. പിന്നെ ഞാനെന്തിന് അതിൽനിന്ന് പിന്തള്ളപ്പെടണം. (നമ്മേയും ആളുകൾ ചീത്തവിളിക്കുന്നു). 'കോപാശക്തി നിങ്ങൾക്ക് നൽകപ്പെട്ടിട്ടേയില്ല എന്ന് തോന്നുംവിധം നിങ്ങൾ കോപത്തെ അതിജയിക്കുന്നവരാകുക. അത് മറ്റുള്ളവർക്കു വേണ്ടിയുള്ളതാണ്. മറ്റുള്ളവരും നി ങ്ങളെ ചീത്ത വിളിക്കുന്നു. അപ്പോൾ നിങ്ങൾ നിങ്ങളുടെ ദ്വേഷം അമർച്ച ചെയ്യണം. പക്ഷേ, പരസ്പരം ഈയവസ്ഥ ഒരിക്കലും ഉണ്ടാകാൻപാടില്ല. പറഞ്ഞു: 'നോക്കു ഇരുട്ടിന്റെ അല്പം ഭാഗം ഉണ്ടെങ്കിലും പ്രകാശം വരികയില്ല. പ്രകാശവും അന്ധകാരവും ഒരിടത്ത് സമ്മേളിക്കുകയില്ല. പ്രകാശം വരുമ്പോൾ അന്ധകാരം നിലനില്ക്കുകയില്ല. നിങ്ങൾ നിങ്ങളുടെ എല്ലാ കഴിവുകളേയും പൂർണമായ നിലയിൽ അല്ലാഹുവിനെ അനുധാവനം ചെയ്യുന്നവിധത്തിൽ ആക്കുക. ഏതെങ്കിലും കുറവുകൾ ഏതെങ്കിലും അവയവത്തിൽ ഉണ്ടെങ്കിൽ വെറ്റിലക്കച്ചവടക്കാരൻ ചീഞ്ഞളിഞ്ഞ വെറ്റില കണ്ടെത്തി വലിച്ചെറിയുന്നതുപോലെ നിങ്ങളുടെ ദുശ്ശീലങ്ങളെ പുറത്തേക്ക് വലിച്ചെറിയുക. എല്ലാ അവയവങ്ങളേയും നന്നാക്കിത്തീർക്കുക. അല്ലാതെ നന്മ ചെയ്യുകയും നന്മയിൽ തിന്മ കൂട്ടിക്കലർത്തുകയും ചെയ്യാൻ പാടില്ല. തൗബ ചെയ്തുകൊണ്ടിരിക്കുക. ഇസ്തിഗ്ഫാർ ചെയ്യുക. ദുആകൊണ്ടു എപ്പോഴും പ്രവൃത്തിച്ചുകൊണ്ടിരിക്കുക.'(മൽഫൂദാത്ത് വാള്യം 5 പേജ് 128 1985 ലണ്ടൻ പതിപ്പ്)

പറയുന്നു:"നമുക്ക് വിജയിക്കാനുള്ള ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവ്, അല്ലാഹുവിന്റെ മാഹാത്മ്യം മുന്നിൽ വെക്കൽ, അഞ്ചുനേരനമസ്കാരം അനുഷ്ഠിക്കലാണ്. നമസ്കാരം ദുആ സ്വീകാര്യതയ്ക്കുള്ള താക്കോലാണ്. നമസ്കരിക്കുമ്പോൾ അതിൽ ദുആ ചെയ്യുക. അലസത കാണിക്കരുത്. എല്ലാ ഓരോ തിന്മയിൽനിന്ന് അത് അല്ലാഹുവിനോടുള്ള കടമയെ സംബന്ധിച്ചാണെങ്കിലും വേണ്ടില്ല സൃഷ്ടികളോടുള്ള കടമയെ സംബന്ധിച്ചാണെങ്കിലുംവേണ്ടില്ല രക്ഷപ്പെട്ടുകൊള്ളുക.(മൽഫൂദാത്ത് വാള്യം 5 പേജ് 303 1985 ലണ്ടൻ പതിപ്പ്).

ഈ നിലവാരങ്ങൾ കരസ്ഥമാക്കുന്നവരാകാനും അവിടത്തെ ബയ്അത്തിൽ വന്ന് അദ്ദേഹത്തിന്റെ നിയോഗോദ്ദേശ്യം മനസ്സിലാക്കുന്നവരാകാനും അത് പൂർത്തിയാക്കുന്നതിന് നമ്മുടെ എല്ലാ കഴിവുകളും എല്ലാ ശക്തികളും ഉപയോഗിക്കുന്നവരാകാനും ലോകത്തിനും ഈ യാഥാർഥ്യം മനസ്സിലാക്കിക്കൊടുക്കുന്നവരാകാനും അല്ലാഹു നമുക്ക് തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

ജൽസയുടെ ദിവസങ്ങളിൽ അവിടേയും ഇവിടേയും ചുറ്റിക്കറങ്ങുന്നതിനുപകരം ജൽസാപരിപാടികളിൽ പങ്കെടുക്കുക. ജൽസാപരിപാടികളിൽ പങ്കെടുക്കുക. എല്ലാ പ്രസംഗങ്ങളും കേൾക്കുക. ഓരോ പ്രസംഗവും ഏതെങ്കിലുമൊക്കെ രീതിയിൽ വൈജ്ഞാനികവും വിശ്വാസാദാർശപരവും ആത്മീയവുമായ അഭിവൃധിക്ക് മാർഗമായേക്കാം. അനുവദനീയമായ കാരണം കൂടാതെ ആളുകൾ അവിടെയും ഇവിടേയും കറങ്ങിനടക്കുന്നില്ലെന്ന് തർബിയ്യത്ത് വകുപ്പും ഉറപ്പു വരുത്തുക. ജൽസാഗാഹിലിരിക്കുക. ജൽസ കേൾക്കാൻ വന്നതാണ്. അതിനുവേണ്ടി പരിശ്രമിക്കുക. അതുപോലെതന്നെ ഇതിൽ പങ്കെടുക്കുന്ന എല്ലാവരും ഡ്യൂട്ടികൾ നിർവ്വഹിക്കുന്നവരോടും പൂർണമായും സഹകരിക്കുക. പാർക്കിംഗിലും സ്കാനിംഗ് ചെയ്യുന്നനേരത്തും ചില ഘട്ടങ്ങളിൽ ദീർഘമായ നിരകളുണ്ടാകാറുണ്ട്. ഭക്ഷണസമയത്തും ചിലപ്പോൾ വിഷമം അനുഭവപ്പെടാറുണ്ട്. ഇതുപോലെതന്നെ ശൗച്യാലയങ്ങളിലും ശുചിത്വം അനിവാര്യമാണ്. അതുകൊണ്ട് സ്വയം അത് നോക്കുക. വൃത്തിയാക്കുന്നയാൾ ഉണ്ടോ ഇല്ലേ എന്നു നോക്കേണ്ട. സ്വയം നിങ്ങൾ ശുദ്ധിയുടെ കാര്യത്തിൽ ശ്രദ്ധിക്കുക. വൃത്തിയും ഈമാന്റെ ഭാഗമാണ്.' (സ്വഹീഹ് മുസ്‌ലിം, കിതാബുത്വഹാറ, ഹദീഥ് 534)

ഇതേരീതിയിൽ പ്രവർത്തകരും അവർക്ക് എവിടെയൊക്കെ ഡ്യൂട്ടിയുണ്ടോ സന്തോഷത്തോടുകൂടി എല്ലാവരോടും പെരുമാറേണ്ടതാണ്. ഏത് പരിതസ്ഥിതിയിലും ഒരു പ്രവർത്തകന്റെ അല്ലെങ്കിൽ പ്രവർത്തകയുടെ പെരുമാറ്റം തെറ്റായ സ്വാധീനമുണ്ടാക്കുന്നത് ആകാൻ പാടില്ല. എപ്പോഴും പുഞ്ചിരിച്ചുകൊണ്ട് സേവനം ചെയ്യുക. ഏതവസ്ഥയിലാണെങ്കിലും. പ്രത്യേകിച്ചും പങ്കെടുക്കുന്നവരും ഡ്യൂട്ടി നല്കുന്നവരും ശ്രദ്ധിക്കുക. അവർ തങ്ങളുടെ ചുറ്റുവട്ടത്തും ദൃഷ്ടി പതിപ്പിക്കേണ്ടതാണ്. ആഴത്തിലുള്ള ദൃഷ്ടി വെക്കേണ്ടതാണ്. ഇത് സെക്യൂരിറ്റിക്കും വളരെ നിർബന്ധമായ കാര്യമാണ്. ഇക്കാലത്തെ പരിതഃ സ്ഥിതിയിൽ ഇത് പ്രത്യേകമായ നിലയിൽ വളരെ നിർബന്ധമാണ്. എല്ലാത്തിനേക്കാളുപരി ഈ ദിനങ്ങളിൽ ദുആകളിലും ദൈവസ്മരണയിലും കൂടുതൽ ശക്തി ചെലുത്തുക. അതിൽ സമയം ചെലവഴിക്കുക. നിങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. ജമാഅത്തിനുവേണ്ടിയും ദുആ ചെയ്യുക. മുസ്‌ലിം ഉമ്മത്തിനു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഇവർ കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നവരാകട്ടെ. പൊതുവായ നിലയിൽ ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. എപ്രകാരം ഇവർ നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നുവോ അല്ലാഹു അവരെ നാശത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ഇവർ അല്ലാഹുവിനെ തിരിച്ചറിയുന്നവരാകട്ടെ.

ഈ നിലവാരം കരസ്ഥമാക്കുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തുകൊണ്ട് അവിടത്തെ നിയോഗോദ്ദേശ്യം മനസ്സിലാക്കുന്നവരും അത് പൂർത്തിയാക്കുന്നതിന് നമ്മുടെ എല്ലാ കഴിവുകളും ശക്തികളും ഉപയോഗിക്കുന്നവരുമാകട്ടെ. ലോകത്തിനും ഇക്കാര്യം പറഞ്ഞു കൊടുക്കുന്നവരാകട്ടെ. ◆

പേജ് 2ൽ നിന്ന്

താണ്. ഒരു മുഅ്മിൻ മറ്റൊരു മുഅ്മിന്റെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്യാവുന്നതാണ്.

☆ഒരു കുട്ടി മറ്റൊരു ചോദ്യം ചോദിച്ചു: ഞങ്ങളുടെ വീട്ടിൽ ഒരു ജർമൻ സ്ത്രീ വരാറുണ്ട്. അവർ ചോദിക്കുന്നു: അല്ലാഹു മനുഷ്യരെല്ലാവരേയും ഇത്രമാത്രം സ്നേഹിക്കുന്നുവെങ്കിൽ ആഫ്രിക്കയിൽ ജനങ്ങൾ പട്ടിണികൊണ്ടും രോഗം കൊണ്ടും മരിക്കുന്നതെന്താണ്? അവിടെ അല്ലാഹുവിന്റെ സ്നേഹം എവിടെ പോകുന്നു?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അല്ലാഹു രണ്ടു നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒന്നു പ്രകൃതിനിയമം. ഒന്ന് ശരീഅത്ത് നിയമം. അല്ലാഹുവിന്റെ സ്നേഹവുമുണ്ട്. അല്ലഹുവിന്റെ കാരുണ്യവുമുണ്ട്. ആരെങ്കിലും ജോലിയൊന്നും ചെയ്യുന്നില്ലെങ്കിൽ, അലസനാണെങ്കിൽ അവന്റെ അവസ്ഥ ഇതുതന്നെയായിരിക്കും. ഇവിടെ യൂറോപ്പിലും ആളുകൾക്ക് രോഗമുണ്ടാകാറുണ്ട്. അപ്പോൾ ഇവിടേയും അല്ലാഹു ജനങ്ങളേ സ്നേഹിക്കുന്നില്ല എന്ന് ആ സ്ത്രീ പറയുമോ? ഇവിടേയും ജനങ്ങൾ മരിക്കാറുണ്ട്. അപ്പോൾ അല്ലാഹു ഇവരെ സ്നേഹിക്കുന്നില്ലേ? ചില കൊടുങ്കാറ്റുകളുണ്ടാകാറുണ്ട്. അമേരിക്കയിൽ hurricanes ഉണ്ടാകുന്നു. ലോകത്ത് ഭൂകമ്പങ്ങളുണ്ടാകുന്നു. അതുകൊണ്ടും ജനങ്ങൾ മരിക്കുന്നു. അതിന്റെ അർഥം അല്ലാഹു സ്നേഹിക്കുന്നില്ലെന്നാണോ?

☆അപ്പോൾ ആ കുട്ടി ചോദിച്ചു: ആ സ്ത്രീ പറയുന്നത് രണ്ടു വർഷമായിട്ട് ആഫ്രിക്കയിൽ മഴ പെയ്തിട്ടില്ലെന്നാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ലോകത്ത് വരൾച്ച ഉണ്ടാകാറുണ്ട്. അതുകൊണ്ടാണ് അല്ലാഹു നമുക്ക് ഇസ്തിസ്ഖായുടെ ദുആ പഠിപ്പിച്ചുതന്നത്. ആഫ്രിക്കയിൽ നമ്മുടെ ജമാഅത്തുകളുള്ള സ്ഥലങ്ങളിൽനിന്ന് 'മഴ ഇല്ല, അതുകൊണ്ട് ദുആ ചെയ്യുക' എന്നു പറഞ്ഞ് ധാരാളമാളുകൾ എനിക്കെഴുതാറുണ്ട്. ഞാൻ അവരോടു പറയാറുള്ളത്, വെളിയിലിറങ്ങി മഴക്കുവേണ്ടി പ്രാർഥിക്കുക എന്നാണ്. അങ്ങനെ അവിടെ മഴ പെയ്യുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവസ്ഥ മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മഴയുണ്ടാകാതിരിക്കാൻ കുറച്ചു കാരണങ്ങളുമുണ്ട്. കുറച്ച് അവരുടെ തെറ്റുമുണ്ട്; ജോലി ചെയ്യുന്നില്ല. മടിയന്മാരായി കുത്തിയിരിക്കുന്നു. മറ്റു ജനതകളോടു ചോദിച്ചുവാങ്ങി തിന്നുന്ന ശീലമാണുള്ളത്. അതുകൊണ്ടാണ് തന്റെ കരുണ എന്ന വിശേഷഗുണം നിങ്ങളും സ്വീകരിക്കണമെന്ന് അല്ലാഹു തന്റെ ദാസരോടു പറഞ്ഞത്. അതിനാലാണ് സ്വദഖയും ദാനധർമങ്ങളും കൊടുക്കാനും ദരിദ്രരെ ശ്രദ്ധിക്കാനും അല്ലാഹു പറഞ്ഞത്. ഈ ജനതകൾ പാഴാക്കിക്കളയുകയും വലിച്ചെറിയുകയും ചെയ്യുന്ന ഇത്രയധികം ധാന്യങ്ങളും വെണ്ണയും പാലും നെയ്യും ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് അവരെ സേവിക്കാൻ അയച്ചുകൊടുക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പ്രകൃതിനിയമത്തിനു വിധേയമായി വരൾച്ചയുടെ വർഷവും വരാറുണ്ട്. ചിലത് പരീക്ഷണങ്ങൾ ആയിരിക്കും. അതിൽ ജനങ്ങൾ മരിക്കുന്നുണ്ടാകും. പക്ഷേ, അല്ലാഹു ആരെയെങ്കിലും പരീക്ഷണത്തിൽ ഇട്ടിട്ടുണ്ടെങ്കിൽ യഥാർഥ ജീവിതം മരണത്തിനുശേഷമുള്ളതാണ്. അല്ലാഹുവിന്റെ യഥാർഥ കാരുണ്യം ആ പരലോകത്താണുണ്ടാകുന്നത്. ആ എല്ലാവർക്കും പൊറുത്തുകൊടുക്കുകയും അവരോടു കണക്കുകളൊന്നും ചോദിക്കാതിരിക്കുകയും ചെയ്യുമോ എന്ന് ആർക്കറിയാം. അതും അല്ലാഹുവിന്റെ കാരുണ്യം തന്നെയാണ്. യഥാർഥ ജീവിതം പരലോക ജീവിതമാണെന്ന് നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. അത് യഥാർഥ ജീവിതമാകുമ്പോൾ അല്ലാഹുവിന്റെ കരുണയും പൊറുമയും അത്തരക്കാർക്ക് ആ ജീവിതത്തിൽ അതിന്റെ ദൃശ്യം കാണിക്കുന്നതായിരിക്കും.

☆ഒരു കുട്ടി ചോദിച്ചു: വീട്ടിൽ ഒരു പുരുഷനും ഒരു സ്ത്രീയുമുള്ളപ്പോൾ ഇമാം മുന്നോട്ടുനിന്ന് നമസ്കരിപ്പിക്കണോ? അതല്ല ഒരേ സ്വഫ്ഫിൽ നില്ക്കണോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഭാര്യഭർത്താക്കന്മാരാണെങ്കിൽ അല്ലെങ്കിൽ സഹോദരിസഹോദരന്മാരാണെങ്കിൽ അതിൽ പുരുഷൻ മുന്നിൽ നില്ക്കുന്നതാണ്. സ്ത്രീകൾ പിന്നിൽ നില്ക്കേണ്ടതാണ്. പക്ഷേ, ചില സന്ദർഭങ്ങളിൽ ഒപ്പവും നിൽക്കാറുണ്ട്. ഉദാഹരണമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചിലപ്പോൾ അനാരോഗ്യം കൊണ്ട് വീട്ടിൽ നമസ്കരിക്കാറുണ്ടായിരുന്നു. അപ്പോൾ ഹദ്റത്ത് അമ്മാ ജാൻ(റ) ഒപ്പം നിൽക്കാറുണ്ടായിരുന്നു. പൊതുവെ പിന്നിലാണ് നില്ക്കാറുണ്ടായിരുന്നത്. ചിലപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് തലകറക്കമുണ്ടാകുമെന്ന് പറഞ്ഞ് അദ്ദേഹം വീണുപോകുമോ എന്ന ചിന്തയാൽ ഒപ്പവും നില്ക്കാറുണ്ടായിരുന്നു. അടിസ്ഥാനപരമായ തീരുമാനം പിന്നിൽ നില്ക്കുക എന്നതാണ്. എന്നാൽ, എന്തെങ്കിലും നിർബന്ധിതാവസ്ഥയാണെങ്കിൽ ഇസ്ലാം സുഗമമായ മതമാണ്. ബലാൽക്കാരത്തിന്റെ മതമല്ല. നിർബന്ധാവസ്ഥയാണെങ്കിൽ ഒപ്പം നിന്നും നമസ്കരിക്കാവുന്നതാണ്.

അതേ കുട്ടി അവസാനമായി ചോദിച്ചു: കുട്ടിയെ വഖ്ഫ് ചെയ്യണമെന്ന് മാതാവ് ആഗ്രഹിക്കുകയും മറ്റുള്ളവർ അതിന് തയ്യാറാകാതിരിക്കുകയും ചെയ്താൽ എന്താണ് ചെയ്യേണ്ടത്? അമീറുൽമുഅ്മിനീൻ പറഞ്ഞു: അത്തരം പരിതഃസ്ഥിതിയിൽ ദുആ ചെയ്യുക. ഭർത്താവിനെ അനുനയിപ്പിക്കുക. രണ്ടുപേരുടേയും സമ്മതത്താലായിരിക്കണം വഖ്ഫ് ചെയ്യേണ്ടത്.

☆അപ്പോൾ ഒരു കുട്ടി പറഞ്ഞു: എന്റെ രണ്ടു കുട്ടികൾ വഖ്ഫെ നൗഇൽ അംഗങ്ങളാണ്. പക്ഷേ, ഒന്ന് അല്ല.

അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: വഖ്ഫെ നൗഇൽ അംഗമല്ലാത്ത കുട്ടിയ്ക്കും അവൻ വലുതായി സ്വയം വഖ്ഫ് ചെയ്യും വിധം ശിക്ഷണം നല്കുക. സേവനമാണ് ചെയ്യേണ്ടത്. അത് വലുതായാലും ചെയ്യാൻ കഴിയും. ഞാനും വഖ്ഫെ നൗഇൽ അല്ലായിരുന്നു. പക്ഷേ, ഞാൻ വഖ്ഫ് ചെയ്തു.

അമീറുൽ മുഅ്മിനീനുമായുള്ള വഖ്ഫെ നൗ പെൺകുട്ടികളുടെ ഈ ക്ലാസ് ഉച്ചയ്ക്ക് 1.50 ന് അവസാനിച്ചു. തുടർന്ന് അമീറുൽമുഅ്മിനീൻ മസ്ജിദിന്റെ ഹാളിലെത്തി അവിടെ ആമീൻ പരിപാടി നടന്നു.

**ആമീൻ പരിപാടി:**

അമീറുൽ മുഅ്മിനീൻ ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 30 പേരിൽനിന്ന് വിശുദ്ധ ഖുർആനിന്റെ ഓരോരോ ആയത്ത് കേട്ടു. അവസാനം ദുആ ചെയ്യിച്ചു. ശാഹ് സേബ് ഹസൻ, തൗഹീദ് ഹയ്ദർ അഹ്മദ്, റാഹേൽ അഹ്മദ് ജാവേദ്, ആരിശ് റാനാ, അൻസ്വാർ അഹ്മദ്, ള്വാഫിർ അഹ്മദ്, ഫാറാൻ ത്വയ്യിബ്, സഅ്ദുർറഹ്മാൻ അൻവർ, ഇബ്റാഹീം അഹ്മദ്, അത്വാഉർറഹീം, അത്വാഉൽഹസീബ് മലിക്, ശായാൻ അഹ്മദ് സ്വാലിഹ്.

ലാഇബ ശംസ്, മദീഹ അഹ്മദ്, മാഇറ അഹ്മദ്, ആയിശ അഫ്ള്വൽ, ശാഹ് ഫരീഹ് നഈം, ആബിദ ഭട്ടി, അത്വിയ്യതിൽ ഹക്കീം സബ്ദ ഭട്ടി, സോസൺ അഹ്മദ്, ആയിലീൻ സോഹാ ജാവേദ്, ശാഫിയ അഹ്മദ്, അത്വിയ്യത്തുൽ ഹയ്യ് നഗ്മാനാ ബട്ട്, ഹിബ്ത്തുൽമത്തീൻ ഖാൻ, മലീഹ് മഹ്മൂദ്, ഹഫ്സ്വഃ ഗഫ്ഫാർ, മനാഹിൽ വസീം ജൻജൂആ, ഥറോത്ത് കലീം ജൻജൂആ, അമത്തുസ്സമീഅ് മുഹമ്മദ്, ആയിശ അഹ്മദ്.

ആമീൻ പരിപാടിയ്ക്കുശേഷം അമീറുൽ മുഅ്മിനീൻ ള്വുഹ്ർ അസ്ർ നമസ്കാരങ്ങൾ ജം ആക്കി നമസ്കരിപ്പിച്ചു.

**മീറ്റിംഗ്:**

പരിപാടിയനുസരിച്ച് 6.15ന് അമീറുൽ മുഅ്മിനീൻ മസ്ജിദിനോടു ചേർന്നുള്ള ഹാളിൽ എത്തി. അവിടെ ജർമനി ജമാഅത്തിലെ നാഷണൽ മജ്ലിസെ ആമില അംഗങ്ങളേയും എല്ലാ ലോക്കൽ അമീറുമാരേയും റീജ്യണൽ അമീറുമാരേയും എല്ലാ ജമാഅത്തുകളുടെയും പ്രസിഡണ്ടുമാരേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു. അമീറുൽ മുഅ്മിനീന്റെ ദുആയോടുകൂടി മീറ്റിംഗ് ആരംഭിച്ചു. ദുആയ്ക്കുശേഷം അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ ജനറൽ സെക്രട്ടറി സാഹിബ് പറഞ്ഞു: 193 ജമാഅത്ത് സ്വദ്ർമാരും 71 ഹൽഖകളിലെ സ്വദ്ർമാരുമാണുള്ളത്. അവരിൽ അഞ്ചുപേർ വരാൻ പറ്റില്ലെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കിയെല്ലാവരും ഹാജരായിട്ടുണ്ട്.

**ജനറൽ സെക്രട്ടറി:**

☆അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ ജനറൽ സെക്രട്ടി സാഹിബ് റിപ്പോർട്ട് നൽകി. ഇപ്പോൾ 140 നടുത്ത് പ്രസിഡണ്ടുമാർ റിപ്പോർട്ട് കൃത്യമായി അയച്ചുകൊണ്ടിരിക്കുന്നുണ്ട്. റിപ്പോർട്ട് ലഭിക്കാത്തവർക്ക് കത്തെഴുതുന്നു. മറുപടി കിട്ടിയില്ലായെങ്കിൽ വീണ്ടും കത്തെഴുതാറുണ്ട്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഇത്രമാത്രം അലസരായ സ്വദ്ർമാരെക്കുറിച്ച് താങ്കൾ എപ്പോഴെങ്കിലും കേന്ദ്രത്തിൽ റിപ്പോർട്ട് നല്കിയിട്ടുണ്ടോ? ജനറൽ സെക്രട്ടറി സാഹിബ് പറഞ്ഞു: അവരെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. അമീറുൽ മുഅമിനീൻ പറഞ്ഞു: താങ്കൾ അവരെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്നില്ല. താങ്കൾതന്നെയും അലസനാണ്. അപ്പോൾ പ്രസിഡണ്ടുമാർക്കും ഒഴിവ് കിട്ടി. അവർ Relax ആകുന്നു. വാസ്തവത്തിൽ നിങ്ങൾ അവരുടെ പിന്നാലെ കൂടുകയായിരുന്നു വേണ്ടത്.

☆അതിനു ശേഷം അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ ജനറൽ സെക്രട്ടറി സാഹിബ് പറഞ്ഞു: ഡറ്റ്സൺബർഗി(Dietzenberg)ന്റെ ഇമാറത്തിന്റെ റിപ്പോർട്ട് ലഭിക്കുന്നില്ല. അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ ഡറ്റ്സൺബർഗ് ജമാഅത്തിന്റെ തദ്ദേശ അമീർ പറഞ്ഞു: ഞങ്ങളുടെ ജനറൽ സെക്രട്ടറിയിൽനിന്ന് ചില ബലഹീനതകൾ ഉണ്ടായിട്ടുണ്ട്. പിന്നീട് അദ്ദേഹത്തെ പറഞ്ഞ് ശരിയാക്കുകയുണ്ടായി. ഇപ്പോൾ കഴിഞ്ഞമാസം മുതൽ വീണ്ടും റിപ്പോർട്ട് അയക്കാൻ തുടങ്ങിയിട്ടുണ്ട്. ജനറൽ സെക്രട്ടറി സാഹിബിന് സുഖമില്ലായിരുന്നു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ജനറൽ സെക്രട്ടറി സാഹിബിന് സുഖമില്ലായിരുന്നെങ്കിൽ താങ്കൾ അവിടെയുണ്ടായിരുന്നുവല്ലോ. രണ്ടുമൂന്ന് മാസം താങ്കളുടെ ജനറൽ സെക്രട്ടറി സാഹിബിനോട് താങ്കൾ ചോദിക്കുകതന്നെ ചെയ്തില്ല. നിങ്ങൾ ഭാരവാഹിത്വം കിട്ടാൻവേണ്ടി ഇരിക്കുകയാണ്; കസേര കിട്ടാൻ. സ്വദ്ർ അല്ലെങ്കിൽ അമീർ ആകുന്നതിന്. അപ്പോൾ ജമാഅത്തിനുള്ളിൽ ഒരു അന്തസ്സുകിട്ടും! ഇതല്ലാ തെ ഭാരവാഹിത്വം എന്തെങ്കിലും ചെയ്യുന്നതിനുവേണ്ടിയിട്ടുള്ളതല്ലേ? നിങ്ങൾ നിങ്ങളെ ഭാരവാഹികളായിട്ട് മനസ്സിലാക്കുമ്പോഴാണ് ഈ എല്ലാ ദോഷങ്ങളും ഉടനെ ഉണ്ടാകുന്നത്. നിങ്ങൾ സേവകരെന്ന് എഴുതാൻ തുടങ്ങിയാൽ നിങ്ങളിൽനിന്ന് എല്ലാ ദോഷങ്ങളും അകന്നുപോകുന്നതാണ്. റീജ്യണൽ അമീറുമാർ പ്രവർത്തിക്കുന്നില്ലെന്ന് പ്രസിഡണ്ടുമാർ പരാതിപെടുന്നു. കേന്ദ്രം പ്രവർത്തിക്കുന്നില്ലെന്ന് അമീറുമാർ പറയുന്നു. എല്ലാവരും ഒരാൾ മറ്റൊരാളുടെമേൽ പഴി ചാരുകയാണ്. ആരും ഒന്നും പ്രവർത്തിക്കുന്നില്ല. നാഷണൽ ആമിലാ പ്രവർത്തിക്കുന്നില്ല. സ്വദ്ർമാരും പ്രവർത്തിക്കുന്നില്ല. ജനങ്ങളിൽനിന്നാണെങ്കിൽ പരാതിയുമുണ്ടായിക്കൊണ്ടിരിക്കുന്നു. ഈ ഭാരവാഹികൾ തങ്ങളുടെ നായകത്വം ഉണ്ടാക്കിവെച്ചിരിക്കുകയാണെന്നും സേവനത്തിന്റെ വികാരങ്ങളൊന്നും അവരിലില്ലെന്നും മിക്ക സ്ഥലങ്ങളിലും മുറബ്ബിമാരോടു നല്ലനിലയിൽ പെരുമാറുന്നില്ലെന്നും ജമാഅത്തിലെ അംഗങ്ങളോട് വളരെ മോശമായിട്ടാണ് പെരുമാറുന്നുതെന്നും ആളുകൾ പറയുന്നു. നിങ്ങൾ എന്തിനാണ് ഈ ഭാരവാഹിത്വം

ഏറ്റെടുത്തിരിക്കുന്നത്. പ്രസംഗത്തിൽ സേവനം ഒരു ദൈവകൃപയാണെന്ന് നിങ്ങൾ പറയുന്നു. ദൈവകൃപ ഇങ്ങനെയൊരിക്കലും ഉണ്ടാകുകയില്ല. മുമ്മൂന്ന് മാസംവരെ വിവരമന്വേഷിക്കാതിരിക്കുക! നിങ്ങൾ പ്രസിഡണ്ടുമാരും അമീറുമാരും ഭൗതികതയിൽ അത്രമാത്രം അകപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ജോലി ചെയ്യാൻ കഴിയുന്നില്ലെങ്കിൽ നിങ്ങളത് പറയണം. പണിയൊന്നും എടുക്കാതെ എന്തിനാണ് പാപികളാകുന്നത്. പിന്നെ അല്ലാഹുവിന്റെ മുന്നിലും പാപികളായിത്തീരുന്നു. പ്രവർത്തിക്കേണ്ട പ്രകാരം പ്രവർത്തിക്കുന്നില്ലെന്ന റിപ്പോർട്ടാണ് മിക്ക പ്രസിഡണ്ടുമാരെക്കുറിച്ചും ഉള്ളത്! ഇതൊരു പ്രവർത്തനമാർഗമൊന്നുമല്ല. നിങ്ങളും നാഷണൽ ആമിലാ മെമ്പർമാരും പ്രവർത്തിക്കുന്നില്ലെന്ന് പരാതിയുണ്ടാകുന്നു. മരിച്ചതിനുശേഷം നിങ്ങൾ സ്വദ്റായിരുന്നോ? നാഷണൽ ആമില പ്രവർത്തിക്കാത്തതുകൊണ്ടാണോ നിങ്ങൾ പ്രവർത്തിക്കാതിരുന്നത്? എന്നൊന്നും അല്ലാഹു ചോദിക്കുകയില്ല. നാഷണൽ ആമില അവരുടെ മറുപടി കൊടുക്കണം. സ്വദ്ർ തന്റെ മറുപടി നൽകണം. തദ്ദേശ ആമിർ തന്റെ മറുപടി നൽകണം. റീജ്യണൽ അമീർ തന്റെ മറുപടി നൽകണം. ഓരോരുത്തരും അവരവരുടെ കണക്ക് ബോധിപ്പിക്കേണ്ടതാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: തദ്ദേശ അമീറിന് വളരെ വലിയ ഉത്തരവാദിത്തമാണുള്ളത്. അമീർമാരുടെ അവസ്ഥ ഇതാണെങ്കിൽ ചെറിയ ചെറിയ ജമാഅത്തുകളുടെ പ്രസിഡണ്ടുമാരുടെ അവസ്ഥ ഇതിനേക്കാൾ മോശമായിരിക്കാം.

☆ ഇതിനുശേഷം കാൾസറായി ജമാഅത്തിന്റെ പ്രസിഡണ്ട് സാഹിബ് തങ്ങളുടെ പ്രവർത്തന സമിതി പ്രവർത്തനിരതമല്ലെന്ന് പറഞ്ഞു. അദ്ദേഹത്തിന് ഈ വർഷം പുതിയതായി ഉത്തരവാദിത്തം ലഭിച്ചതാണ്. അദ്ദേഹത്തിന്റെ ജമാഅത്തിലെ അംഗങ്ങളുടെ എണ്ണം 120ന് അടുത്താണ്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: പ്രവർത്തനസമിതി കർമനിരതമല്ലെങ്കിൽ താങ്കൾ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നു. താങ്കൾക്ക് ഈ വർഷം ഉത്തരവാദിത്തം ലഭിച്ചതിനുശേഷം ഇപ്പോൾ എട്ടൊമ്പത് മാസം കഴിഞ്ഞുപോയി. താങ്കളുടെ ജമാഅത്തിലെ ജനറൽ സെക്രട്ടറിയെ EFFICIENT ആക്കുക. റിപ്പോർട്ട് അയച്ചുകൊണ്ടിരിക്കുക. ഇത് പ്രസിഡണ്ടുമാരുടെയും ജോലിയാണ്. അമീറുമാരുടെ ജോലിയാണ്. അവരാണ് ഇക്കാര്യം ശ്രദ്ധിക്കേണ്ടത്.

☆ അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ മറ്റൊരു ജമാഅത്തിന്റെ പ്രസിഡണ്ട് പറഞ്ഞു-അദ്ദേഹത്തിന്റെ പ്രായം 27 വയസ്സ് ആണ്. അദ്ദേഹത്തിന്റെ പ്രവർത്തനസമിതിയിൽ അൻസാറുല്ലായുടെ മെമ്പർമാരുമുണ്ട്. പക്ഷേ, അവർ അലസരാണ്. അതിനുശേഷം അമീറുൽ മുഅ്മിനീൻ പറഞ്ഞു, തബ്ലീഗിന്റെയും തർബിയ്യത്തിന്റെയും ജോലി നമ്മുടെ ഒരു അടിസ്ഥാനപരമായ ജോലിയാണ്. ഈ രണ്ട് ജോലികളും നടക്കുന്നില്ലെങ്കിൽ മറ്റു ജോലികൾ എങ്ങനെ നടക്കാനാണ്. തബ്ലീഗിന്റെയും തർബിയ്യത്തിന്റെയും രണ്ട് വകുപ്പുകൾ പ്രവർത്തനനിരതമായാൽ മറ്റു വകുപ്പുകൾ സ്വയമേവ പ്രവർത്തനനിരതമായിത്തീരും. നിങ്ങളുടെ ഉമ്മൂറെആമാ വകുപ്പിൽ പ്രശ്നങ്ങൾ ഉണ്ടാകുകയില്ല. ഖളായിലും പ്രശ്നങ്ങൾ ഉണ്ടാകുകയില്ല. മാലിന്റെ ആവശ്യകതയും ഉണ്ടാകുകയില്ല. കാരണം ഒരു അഹ്മദിയുടെ ശരിയായ തർബിയ്യത്ത് ഉണ്ടാകുമ്പോൾ അവന്റെ ഉത്തരവാദിത്തം എന്താണെന്ന് അവന് ബോധമുണ്ടാവുമ്പോൾ അതെങ്ങനെ പൂർത്തീകരിക്കണം എന്ന വിചാരമുണ്ടാകുമ്പോൾ ജനങ്ങൾ സ്വയമേവ ആക്ടീവായിക്കൊള്ളും. മജ്‌ലിസെ ആമിലാ തന്നെ അലസരായാൽ മറ്റുള്ളവർ എന്തു ചെയ്യാനാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ട ആവശ്യമൊന്നുമില്ല. അൻസ്വാർ ആയാലും വേണ്ടില്ല കുട്ടികളാണെങ്കിലും വേണ്ടില്ല. നിങ്ങൾ ജോലിയെടുപ്പിക്കേണ്ടവരാണ്. അവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ഖുദ്ദാമുൽ അഹ്മദിയ്യായിൽ പ്രവർത്തിക്കുന്നതിന് കൂടുതൽ ആവേശമുള്ളതായി ഞാൻ കാണുന്നുണ്ട്. റിപ്പോർട്ടുകളും അവർ കൊടുക്കുന്നുണ്ട്. ഇവിടെ അധികവും അലസത കാണിക്കുന്നത് അൻസ്വാറുകളാണ്.

**സെക്രട്ടറി തബ്ലീഗ്:** അമീറുൽ മുഅ്മിനീൻ സെക്രട്ടറി തബ്ലീഗിനെ സംബോധന ചെയ്തു പറഞ്ഞു: ഇത്ര ലക്ഷം വിതരണം ചെയ്തുവെന്നതാണ് നിങ്ങളുടെ നോട്ടീസ് വിതരണത്തിന്റെ(leaf letting)റിപ്പോർട്ട്. എന്തായാലും അതു കഴിഞ്ഞു. പക്ഷേ, ആദ്യദിവസം മുതൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന ആളുകളുടെ എണ്ണവും വർധിക്കുന്നുണ്ടോ?

സെക്രട്ടി സാഹിബ് തബ്ലീഗ് പറഞ്ഞു: ഇപ്പോൾ അയ്യായിരത്തിലധികം ആളുകൾ ലീഫ്‌ലെറ്റ് വിതരണം ചെയ്യുന്നതിൽ പങ്കെടുക്കുന്നുണ്ട്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഖുദ്ദാമുൽ അഹ്മദിയ്യായുടെ തജ്നീദ് പത്തായിരം. അൻസ്വാറുല്ലായുടേത് അയ്യായിരം. രണ്ടും ചേർത്ത് പതിനഞ്ചായിരം. കുറച്ചൊക്കെ ലജ്നകളും പങ്കെടുക്കുന്നുണ്ടാകുമല്ലോ. ലജ്നയുടെ തജ്നീദ് പതിമൂന്നായിരത്തിന് അടുത്താണ്. ഇതെല്ലാം കൂടെ ചേർത്ത് ഇരുപത്തെട്ടായിരമായിത്തീരുന്നു. അവരിൽ വെറും അയ്യായിരം ആളുകളാണ് പങ്കെടുക്കുന്നത്. അവരും off and on എടുക്കുന്നുണ്ടാകും! സ്ഥിരമായി ദായിനെ ഇലല്ലാഹ് ആകുന്നില്ല. കുറഞ്ഞ പക്ഷം ലീഫ്‌ലെറ്റിൽ എല്ലാവരെയും പങ്കെടുപ്പിക്കുക. തബ്ലീഗിൽ തങ്ങളും ഭാഗമാകണമെന്ന ബോധം ഓരോ അഹ്മദിക്കും ഉണ്ടാകേണ്ടതാണ്. മൂവായിരത്തിയഞ്ഞൂറ് വാഖ്ഫെ നൗ നിങ്ങൾക്കുണ്ട്. അവരിൽ 15 വയസ്സിന് മുകളിൽ രണ്ടായിരത്തിനടുത്ത് അംഗങ്ങളുണ്ട്. ഇപ്രകാരം അവരേയും ഉൾപ്പെടുത്തുകയാണെങ്കിൽ അവരെക്കൊണ്ട് ധാരാളം പ്രവർത്തനങ്ങൾ ചെയ്യിക്കാവുന്നതാണ്.

☆ അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി സാഹിബ് തബ്ലീഗ് പറഞ്ഞു: ഈ വർഷം 15 ലക്ഷം ലീഫ്‌ലെറ്റ് വിതരണം ചെയ്തു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: അയ്യായിരം ആളുകളാണ് അത് വിതരണം ചെയ്തതെങ്കിൽ ആളൊന്നിന് മുന്നൂറ് നോട്ടീസുകളാണ് വിതരണം ചെയ്തിട്ടുള്ളത്. നിങ്ങൾ നോട്ടീസുകൾ വിതരണം ചെയ്യുന്നവരുടെ എണ്ണം പതിനായിരംവരെ ആക്കുകയാണെങ്കിൽ ലീഫ്‌ലെറ്റുകളുടെ എണ്ണം മൂന്ന് മില്യൺവരെ എത്തുന്നതായിരിക്കും. വാഖ്ഫെ നൗനേയും ഖുദ്ദാമുൽ അഹ്മദിയ്യായേയും അൻസ്വാറുല്ലാ സഫ്ഫെദോമിലെ അൻസ്വാറുകളേയും പങ്കെടുപ്പിക്കാവുന്നതാണ്. സ്വഫ്ഫെ അവ്വലിലെ ധാരാളം അൻസ്വാറുകൾക്കും പങ്കെടുക്കാൻ കഴിയും. ഇവരെ എല്ലാവരേയും സ്ഥിരമായ നിലയിൽ പങ്കെടുപ്പിക്കുകയാണെങ്കിൽ ഈ എണ്ണം കുറഞ്ഞത് പതിനായിരംവരെ ആകുന്നതാണ്.

☆ അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി തബ്ലീഗ് പറഞ്ഞു ജർമനിയിലെ മൊത്തം ജനസംഖ്യ 80 മില്യൺ ആണ്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ജനസംഖ്യ 80 മില്യൺ ആണെങ്കിൽ നിങ്ങൾ 5.1 മില്യൺ നോട്ടീസാണ് വിതരണം ചെയ്തത്. അതിന്റെ അർഥം എല്ലാവരിലും എത്തിക്കാൻ നിങ്ങൾക്ക് 50, 60 വർഷം പിടിക്കുമെന്നാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങൾ ഒരിടത്ത് വിതരണം ചെയ്യുമ്പോൾ അവിടെ ജമാഅത്തിനെ പരിചയപ്പെടുത്തുന്ന മറ്റു പാംലെറ്റുകളുംവരേണ്ടതാണന്നും ഞാൻ പറഞ്ഞിരുന്നു. ഒരു തവണ പരിചയപ്പെടുത്തുമ്പോൾ ജനങ്ങൾ അത് മറന്നുപോകും. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങൾ അഹ്മദികളാണ്. ഖിലാഫത്തുമായി ബയ്അത്ത് ചെയ്ത ബന്ധമാണുള്ളത്. നിങ്ങൾ എന്റെ ഖുത്ബകൾ കേൾക്കുന്നു. ജൽസകളിലെ പ്രഭാഷണങ്ങൾ കേൾക്കുന്നു. ജുമുഅ ഖുത്ബകൾ കേൾക്കുന്നു. ഒരു ജുമുഅ ഖുത്ബയിൽ നൽകുന്ന ഉപദേശങ്ങൾ അടുത്ത ജുമുഅ എത്തുമ്പോൾ നിങ്ങൾ മറന്നുപോകുന്നു. ഈ രീതിയിൽ അഹ്മദികൾപോലും അല്ലാത്ത ക്രിസ്ത്യാനികളിൽനിന്ന് അല്ലെങ്കിൽ മതത്തോട് താല്പര്യമില്ലാത്തവരിൽനിന്ന് എന്താണ് ലഭുലരേ ചെയ്യുന്നത്. 6 വർഷത്തിനുശേഷം അവരെ ഓർമിപ്പിക്കുമ്പോൾ അവർക്ക് ജമാഅത്തിനെക്കുറിച്ച് എന്തെങ്കിലും ഓർമയുണ്ടാകുമോ?

☆ സെക്രട്ടറി തബ്ലീഗ് പറഞ്ഞു: ആദ്യത്തെ നോട്ടീസിനുശേഷം അടുത്തനോട്ടീസ് വിതരണം ചെയ്യുക എന്നതാണ് ഞങ്ങളുടെ പ്രവർത്തന രീതി. പിന്നീട് മൂന്നാമത്തെ നോട്ടീസ് വിതരണം ചെയ്യുന്നു. അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി തബ്ലീഗ് സാഹിബ് പറഞ്ഞു: രണ്ടാമത്തെ നോട്ടീസിന്റെ ഊഴം ഏകദേശം ഒരുവർഷത്തിനുശേഷമാണ് വരുന്നത്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങളുടെ കൈയിൽ man power കുറവായതുകൊണ്ടാണിത്. ആളുകളുടെ involvement കുറവാണ്. വാസ്തവത്തിൽ അത് കൂടുതലാക്കാൻ കഴിയുന്നതാണ്. ആളകളുടെ എണ്ണം വർധിപ്പിക്കുക. ഓരോ അഹ്മദിക്കും ഈ ജോലിയിൽ involvement ന്റിന്റെ ബോധമുണ്ടായാൽ അതിലൂടെ തർബിയ്യത്തുപരമായ അടിസ്ഥാനത്തിലും അഭിവൃധിയുണ്ടാകുന്നതായിരിക്കും. ജനങ്ങളിൽ ഒരു ധൈര്യവും വരുന്നതാണ്. അതായത് തങ്ങൾ നോട്ടീസുകൾ വിതരണം ചെയ്ത് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രാതിനിധ്യമാണ് വഹിക്കുന്നതെന്നോർത്ത്, ആളുകൾ നോട്ടീസുകൾ വാങ്ങുമ്പോഴും അല്ലെങ്കിൽ എതിർക്കുമ്പോഴും രണ്ടുരീതിയിലും നമ്മുടെ ഉള്ളിൽ ധൈര്യമുണ്ടാകുന്നതായിരിക്കും. നമ്മുടെ ഉത്തരവാദിത്തമെന്താണെന്നുള്ള ബോധവുമുണ്ടാകുന്നതായിരിക്കും. ആ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയും തബ്ലീഗ് രംഗത്ത് മുന്നോട്ടു വരേണ്ടത് നിർബന്ധമാണ്.

☆ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത്തരത്തിലുള്ള plan തയ്യാറാക്കാൻ ഞാൻ ഇന്നേക്ക് അഞ്ചുവർഷം മുമ്പേ പറഞ്ഞിരുന്നു. അതായത് വരുന്ന പത്ത് വർഷത്തിൽ നിങ്ങളുടെ എല്ലാ പൗരന്മാർക്കും ജമാഅത്തിനെക്കുറിച്ച് അറിവുണ്ടായിരിക്കണം. നിങ്ങളുടെ മസ്ജിദുകൾ നിർമിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ നിന്ന് എനിക്ക് feedback(പ്രതികരണം)വന്നുകൊണ്ടിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് എവിടെയാണോ മസ്ജിദുകൾ നിർമിക്കപ്പെടുന്നത് അവിടെയും ജമാഅത്തിനെ പരിചയപ്പെടുത്തുന്നില്ല എന്നാണ്. അപ്പോൾപിന്നെ മറ്റു സ്ഥലത്ത് എന്താണ് നടക്കുന്നത്? അമീറുൽ മുഅ്മിനീൻ പറഞ്ഞ: ആദ്യം നിങ്ങൾ നോക്കുക എവിടെയാണോ കൂടുതൽ ജനങ്ങൾ വസിക്കുന്നത് അവിടെ ആദ്യം കവർ ചെയ്യുക. പിന്നീട് ഒരു പ്രാവശ്യം ഈ പ്രദേശം രീല്യ ആയിക്കഴിഞ്ഞാൽ മറ്റു സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും പോകുക. യുക്തിയോടുകൂടി പ്രവർത്തിക്കുക. നിങ്ങളുടെ പക്കൽ man power ഉണ്ട്. ഖുദ്ദാമുകളേയും അൻസ്വാറുകളേയും പ്രയോജനപ്പെടുത്തുക.

☆ അപ്പോൾ സെക്രട്ടറി തബ്ലീഗ് പറഞ്ഞു: ഞങ്ങൾ അങ്ങനെതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: കിട്ടേണ്ടുന്ന ഫലം എന്തായാലും കിട്ടുന്നില്ല. നിങ്ങൾ ഇപ്പോൾവരെ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 6 മില്യൺ ആളുകൾവരെയാണ് നോട്ടീസ് എത്തിച്ചത്. 6 മില്യൺ എന്നത് മൊത്തം ജനസംഖ്യയുടെ 8 ശതമാനമാണ്. ഇപ്രകാരം 10 വർഷത്തെ കണക്കിൽനിന്ന് നിങ്ങൾ അഞ്ചു വർഷത്തിൽ 50% എത്തിക്കേണ്ടതായിരുന്നു. 5 വർഷത്തിൽ കുറഞ്ഞപക്ഷം 50% എത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ 30% എത്തിക്കാമായിരുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങളുടെ പക്കൽ പരിമിതമായ അംഗങ്ങളാണുള്ളത്. വരാത്തവരിൽ ചില പ്രസിഡണ്ടുമാരുമുണ്ട്. അവർ ഒന്നല്ലെങ്കിൽ തദ്ദേശജമാഅത്തിനോട് വെറുപ്പുള്ള

വരാണ്. അല്ലെങ്കിൽ ജമാഅത്തിലെ അമീറിനോട് വെറുപ്പുള്ളവരാണ്. ചിലർ നാഷണൽ ആമിലയോട് വെറുപ്പുള്ളവരാണ്. ചിലർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഭാരവാഹികളോട് വെറുപ്പുള്ളവരാണ്. കുറച്ച് അൻസ്വാറുല്ലായുടെ ഭാരവാഹികളോട് വെറുപ്പുള്ളവരാണ്. എപ്പോൾ അവരോട് ചോദിച്ചാലും ഇതേ മറുപടിയാണ് ലഭിക്കുന്നത്. അതായത് തങ്ങൾ ഇന്നയാൾ കാരണത്താൽ ഈ ജോലി ചെയ്തു. ഇന്നയാൾ കാരണത്താൽ പിന്നാക്കം പോയി. വാസ്തവത്തിൽ ഭാരവാഹികളുടേയും പ്രസിഡണ്ടുമാരുടേയും അവരുടെ പ്രവർത്തന സമിതി അംഗങ്ങളുടെയും എല്ലാവരുടേയും ജോലിയാണ് ജമാഅത്തംഗങ്ങളെ പ്രീതിയോടും സ്നേഹത്തോടും ജമാഅത്തിന് അടുത്തുകൊണ്ടുവരിക എന്നത്. അല്ലാതെ ഭയപ്പെടുത്തുകയില്ല. ഇതാണ് ശരിയായ മാർഗം. ഇതുമുഖേന നിങ്ങൾക്ക് ശരിയായ നിലയിൽ നിങ്ങളുടെ ആളുകൾക്ക് തർബിയ്യത്ത് കൊടുക്കാൻ കഴിയും. തബ്ലീഗ് മൈതാനത്തും മുന്നോട്ടുപോകാൻ കഴിയും.

☆അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി തബ്ലീഗ് പറഞ്ഞു: ഈ വർഷം 126 ബയ്അത്ത് നടന്നുകഴിഞ്ഞിട്ടുണ്ട്. അവരിൽ 51 ആളുകൾ അറബികളാണ്. 32 പേർ ജർമൻകാരാണ്.

**സെക്രട്ടറി തർബിയ്യത്ത്:** അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി തർബിയ്യത്ത് പറഞ്ഞു: തർബിയ്യത്തിനെ ഉദ്ധരിച്ച് ജമാഅത്തുപരമായ തലത്തിൽ ഏറ്റവും വലിയ ശ്രമം നടക്കുന്നത് മസ്ജിദുകളെ ജനബാഹുല്യമുള്ളതാക്കുക എന്നതാണ്. ഇതുസംബന്ധമായ പ്രത്യേക പരിശ്രമം നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതുകേട്ടപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: രണ്ടുമാസം മുമ്പേ ഞാൻ പ്രത്യേകമായ നിലയിൽ നമസ്കാരങ്ങളെ ഉദ്ധരിച്ചുകൊണ്ട് ഒരു ഖുത്വ്ബ നൽകിയിരുന്നു. വ്യത്യാസം വന്നിട്ടുണ്ടെന്ന് പറഞ്ഞ് വിവിധ സ്ഥലങ്ങളിൽനിന്നും വലിയ ജമാഅത്തുകളിൽനിന്നും റിപ്പോർട്ട് വന്നുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ഇവിടെ എത്ര വ്യത്യാസമാണുണ്ടായത്? അപ്പോൾ സെക്രട്ടറി തർബിയ്യത്ത് പറഞ്ഞു: അല്ലാഹുവിന്റെ കൃപയാൽ ഇവിടെ ജർമനിയിലും ധാരാളം വ്യത്യാസമുണ്ടായിട്ടുണ്ട്. അമീറുൽ മുഅ്മിനീന്റെ ഖുത്വ്ബയുടെ വെളിച്ചത്തിൽ ആമിലയിലെ അംഗങ്ങൾ മസ്ജിദുകളിൽ ഹാജരാകുന്നതിനും മറ്റു സഹോദരങ്ങൾക്കു മാതൃക ആകുന്നതിനും വേണ്ടി ഞങ്ങൾ പ്രവർത്തനസമിതികളിലെ അംഗങ്ങൾക്കുവേണ്ടി കാർഡുകൾ തയ്യാറാക്കുകയുണ്ടായി.

☆അമീറുൽ മുഅ്മിനീൻ നമസ്കാരകേന്ദ്രങ്ങളില്ലാത്ത ജമാഅത്തുകളെക്കുറിച്ച് ചോദിക്കുകയുണ്ടായി. അപ്പോൾ ഒരു ജമാഅത്തിന്റെ സ്വദ്ർ പറഞ്ഞു: നഗരത്തിൽ ഒരു ഹാളുണ്ട്. അവിടെയാണ് ജുമുഅ തുടങ്ങിയവ അനുഷ്ഠിച്ചുവരുന്നത്. അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സ്വദ്ർപറഞ്ഞു: ഞങ്ങളുടെ ആമിലായിലെ അംഗങ്ങളുടെ എണ്ണം 17 ആണ്. ജുമുആയിൽ 20നടുത്ത് ആളുകൾ ഹാജരുണ്ടാകും. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഏറ്റവുമാദ്യം നിങ്ങൾ നിങ്ങളുടെ ആമിലാ മെമ്പർമാരെ നമസ്കാരങ്ങളിൽ പതിവാക്കുക. ഏറ്റവുമാദ്യം വീട്ടിൽനിന്ന് പരിഷ്കരണം തുടങ്ങുക. നിങ്ങളുടെ വീട് നിങ്ങളുടെ പ്രവർത്തനസമിതിയാണ്. ഏറ്റവുമാദ്യം ആമിലായിലെ അംഗങ്ങളെ നന്നാക്കിയെടുക്കുക. നിങ്ങളുടെ ജമാഅത്തിലെ പ്രവർത്തനസമിതി അംഗങ്ങളുടെ എണ്ണം 17 ആണ്. ഇപ്രകാരംതന്നെ അൻസ്വാറുല്ലാ, ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തനസമിതി അംഗങ്ങളും ഉണ്ടാകും. ഇവരെല്ലാവരും കൃത്യമായി പങ്കെടുക്കുകയാണെങ്കിൽ 30, 35നടുത്ത് ആളുകൾ ഉണ്ടാകും. നിങ്ങളുടെ ആമിലാ മെമ്പർമാർക്ക് നമ സ്കാരശീലമുണ്ടാക്കുക. ആമിലാ അംഗങ്ങൾ നന്നായി കഴിഞ്ഞാൽ അവർ തങ്ങളെ നന്നാക്കിയെടുത്താൽ മറ്റുള്ളതെല്ലാം സ്വയമേവ നന്നായിക്കൊള്ളുന്നതാണ്. നിങ്ങൾ മറ്റുള്ളവരുടെ പരിഷ്കരണത്തിനു പകരം ആദ്യം നിങ്ങളെ സ്വയം പരിഷ്കരിക്കുക.

☆അതിനുശേഷം സെക്രട്ടറി തർബിയ്യത്ത് പറഞ്ഞു: ഇതിനുപുറമെയും ശ്രമങ്ങൾ നടത്തുന്നുണ്ട്. കുടുംബപരമായ കാര്യങ്ങൾ മികച്ചതാക്കുന്നതിനുവേണ്ടി ഞങ്ങൾ മുറബ്ബിമാരുമായി ചേർന്നു പ്ലാനിംഗോടുകൂടി പ്രവർത്തിച്ചുവരുന്നു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ചെറുപ്പക്കാരിലും ഇതുസംബന്ധമായി പ്രത്യേകമായ നിലയിൽ പ്രവർത്തനമുണ്ടാകേണ്ടതാണ്. ചില നേരങ്ങളിൽ സഫ്ഫെ ദോമിലെ അൻസാറുല്ലായെക്കുറിച്ചും പരാതികൾ വരുന്നു. ലജ്നയിൽനിന്നും പരാതികൾ വരുന്നു. ചില സ്ത്രീകളും പെൺകുട്ടികളുമുണ്ട്. അവർ ഇവിടെ വിസക്കുവേണ്ടിയാണ് വിവാഹം കഴിച്ചിട്ടുള്ളത്. പിന്നീടത് അവസാനിച്ചു. പക്ഷേ, ഭൂരിഭാഗം തെറ്റുകളും പുരുഷന്മാരുടേതാണ്. 40% സ്ത്രീകളുടെ തെറ്റാണെങ്കിൽ 60% പുരുഷന്മാരുടേതുമാണ്. ഭൂരിഭാഗം പുരുഷന്മാരും ശരിയല്ല. അവർ ആഗ്രഹിക്കുന്ന് ഭാര്യമാർ ആദ്യം നന്നാകണമെന്നാണ്. ആദ്യം നിങ്ങൾ നിങ്ങളെ പരിഷ്കരിക്കുക. പുരുഷൻ തന്നെ പരിഷ്കരിച്ചെടുക്കുകയാണെങ്കിൽ വീട് നന്നായിരിക്കും. കുട്ടികൾക്ക് തർബിയ്യത്തുണ്ടാകും. നിങ്ങളുടേയും തർബിയ്യത്ത് നടക്കും. അങ്ങനെയല്ലെങ്കിൽ ഭാര്യ കൈ ചൂണ്ടാൻ തുടങ്ങും, പിന്നീട് വഴക്കാകും. ചില സന്ദർഭങ്ങളിൽ മുമ്മൂന്ന്, നന്നാല് കുട്ടികളായതിനുശേഷമാണ് വഴക്കുകൾ തുടങ്ങുന്നത്. ഖുലായും ത്വലാഖുമുണ്ടാകുന്നു. ഇവരുടെ എണ്ണം പെരുകിക്കൊണ്ടുപോകുകയാണ്. ഇതിനുവേണ്ടി എല്ലാതലങ്ങളിലും പ്രസിഡണ്ടുമാരും അവരുടെ തർബിയ്യത്ത് സെക്രട്ടറിമാരും പ്രവർത്തനനിരതരാകേണ്ട ആവശ്യമുണ്ട്. നിങ്ങളും സ്ഥിരമായി അവരുടെമേൽ ദൃഷ്ടിവെക്കേണ്ട ആവശ്യമുണ്ട്. അതിനുവേണ്ടി മൊത്തത്തിലുള്ള പരിപാടികൾ തയ്യാറാക്കുക. അത്തരം വീടുകളുടെ ആദ്യത്തെ അവസ്ഥ എന്തായിരുന്നു ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുള്ള റിപ്പോർട്ടുകളും അയച്ചുകൊണ്ടിരിക്കുക. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇപ്രകാരം ഇസ്ലാഹി കമ്മിറ്റികളുടെ ജോലി സംഭവമുണ്ടായിക്കഴിഞ്ഞാൽ അതിലേക്ക് ശ്രദ്ധിക്കുക എന്നതല്ല. ലജ്ന തങ്ങളുടെ ലവലിലും ഖുദ്ദാം തങ്ങളുടെ ലവലിലും അൻസ്വാർ അവരുടെ ലവലിലും ജമാഅത്തുപരമായ നിലയിലും ഇസ്ലാഹി കമ്മിറ്റി അംഗങ്ങളുടെ ദൃഷ്ടി എല്ലാ ഇടങ്ങളിലും ഉണ്ടാകേണ്ടതാണ്. അത്തരം കാര്യങ്ങൾ തലപൊക്കുമ്പോൾ അത് ഒറ്റ ദിവസം കൊണ്ട് ഉയരുന്നതായിരിക്കുകയില്ല. വീടുകളിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നു. അത് വെളിയിലും വരുന്നു. വെളിയിൽ വരാൻ തുടങ്ങുമ്പോൾ ആ നേരത്ത് പരിഷ്കരണത്തിന് നടപടികൾ നിലവിൽ വരാൻ തുടങ്ങുന്നു. പ്രശ്നങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പ്രസിഡണ്ടുമാർക്കും തർബിയ്യത്ത് സെക്രട്ടറിമാർക്കും ഖുദ്ദാമുൽ അഹ്മദിയ്യായ്ക്കും അൻസ്വാറുല്ലായ്ക്കും ജമാഅത്തിന്റെ കേന്ദ്രതലത്തിലും അതേസമയംതന്നെ നടപടി സ്വീകരിക്കേണ്ടതായി വരും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു ഇവിടെ സ്വാതന്ത്ര്യത്തിന്റെ പേരിൽ പുരുഷന്മാർ കൂടുതൽ സ്വതന്ത്രരാകുന്നു. ഇവിടെ ജനിച്ച ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പരാതികൾ വരുന്നു. കുറച്ചാളുകൾ പാക്കിസ്താനിൽനിന്ന് വന്നവരാണ്. ഇരുഭാഗത്തുനിന്നും അവരുടെ പരാതികളും വരുന്നുണ്ട്. ഇതിന്റെ പൂർണമായ റിപ്പോർട്ട് എടുക്കേണ്ടതാണ്. എവിടെയൊക്കെയാണ് ദൗർബല്യങ്ങൾ ഉള്ളത്? നമുക്കെങ്ങനെ ആ ദൗർബല്യങ്ങൾ അകറ്റാൻ കഴിയും? ആരാണ് കൂടുതൽ തെറ്റുകാർ? തെറ്റുകളുടെ കാരണങ്ങളെന്താണ്? വെറും ഭൗതികമായ കാര്യങ്ങളാണോ? യഥാർഥത്തിൽ ഒരു കക്ഷിക്ക് മറ്റേ കക്ഷിയിൽനിന്ന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ? അതിനുശേഷം വീണ്ടും കാര്യങ്ങൾ ഭാരവാഹികളുടെ അടുക്കൽ പോകുമ്പോൾ അവരുടെ ഭാഗത്തുനിന്നും നെഗറ്റീവായിട്ടുള്ള പ്രകടനമാണ് ഉണ്ടാകുന്നത്. ഇക്കാരണത്താൽ കൂടുതൽ flare up ഉണ്ടാകുന്നു. നിങ്ങൾക്ക് എല്ലാ കാര്യങ്ങളുടേയും അറിവുണ്ടാകേണ്ടതാണ്.

☆തർബിയ്യത്ത് സെക്രട്ടറി ചോദിച്ചു: തർബിയ്യത്ത് സെക്രട്ടറിമാരെ ഈ വർഷം പ്രവർത്തനനിരതരാക്കിക്കൊണ്ടിരിക്കുകയാണ്. അവർക്ക് റഫ്രഷർ കോഴ്സും സംഘടിപ്പിക്കുന്നു. ഇൻശാഅല്ലാഹ് കൂടുതൽ പ്രവർത്തിക്കുന്നതായിരിക്കും. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ വർഷം അവരെ എന്തിനാണ് പ്രവർത്തനനിരതരാക്കുന്നത്? നിങ്ങൾ ആദ്യമേതന്നെ അവരെ പ്രവർത്തനനിരതരാക്കേണ്ടതല്ലേ. അതിന്റെ റിസൽട്ടും വരേണ്ടതല്ലേ? നിങ്ങൾ ഇൻശാഅല്ലായിൽനിന്ന് മാശാഅല്ലായും പറയാൻ തുടങ്ങുക.

**സെക്രട്ടറി രശ്തഃ നാത്വഃ:**

☆സെക്രട്ടറി രശ്ത നാത്വഃ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞങ്ങളുടെ പക്കൽ വിവാഹിതരാകുന്നവരുടെ എണ്ണം വളരെ കുറവാണുള്ളത്. അതിൽ കുറച്ച് പ്രശ്നങ്ങളുണ്ട്. ആൺകുട്ടികളുടെ എണ്ണം വളരെ കുറവാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ പ്രശ്നങ്ങൾ ലോകത്തെല്ലായിടത്തുമുള്ളതാണ്. ഒന്ന് ആൺകുട്ടികളുടെ എണ്ണം കുറവാണ്. വിദ്യാഭ്യാസത്തിന്റെ നിലവാരവും കുറവാണ്. പക്ഷേ, പെൺകുട്ടികൾ അവർ എന്തായാലും വിവാഹം കഴിക്കണം. അതുകൊണ്ട് ഞാൻ ഒരു ഇന്റർനാഷണൽ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. നിങ്ങൾ തബ്ശീർകാർക്ക് എത്ര പേരുടെ വിവരങ്ങളാണ് അയച്ചുകൊടുത്തത്? അപ്പോൾ സെക്രട്ടറി രശ്തഃ നാത്വഃ പറഞ്ഞു: കേന്ദ്രതലത്തിൽ പ്രവർത്തിക്കുന്ന കമ്മിറ്റിക്ക് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വിവരങ്ങൾ അയച്ചുകൊടുക്കാൻ ഞങ്ങൾക്കിതുവരെ കഴിഞ്ഞിട്ടില്ല. കാരണം കുറച്ച് നിയമപരമായ നിർബന്ധിതാവസ്ഥയാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിയമപരമായ നിർബന്ധിതാവസ്ഥ എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വിവരങ്ങൾ ഇതുവരെ അയക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് നിങ്ങളിൽനിന്ന് മറുപടി കിട്ടിയിട്ടുള്ളത്.വ്യക്തിപരമായിട്ടുള്ള വിവരങ്ങൾ ചോദിച്ചറിയാതെ മറ്റു രാജ്യങ്ങളിലേക്ക് അത് അയക്കാൻ കഴിയില്ല എന്നത് എനിക്ക് മനസ്സിലാകുന്നില്ല. ലോകത്തുള്ള മറ്റു രാജ്യങ്ങൾ അയച്ചുകൊണ്ടിരിക്കുന്നു. ഒരു അഹ്മദി ബയ്അത്ത് ചെയ്യുമ്പോൾ അയാൾ അഹ്മദിയാണ്. നിങ്ങൾ ഏതെങ്കിലും അനഹ്മദിയുടെ വിവരങ്ങളല്ല അയക്കേണ്ടത്. അത് കോർട്ടിൽ പോയിട്ട് നിങ്ങൾക്കെതിരെ കേസുകൊടുക്കാൻ. ഇതെല്ലാം ഒരു ഒഴികഴിവാണ്. നിങ്ങളുടെ മറുപടി ആദ്യം വന്നുകഴിഞ്ഞു. അത് ഞാൻ വായിച്ചുകഴിഞ്ഞു. എന്റെ അഭിപ്രായത്തിൽ ഇതൊരു കാരണമല്ല. ഇതൊരു ഒഴികഴിവാണ്. നിങ്ങൾ വിവരങ്ങൾ ശേഖരിക്കുമ്പോൾ ആ സമയത്ത് ഇവിടെത്തന്നെ വിവാഹം കഴിക്കണോ വേണ്ടയോ എന്ന കാര്യം എന്തുകൊണ്ട് എഴുതിക്കുന്നില്ല? നിങ്ങളുടെ വിവരങ്ങൾ ഇവിടത്തന്നെ ഇരിക്കണോ അതോ കേന്ദ്രത്തിലയക്കണോ എന്ന് എന്തുകൊണ്ട് ചോദിക്കുന്നില്ല? അപ്പോൾ സെക്രട്ടറി രശ്തഃ നാത്വഃ പറഞ്ഞു: ഞങ്ങൾ ഒരു കോളം ഉണ്ടാക്കിയിട്ടുണ്ട്. അത് ആളുകൾ പൂരിപ്പിക്കുന്നില്ല. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത് നിങ്ങളുടെ പ്രസിഡണ്ടുമാർ പ്രവർത്തനനിരതരാകുമ്പോഴാണ് നടക്കുക. ബന്ധപ്പെട്ട രശ്തഃ നാത്വഃ സെക്രട്ടറിമാർ പ്രവർത്തനനിരതരാകണം. എല്ലാ തലത്തിലും ബന്ധപ്പെട്ട രശ്തഃ നാത്വഃ സെക്രട്ടറിയേയും പ്രവർത്തനനിരതമാക്കേണ്ടതും നിങ്ങളുടെ ജോലിയാണ്. നിങ്ങൾ നിങ്ങളുടെ സെക്രട്ടറിമാരെക്കൊണ്ട് എന്തുകൊണ്ട് ഈ ജോലി ചെയ്യിക്കുന്നില്ല. ഇവിടെ ജർമനിയിൽ നിങ്ങൾക്ക് എല്ലാ കാര്യങ്ങളും നിങ്ങളുടെ കൈയിൽ അമർത്തിവെക്കാനുള്ള ശീലം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. വിദ്യാസമ്പന്നരും നിരക്ഷരരുമായ എല്ലാവരുടേയും ബുദ്ധിയിൽ തങ്ങളുടെ രാജ്യത്തെ കാര്യങ്ങളാണ് അതുകൊണ്ട് തങ്ങൾ ഇവിടെ വെക്കണം എന്ന ചിന്തയാണ് പ

തിഞ്ഞിട്ടുള്ളത്. അതായത് തങ്ങൾക്ക് തങ്ങളുടെ വ്യക്തിഗതമായ അവസ്ഥ നിലനിറുത്തണമെന്ന്! അമേരിക്കയും കനഡയും നിങ്ങളേക്കാൾ വലിയ രാജ്യങ്ങളാണ്. അവിടെ ഈ ജോലി നടന്നുവരുന്നു. അവിടെനിന്ന് വിവരങ്ങൾ വന്നുകൊണ്ടിരിക്കുന്നു. പ്രവർത്തിക്കണമെങ്കിൽ നൂറുവഴികൾ സ്വീകരിക്കാവുന്നതാണ്. സാധ്യമല്ല എന്ന് മറുപടി പറയുന്നത് ശരിയല്ല. എന്റെ പക്കൽ ഇതെല്ലാം തന്ത്രങ്ങളാണ്. നിങ്ങൾ സ്വയം നിങ്ങളെ പ്രവർത്തനനിരതരാക്കുക. സ്വയം ശരിയല്ലെങ്കിൽ ജമാഅത്തിലെ ആളുകളിൽനിന്ന് എന്ത് നിങ്ങൾ സ്വീകരിക്കാനാണ്?

**സെക്രട്ടറി തഹ്‌രീകെ ജദീദ്:**

☆സെക്രട്ടറി തഹ്‌രീകെ ജദീദ് തന്റെ വകുപ്പിന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: തഹ്‌രീകെ ജദീദിൽ 34,000ന്റെ ടാർഗറ്റാണ് ഞങ്ങൾക്ക് കിട്ടിയിട്ടുള്ളത്. അത് ഞങ്ങൾ പൂർത്തിയാക്കി. അടുത്തവർഷത്തെ ടാർഗറ്റ് 35,000 ആക്കുക എന്നതാണ്.

അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ അത് പറഞ്ഞത് ആരെങ്കിലും ഒരു യൂറോ നൽകുകയാണെങ്കിൽ അല്ലെങ്കിൽ 50 സെന്റ് നൽകുകയാണെങ്കിൽ അവരിൽനിന്ന് വാങ്ങുക എന്നാണ്. എന്തായാലും പങ്കെടുക്കുന്നവരുടെ എണ്ണം വർധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആളുകൾക്ക് സാമ്പത്തികത്യാഗശീലമുണ്ടാക്കേണ്ടതാണ്. നിങ്ങൾ വലിയ വലിയ തുകകൾ വാങ്ങേണ്ട കാര്യമില്ല. പങ്കെടുക്കുന്നവരുടെ അംഗസംഖ്യ വർധിപ്പിക്കുകയാണ് വേണ്ടത്. തങ്ങൾ സാമ്പത്തികത്യാഗത്തിൽ ഭാഗഭാക്കാകണമെന്ന് ഓരോരുത്തർക്കും ബോധമുണ്ടാകണം. ജനങ്ങൾക്ക് സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യം അറിയാൻ കഴിയണം.

**സെക്രട്ടറി വസായ:**

☆അതിനുശേഷം വസിയ്യത്ത് സെക്രട്ടി തന്റെ വകുപ്പിന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: മൂസികളുടെ മൊത്തം എണ്ണം 11,589 ആണ്. അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ വസിയ്യത്ത് സെക്രട്ടറി പറഞ്ഞു: മൊത്തം വരുമാനമുള്ളവർ 14,618 ആണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതിന്റെ അർഥം നിങ്ങൾക്ക് നൽകിയിരുന്ന 50% ടാർഗറ്റ് നിങ്ങൾ പൂർത്തിയാക്കി എന്നാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങളിൽ വരുമാനമുള്ളവർ 14,000 ആണെങ്കിൽ ബാക്കിയുള്ള 18,000 ആളുകൾ വരുമാനമില്ലാത്തവരാണോ? വസിയ്യത്ത് സെക്രട്ടറി പറഞ്ഞു: മൊത്തം ചന്ദ കൊടുക്കുന്നവരുടെ എണ്ണം 19,400 ആണ്. ഇതിൽ പോക്കറ്റുമണിക്കാരും വരുമാനമുള്ളവരും പെടുന്നു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: പോക്കറ്റുമണിക്കാരുടെ ചന്ദ നിർബന്ധമല്ല. ആരെങ്കിലും വസിയ്യത്ത് ചെയ്താൽ അത് വസിയ്യത്താണ്. പക്ഷേ, പോക്കറ്റുമണി വാങ്ങുന്നവരും അല്ലെങ്കിൽ വീട്ടിലെ സ്ത്രീ, അല്ലെങ്കിൽ കുട്ടി അല്ലെങ്കിൽ ആർക്കെങ്കിലും സമ്മാനമായി കുറച്ച് കിട്ടുകയാണെങ്കിൽ അതിന് ചന്ദആം ഉണ്ടാകുകയില്ല. അവർ സമ്പാദിക്കുന്നവരല്ല. സമ്പാദിക്കുന്നവർ എന്നു പറയുന്നത് തൊഴിലെടുക്കുന്നവരാണ്. കച്ചവടം ചെയ്യുന്നവരാണ്. ഭൂമിയിടപാട് നടത്തുന്നവരാണ്. അല്ലെങ്കിൽ ഏതെങ്കിലും മാർഗത്തിൽ അവർക്ക് മാസവരുമാനമുണ്ട്. അവരിൽ വിദ്യാർഥികളും വീട്ടിലെ സ്ത്രീകളും പെടുകയില്ല. നിങ്ങൾ വിദ്യാർഥികളേയും വീട്ടിലെ സ്ത്രീകളേയും വരുമാനമുള്ളവരിൽ പെടുത്തുകയാണെങ്കിൽ അവരുടെ ഭർത്താവ് അവർക്ക് 200 യൂറോ കൊടുക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും കുട്ടിക്ക് 100 യൂറോ ലഭിക്കുകയോ ചെയ്താൽ അവർ വരുമാനമുള്ളവരിൽ പെടുകയില്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങളുടെ തജ്നീദ് 43, 44 ആയിരമാണ്. നിങ്ങൾ പറയുന്നത് അവരിൽ 14,618 വരുമാനമുള്ള അംഗങ്ങളാണെന്നാണ്. അതിന്റെ അർഥം മറ്റുള്ളവർ വെറുതെയിരുന്ന് റൊട്ടി തിന്നുന്നു എന്നാണ്.

അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ പറഞ്ഞു: അവരുടെ തജ്നീദ് 10,000 ആണ്. അവരിൽ അയ്യായിരം വരുമാനമുള്ളവരാണ്. ഇതുപോലെ സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാ പറഞ്ഞു: അവരുടെ തജ്നീദ് 5600 ആണ്. അവരിൽ വരുമാനമുള്ളവരുടെ എണ്ണം നാലായിരമാണ്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിന്റെ അർഥം 14,000ൽ ബാക്കിയുള്ള 5000 സ്ത്രീകൾ വരുമാനമുള്ളവരാണെന്നാണ്. സെക്രട്ടറി സാഹിബ് പറഞ്ഞു: അവരുടെയടുക്കലുള്ള ബഡ്ജറ്റ് അത് ജമാഅത്തുകളിൽനിന്ന് വന്നിട്ടുള്ളതാണ്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതിന്റെ അർഥം ഖുദ്ദാമുൽ അഹ്മദിയ്യാ അവരുടെ തലത്തിൽ ശരിയായി പ്രവർത്തിക്കുന്നില്ലെന്നാണ്. വരുമാനമുള്ളവർ എത്രയാണെന്ന് അവർക്കറിയില്ല എന്നാണ്. ഇപ്രകാരംതന്നെ അൻസ്വാറുല്ലായും പ്രവർത്തിക്കുന്നില്ല. എത്ര വരുമാനമുണ്ടെന്ന് അവർക്കും അറിയില്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങളുടെ പക്കലുള്ള റിപ്പോർട്ടിൽനിന്ന് ഖുദ്ദാം, അൻസ്വാറിന്റെ റിപ്പോർട്ട് ടെലി ചെയ്യപ്പെടുന്നില്ല. ഒന്നുകിൽ നിങ്ങളുടെ ഫിഗറിൽ തെറ്റുണ്ട്. അല്ലെങ്കിൽ നിങ്ങൾ രണ്ടുകൂട്ടരും പ്രവർത്തിക്കുന്നില്ല. അമീറുൽ മുഅ്മിനീൻ ജർമനി ജമാഅത്തിന്റെ തജ്നീദ് പരിശോധിച്ചു. ഇതനുസരിച്ച് ഏഴ് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം അയ്യായിരത്തിനടുത്താണെന്ന് കണ്ടു. അത്ഫാലിന്റേയും നാസിറാത്തിന്റേയും എണ്ണം 6,500 ആണ്. ഇതിനു പുറമെ വിദ്യാർഥികളുടെ എണ്ണം നാലായിരത്തിനടുത്തെത്തി. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിനു പുറമെ ലജ്നയുടെ തജ്നീദ് 13,000 ആണ്. അവരിൽനിന്ന് 20 വയസ്സുള്ള പെൺകുട്ടികളെ മാറ്റിനിറുത്തിയാൽ മറ്റുള്ളത് ഏഴായിരമാണ്. ഇപ്രകാരം എല്ലാം ചേർത്ത് ഏറ്റവും കൂടുതൽ 18,000 ആണ് അംഗസംഖ്യ. സെക്രട്ടറി സാഹിബ് എനിക്ക് നൽകിയ റിപ്പോർട്ടനുസരിച്ച് 29,000 ആണ്. ഒന്നുകിൽ ജമാഅത്തിന്റെ വ്യവസ്ഥിതി എത്രമാത്രം പ്രവർത്തനനിരതമാണെന്നാൽ എവിടെനിന്നാണ് ഈ ആളുകളെ കൊണ്ടുവരുന്നതെന്ന് ശാഖാ സംഘടനകൾക്ക് വിവരംതന്നെയില്ല. വാസ്തവത്തിൽ ശാഖാ സംഘടനകളുടെ വ്യവസ്ഥിതി ജമാഅത്തിന്റെ വ്യവസ്ഥിതിയേക്കാൾ കൂടുതൽ പ്രവർത്തനനിരതമാകേണ്ടതാണ്.

☆ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ പറഞ്ഞു:ഞങ്ങളുടെ തജ്നീദ് ഓരോ മാസവും അപ്ഡേറ്റായിക്കൊണ്ടിരിക്കുന്നുവെന്നകാര്യം ഞങ്ങൾ നാഷണൽ ആമിലായിൽ പറഞ്ഞിരുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കേണ്ട കാര്യം ജമാഅത്തിന്റെ തജ്നീദ് ശരിയാണോ തെറ്റാണോ എന്നാണ്. കാരണം ഞങ്ങൾ ഓരോ ഖാദിമുവരെയും എത്തുന്നുണ്ട്. ഞങ്ങളുടെ ബഡ്ജറ്റും ഓരോ ഖാദിമിനേയും അടിസ്ഥാനമാക്കിയാണുണ്ടാകുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങൾ എയിംസിന്റെ ഡാറ്റാ അവയോടൊപ്പം exchange ചെയ്തിട്ടുണ്ടോ? അവസാനം എയിംസിന്റെ കാർഡുകൾ verify ചെയ്തുവരുമ്പോൾ അത് ശാഖാ സംഘടനകളിൽനിന്നുതന്നെയാണ് വരുന്നത്. അപ്പോൾ പറഞ്ഞു: എയിംസ് കാർഡുകളുടെ verification ജമാഅത്തിന്റെ പ്രസിഡണ്ടിൽനിന്നാണ് വരുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങളുടെയടുക്കൽ വരുന്ന റിപ്പോർട്ടിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒപ്പും ഉണ്ടായിരിക്കേണ്ടതാണ്. അൻസ്വാറാണെങ്കിൽ അല്ലെങ്കിൽ ലജ്നയാണെങ്കിൽ ബന്ധപ്പെട്ട ശാഖാ സംഘടനകളും അത് verify ചെയ്യാൻ ഉത്തരവാദികളാണ്. അതും അവർ verify ചെയ്യണം. സ്ത്രീകളിൽനിന്നും പുരുഷന്മാരിൽനിന്നും എനിക്ക് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. സംശയിക്കപ്പെടുന്ന ചിലയാളുകളുമുണ്ട്. അത്തരം ചില കേസുകളും വരുന്നുണ്ട്. പ്രസിഡണ്ട് ഒന്നും നോക്കാതെ അനഹ്മദികളെ അല്ലെങ്കിൽ ശിക്ഷയ്ക്ക് വിധേയരായിട്ടുള്ളവർക്കുവേണ്ടി സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ട് ഞാനൊരു സിസ്റ്റമിൽ rely ചെയ്യാറില്ല. വിവിധതരത്തിലുള്ള സിസ്റ്റങ്ങളുണ്ടാക്കിയിട്ടുള്ളത് വിവിധ മാർഗങ്ങളിലൂടെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടാകുന്നതിനാണ്. അവിടെ കേന്ദ്രത്തിൽ പാക്കിസ്താനിലും ഇതുതന്നെയാണ് നടക്കുന്നത്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്വദ്ർ verify ചെയ്യാത്തിടത്തോളം അതുപോലെ ഏതെങ്കിലും അൻസ്വാറാണെങ്കിൽ സ്വദ്ർ അൻസ്വാറുല്ലാ verify ചെയ്യാത്തിടത്തോളം നാളിർ ഉമ്മൂറെ ആമായുടെ റിപ്പോർട്ടും verify ചെയ്യപ്പെടുകയില്ല. നമ്മൾ നാളിർമാരുടെമേൽ റിലേ ചെയ്യാത്തപ്പോൾ പ്രസിഡണ്ടുമാരുടെമേൽ എങ്ങനെ ചെയ്യാനാണ്? അപ്പോൾ ഈ സിസ്റ്റം ശരിയാക്കേണ്ട ആവശ്യമുണ്ട്. സ്വദ്ർ അൻസ്വാറുല്ലാ, സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ, സ്വദ്ർ ലജ്ന എന്നിവർ കൂടിയിരുന്ന് ലിസ്റ്റുകൾ verify ചെയ്യേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പ്രസിഡണ്ടുമാരെക്കുറിച്ച് നിക്കാഹിന്റെ കാര്യങ്ങളിൽ തെറ്റായി verification നടത്തിയതായിട്ട് ഒന്നും ഒറ്റയുമായിട്ടുള്ള റിപ്പോർട്ടുകളുമുണ്ട്. അവർക്ക് പിന്നീട് ശിക്ഷയും കിട്ടിയിട്ടുണ്ട്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: കേവലം ഓഫീസിൽ കസേരയിലിരുന്ന് ഒപ്പിട്ടുകൊണ്ട് തങ്ങളെ സ്വയം ജനറൽ സെക്രട്ടറിയായി മനസ്സിലാക്കുന്നതും ചൗദരിയായി തീർന്നിരിക്കുന്നുവെന്ന് കരുതുന്നതും ഒരു പ്രവർത്തനശൈലിയൊന്നുമല്ല.

**തസ്നീഫ്:** അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ പ്രസിദ്ധീകരണവകുപ്പിന്റെ ഇൻചാർജ് തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഈ വർഷം രണ്ട് ഗ്രന്ഥങ്ങളുടെ പ്രിന്റിംഗ് നടന്നു. ഒന്ന് പ്രിന്റ് ചെയ്തുവന്നു. ഒന്ന് വരാനുണ്ട്. ആ ഗ്രന്ഥത്തിന്റെ ലേഔട്ട് നടന്നുകൊണ്ടിരിക്കുകയാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു ശരി.

**അഡീഷണൽ സെക്രട്ടറി മാൽ:**

അഡീഷണൽ സെക്രട്ടറിമാൽ തന്റെ വകുപ്പിന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ബഡ്ജറ്റ് തുടങ്ങിയവയുടെ തയ്യാറെടുപ്പുമായി ബന്ധപ്പെട്ട് എല്ലാ മാൽ സെക്രട്ടറിമാരുമായും ബന്ധപ്പെട്ടുവരുന്നു. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ബഡ്ജറ്റ് ഉണ്ടാക്കുമ്പോൾ മാൽ സെക്രട്ടറി ഓരോ വ്യക്തിയുടേയും വീട്ടിലെത്തേണ്ടതാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: യഥാർഥ കാര്യം സാമ്പത്തികത്യാഗത്തിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കുക എന്നത് സെക്രട്ടറി തർബിയത്തിന്റെ ജോലിയാണ്. ജനങ്ങൾക്ക് സാമ്പത്തികത്യാഗത്തിന്റെ ബോധമുണ്ടാക്കണം. ത്യാഗത്തിന്റെ ബോധമുണ്ടായാൽ മറ്റുള്ളതെല്ലാം സ്വയമേവ ശരിയായിക്കൊള്ളും.

**സെക്രട്ടറിമാൽ:** അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ തങ്ങളുടെ പക്കൽ Individual budget assessment ഫാറം ഉണ്ടെന്ന്മാൽ സെക്രട്ടി പറഞ്ഞു.

അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ മാൽ സെക്രട്ടറി പറഞ്ഞു: ഇവിടെ ജർമനിയിൽ minimum wages 884 യൂറോ ആണ്. ഇത് കുറവാണെന്ന് തോന്നുന്നു. ആളുകൾ യഥാർഥ വരുമാനമനുസരിച്ച് ബഡ്ജറ്റ് എഴുതിപ്പിക്കുന്നില്ല. ലാസ്മി ചന്ദകൾ യഥാർഥ വരുമാനത്തിനനുസരിച്ച് എഴുതിക്കേണ്ട ആവശ്യമെന്താണെന്ന് ജമാഅത്തംഗങ്ങൾക്ക് പറഞ്ഞുകൊടുക്കാൻ ഇപ്പോൾ ഞങ്ങൾ പ്ലാൻ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത ആമിലാമീറ്റിംഗിൽ ഞങ്ങൾ ഈ പ്ലാൻ അവതരിപ്പിക്കുന്നതായിരിക്കും. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: തങ്ങളുടെ സാമ്പത്തിക അവസ്ഥ



EDITOR
H.Shamsuddin
Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP- 44/2017-2019 Vol-2 Thursday 28 September 2017 Issue-39

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

കാരണത്താൽ ചന്ദ കൊടുക്കാൻ കഴിയാത്തവർ തങ്ങൾക്ക് ചന്ദ കൊടുക്കാൻ കഴിയുകയില്ലെന്ന് പറയേണ്ടതാണ്. പക്ഷേ തങ്ങൾക്ക് ഇത്ര വരുമാനമുണ്ടെന്ന് പറയാതിരിക്കുന്നത് തെറ്റാണ്. അത്തരക്കാരുടെ വരുമാനത്തിൽ അനുഗ്രഹവുമുണ്ടാകുകയില്ല. തർബിയത്ത് സെക്രട്ടറിയും മാൽ സെക്രട്ടറിയും പറയുക; പ്രസിഡണ്ടുമാർ വ്യക്തിപരമായനിലയിലും പറഞ്ഞുകൊണ്ടിരിക്കുക. ചന്ദ ഏതെങ്കിലും വിധത്തിലുള്ള ടാക്സ് അല്ല. അത് വാങ്ങിയേ അടങ്ങൂ എന്ന നിർബന്ധമൊന്നുമില്ല. പക്ഷേ, വരവ് മറച്ചുവെക്കാൻ പാടില്ല. മറച്ചുവെച്ചാൽ അതിൽ ബർക്കത്ത് അവസാനിച്ചുപോകും. കൊടുക്കാൻ കഴിയില്ലെങ്കിൽ പറയുക, തങ്ങൾക്ക് ഇത്ര കൊടുക്കാൻ കഴിയില്ല. ഇത്രയേ കൊടുക്കാൻ കഴിയൂ എന്ന്. എഴുതി അനുവാദം വാങ്ങുന്നത് നന്നായിരിക്കും. എനിക്ക് ധാരാളം കത്തുകൾ വരാറുണ്ട്. തങ്ങൾക്ക് ഇത്ര ചന്ദ കൊടുക്കാൻ കഴിയില്ലെന്നും ചന്ദ മാപ്പാക്കണമെന്നും അല്ലെങ്കിൽ തോത് കുറക്കണമെന്നും പറഞ്ഞിട്ട് ജർമനിയിൽനിന്നും വരുന്നുണ്ട്.

**സെക്രട്ടറി തഅ്ലീം:** സെക്രട്ടറി തഅ്ലീം തന്റെ വകുപ്പിന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: അമീറുൽ മുഅ്മിനീന്റെ നിർദ്ദേശമനുസരിച്ച് അടുത്ത അഞ്ചുമുതൽ 10 വയസ്സുവരെയുള്ള വിദ്യാർഥികൾക്ക് ഗൈഡ് ചെയ്യാനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരികയാണ്. അതിനുള്ള പ്ലാൻ തയ്യാറാക്കിയിരിക്കുന്നു. അമീർ സാഹിബിന് അയച്ചുകൊടുത്തിരുന്നു. അപ്പോൾ അമീർ സാഹിബ് കുറച്ച് അഭിപ്രായങ്ങൾ നൽകി. അതനുസരിച്ച് ഞങ്ങൾ പ്ലാൻ ചെയ്തുവരികയാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: എന്നെ കാണാൻ വരുന്ന മിക്ക കുട്ടികളും പറയുന്നത് തങ്ങൾ പത്തുവരെ പഠിച്ച് പഠിപ്പ് ഉപേക്ഷിച്ചുവെന്നാണ്. ജോലി ചെയ്യുന്നുവെന്നാണ്. ടാക്സി ഓടിക്കുന്നുവെന്നാണ്. അല്ലെങ്കിൽ പിതാവിനോടൊപ്പം ജോലിയെടുക്കുന്നുവെന്നാണ്. പക്ഷേ പെൺകുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് രശ്തഃനാത്വഃക്കാർ പറയുന്നു ബന്ധം മാച്ചാകുന്നില്ല എന്ന്. കാരണം ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിലേക്ക് ശ്രദ്ധ വളരെ കുറവാണ്. പെൺകുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു. പെൺകുട്ടികൾ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തങ്ങൾ ദുൻയാവിനെക്കാൾ ദീനിനെ മുന്തിച്ചുകൊണ്ട് അഹ്മദികളെതന്നെ വിവാഹം കഴിക്കണമെന്ന് പറയുന്നതിനുപകരം തങ്ങളുടെ ഡിമാന്റുകൾ ധാരാളമായി കൂട്ടുന്നു. വാസ്തവത്തിൽ ചെറിയ ചെറിയ കുറവുകൾ സ്വീകരിച്ചുകൊണ്ട് വിവാഹബന്ധം ഉറപ്പിക്കാൻ കഴിയും. അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതുകൊണ്ട് ഖുദ്ദാമുൽ അഹ്മദിയ്യായും ഈ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിലേക്ക് കൂടുതൽ ശ്രദ്ധപതിപ്പിക്കുക. വിവാഹബന്ധങ്ങളുടെ പ്രശ്നങ്ങൾ അവസാനിക്കുന്നതിന്! അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങളുടെ പക്കൽ എല്ലാ ഡാറ്റകളും ഉണ്ടായിരിക്കേണ്ടതാണ്. എത്ര വിദ്യാർഥികളുണ്ട്? അവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളുടെ ഡാറ്റ എന്തായാലും ഉണ്ടാകും. കാരണം സ്റ്റുഡന്റ്സ് അസോസിയേഷന്റെ സഹായം അവർക്ക് ലഭിക്കുന്നു. പക്ഷേ, താഴെക്കിടയിലുള്ള വിദ്യാർഥികളുടെ ഡാറ്റ ലഭ്യമാകുന്നില്ല. താഴെക്കിടയിലുള്ളവരെ നമ്മൾ സംരക്ഷിക്കേണ്ടതാണ്. അത് നിങ്ങളുടെ നിർബന്ധകടമയാണ്. സെക്രട്ടറി തഅ്ലീമിന്റെ ജോലി യൂണിവേഴ്സിറ്റി വിദ്യാർഥികളെ മാത്രം സംരക്ഷിക്കുക എന്നതല്ല. മറിച്ച് പ്രൈമറി തലം മുതൽ മുയശസ്സ്വൈല വരെ പിന്നീട് ആർബിച്ചർ മുതൽ യൂണിവേഴ്സിറ്റിവരെ എല്ലാവരേയും സംരക്ഷിക്കേണ്ടതാണ്. കുട്ടിക്കാലം മുതലേ പഠിത്തത്തിലേക്ക് ശ്രദ്ധ തിരിക്കുക. അവരെ പ്രോത്സാഹിപ്പിക്കുക. മാതാപിതാക്കൾ പഠിച്ചവരല്ലെങ്കിൽ അവരുടെ കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുക. ബന്ധപ്പെട്ട തഅലീം സെക്രട്ടറിമാരും ബന്ധപ്പെട്ട പ്രസിഡണ്ടുമാരും പ്രവർത്തകസമിതി അംഗങ്ങളും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ വരുംതലമുറ ഉത്തമരായിരിക്കുന്നതാണ്. വെറും നിങ്ങളുടെ അവസ്ഥയിൽമാത്രം ചിന്തിക്കാതിരിക്കുക. വരുംതലമുറയെക്കുറിച്ചും ചിന്തിക്കുക. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ ആദ്യം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ഗൾഗത്ത്, സക്കർ തുടങ്ങിയ സ്ഥലങ്ങളിലെ ആഗാഖാനി പെൺകുട്ടികൾ ധാരാളം പഠിച്ചവരാണ്. പക്ഷേ, അവർ വിദ്യാഭ്യാസം കുറഞ്ഞ ആൺകുട്ടികളെ വിവാഹം കഴിച്ചുകൊണ്ടിരിക്കുന്നത് തങ്ങളുടെ തലമുറ നശിക്കാതിരിക്കാനാണ്. നമ്മുടെ പെൺകുട്ടികളും ത്യാഗം ചെയ്യേണ്ടതാണ്. ആൺകുട്ടികളും മുമ്പത്തേക്കാളേറെ പഠിക്കേണ്ടതാണ്. ഒന്നാമത്തെ കാര്യം ഇവിടെ പഠിക്കാനുള്ള സൗകര്യമുണ്ട്. അലഞ്ഞുതിരിഞ്ഞ് നടക്കുന്നതിന് പകരം പഠിക്കുക. ഖുദ്ദാമുൽ അഹ്മദിയ്യാ തർബിയത്ത് വിഭാഗം ഇതുസംബന്ധമായി പറഞ്ഞുകൊടുക്കുക. ആൺകുട്ടികൾക്ക് അലഞ്ഞുതിരിഞ്ഞു നടക്കുന്ന ശീലം പതിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അതിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമെതിരെ പരാതികൾ ഉണ്ടാകുന്നു. പെൺകുട്ടികൾ ആൺകുട്ടികൾക്കെതിരെ പരാതിപെടുന്നു. മെല്ലെ മെല്ലെ ഈ പ്രശ്നങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ഇവരെ സംരക്ഷിക്കുന്നില്ലെങ്കിൽ കൃത്യമായ പ്രോഗ്രാമുകൾ ഉണ്ടാക്കുന്നില്ലെങ്കിൽ ഈ പ്രശ്നങ്ങൾ വർധിച്ചുകൊണ്ടേപോകും.

**സെക്രട്ടറി വഖ്ഫെ ജദീദ്:** അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി വഖ്ഫെ ജദീദ് പറഞ്ഞു: വഖ്ഫെ ജദീദിൽ ചേർന്നിട്ടുള്ളവരുടെ എണ്ണം 28,800 ആണ്. ഇതിൽ വർദ്ധനയുണ്ടാകേണ്ടതാണെന്ന് അമീറുൽ മുഅ്മിനീൻ പറഞ്ഞു. പ്രത്യേകിച്ചും നവഅഹ്മദികളെ ഇതിൽ ചേർക്കുക.

*(തുടരും) ബദർ പത്രം, 2017, ജൂലൈ 6.)*

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**പേജ് 1ൽ നിന്ന്**

ഹദ്റത്ത് നബി(സ) തിരുമേനി വഫാത്തായപ്പോൾ സ്വഹാബാക്കൾ വ്യാകുലചിത്തരായി ഉന്മാദരെപ്പോലെയായിത്തീർന്നു. അപ്പോൾ ഹദ്റത്ത് ഉമർ(റ)തന്റെ വാൾ ഉയർത്തിപ്പിടിച്ച് ആരെങ്കിലും തന്റെ ജീവൽപ്രഭുവായ മുഹമ്മദ് നബി(സ) മരണപ്പെട്ടുവെന്ന് പറയുകയാണെങ്കിൽ അയാളെ ശിരച്ഛേദം ചെയ്തുകളയുന്നതാണെന്ന് പറഞ്ഞു. ആ വിചാരവിജ്രംഭിതാവസ്ഥയിൽ അല്ലാഹു ഹദ്റത്ത് അബൂബക്കറിന് വിശേഷജ്ഞാനവും പ്രകാശവും നൽകുകയും അദ്ദേഹം എല്ലാവരേയും ഒരുമിച്ചുകൂട്ടി വിശുദ്ധഖുർആനിലെ വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻ ഖബ്ലിഹിർറുസുൽ മുഹമ്മദ് ഒരു നബി മാത്രമാണ്. അദ്ദേഹത്തിന് മുമ്പേയുള്ള എല്ലാ റസൂൽമാരും ചരമഗതിയടഞ്ഞിരിക്കുന്നു എന്ന വചനം ഓതിക്കേൾപ്പിക്കുകയുമുണ്ടായി. ഹദ്റത്ത് നബി(സ)തിരുമേനിയുടെ വഫാത്തിൽ ഹദ്റത്ത് അബൂബക്കർ(റ) ഈ ആയത്ത് എന്തിനോതി? അദ്ദേഹത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നു? നബി(സ)തിരുമേനിയുടെ വിയോഗത്തിൽ സ്വഹാബാക്കളുടെ ഹൃദയങ്ങൾ കഠിനമായി വിരഹവേദന അനുഭവിക്കുകയും അദ്ദേഹത്തിന്റെ മരണം അകാലത്തായിപ്പോയെന്നു കരുതുകയും ചെയ്തിരുന്നു. ആ അവസരത്തിൽ ഹദ്റത്ത് അബൂബക്കർ(റ) പ്രസ്തുത ആയത്തോതിയപ്പോൾ അവർക്ക് ആശ്വാസമുണ്ടായി. ഹദ്റത്ത് ഈസാനബി(അ) മരിക്കാതെ ജീവനോടുകൂടിയുണ്ടെന്ന വിശ്വാസം അവർക്കുണ്ടായിരുന്നെങ്കിൽ അവരൊക്കെ അവിടെതന്നെ മരിച്ചുവീഴുമായിരുന്നു. കാരണം നബി(സ)തിരുമേനിയിൽ അനുരക്തരായ അവർക്ക് അദ്ദേഹത്തെ കൂടാതെ മറ്റാരുംതന്നെ മരിക്കാതെ ജീവനോടെയുണ്ടെന്ന് വിശ്വസിക്കുവാൻ സാധിച്ചിരുന്നില്ല. ആ സ്ഥിതിയിൽ ഹദ്റത്ത് നബി(സ)തിരുമേനി മരിച്ചതായി സ്വയം അവർക്ക് കാണുവാൻ സാധിക്കുകയും ഈസാനബി(അ) മരിക്കാതെ ആകാശത്തിൽ ജീവിക്കുകയും ചെയ്യുക എന്നത് അവർക്കെങ്ങനെ സഹിക്കുവാൻ സാധിക്കും? സ്വഹാബാക്കൾ തദവസരത്തിൽ ഈ ആയത്ത് അന്നാണ് ഇറങ്ങിയതെന്ന് തോന്നുമാറ് തെരുവുകളിൽ ഈ വചനം ഉരുവിട്ടുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്(റ) ഒരു വിലാപകാവ്യം ആലപിക്കുകയുണ്ടായി.

*കുൻത സ്സവാദ ലി നാളിരീ*
*ഫഅമിയ അലയ്ക്കന്നാളിറു*
*മൻശാഅ ബഅ്ദക്ക*
*ഫൽയമുത്ത് ഫ അലയ്ക്ക*
*കുൻതു ഉഹാദിറു*

അങ്ങുന്നെന്റെ കൺമണിയായിരുന്നു. അങ്ങയുടെ വിയോഗം നിമിത്തം എന്റെ കണ്ണുകൾ അന്ധയായിപ്പോയി. അങ്ങയ്ക്കുശേഷം ആരെങ്കിലും മരണപ്പെട്ടുകൊള്ളട്ടെ. എന്റെ ഭയം അങ്ങയെക്കുറിച്ച് മാത്രമായിരുന്നു.(ലക്ചർ ലുധിയാന, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 258–262)

## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | **Carcinosin CM** |
| *രണ്ടാമത്തെ ആഴ്ച* | **Radium Bromide CM** |
| *മൂന്നാമത്തെ ആഴ്ച* | **Carcinosin CM** |
| *നാലാമത്തെ ആഴ്ച* | **Radium Bromide CM** |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin